XVI നിയമനിർമ്മാണകാര്യം

2006-ലെ കേരള ധനകാര്യ ബിൽ, 2006-ലെ കേരള ധനവിനിയോഗ ബിൽ, 2006-ലെ കേരള ധനവിനിയോഗ (2 മുതൽ 15 വരെയുള്ള) ബില്ലുകൾ, 2006-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവയുടെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2006-ലെ കേരള ധനകാര്യ ബിൽ, 2006-ലെ കേരള ധനവിനിയോഗ ബിൽ, 2006-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (3-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (4-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (5-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (6-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (7-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (8-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (9-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (10-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (11-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (12-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (13-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (14-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (15-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2006-ലെ കേരള ധനകാര്യ ബിൽ, 2006-ലെ കേരള ധനവിനിയോഗ ബിൽ, 2006-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (3-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (4-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (5-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (6-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (7-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (8-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (9-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (10-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (11-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (12-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (13-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (14-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (15-ാംനമ്പർ) ബിൽ, 2006-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിരപ്പൻകോട് മുരളി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം മുതൽ വെല്ലുവിളികളും എതിർ വെല്ലുവിളികളും കഥകളും ഉപകഥകളുമെല്ലാമായി ഈ സമ്മേളനം മുന്നേറുകയാണ്. ഈ സഭയുടെ അവസാന ദിവസത്തെ ആ വെല്ലുവിളികളുടേയും എതിർ വെല്ലുവിളികളുടേയും പശ്ചാത്തലത്തിൽ ഒരു ചെറിയ പ്രതികരണം എന്റേതായി ഞാനും സമർപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 18 വയസ്സുമുതൽ 61 വയസ്സുവരെ ഇരുന്നിട്ടും ആരും കല്യാണം കഴിക്കാത്ത ഒരു ചൊവ്വാദോഷക്കാരി 61-ാം വയസ്സിൽ തന്റെ ചൊവ്വാദോഷം മാറുമെന്നും അപ്പോൾ ഒരു ഉത്തമ പുരുഷൻ എന്നെ കല്യാണം കഴിക്കുമെന്നും ഞാൻ ഒരു സുന്ദരക്കുട്ടനെ പ്രസവിക്കുമെന്നും ഒക്കെ വീമ്പിളക്കുകയോ സമാശ്വസിക്കുകയോ ചെയ്യുന്നതുപോലെയാണ് ഈ കണ്ട തെരഞ്ഞെടുപ്പുകളിലെല്ലാം തോറ്റെങ്കിലും 2006-ലെ തെരഞ്ഞെടുപ്പിൽ ജയിക്കും; ഞങ്ങൾ ഭരിക്കും എന്നൊക്കെ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. അദ്ദേഹത്തിന്റെ പ്രായത്തെപ്പോലും മറന്ന് അദ്ദേഹം തുള്ളിച്ചാടുന്നത് സഹിക്കാൻ വയ്യാത്ത ഒരവസ്ഥയാണ്. എന്നാൽ ബുദ്ധിമാനായ ശ്രീ. വക്കം ഒരുകാര്യംകൂടി പറഞ്ഞു ഞാൻ ഇനി മൽസരത്തിനില്ലെന്ന്. അപ്പോൾ മനസ്സിലായിരിക്കുമല്ലോ വിജയത്തിന്റെ ഉറപ്പ് എന്താണെന്നുള്ളത്. ചുമ്മാ ചവയ്ക്കുന്ന അമ്മൂമ്മയ്ക്ക് ഒരുപിടി അവൽകൂടി കിട്ടിയാൽ എങ്ങനെയിരിക്കും? അപ്പോൾ ജയിക്കാൻ എന്തെങ്കിലും ഒരു സാദ്ധ്യതയുണ്ടെങ്കിൽ വക്കംജി മൽസരിക്കാതിരിക്കുമെന്ന് നമുക്ക് ഒരിക്കലെങ്കിലും തെറ്റിദ്ധാരണയുണ്ടാകുമോ? എങ്ങനെയാണ് യു.ഡി.എഫ് ഗവൺമെന്റ് ജയിക്കുക? അദ്ദേഹം പറയുന്നത് അദ്ദേഹത്തിന്റെ മാജിക് ബഡ്ജറ്റ് കൊണ്ടാണ് ജയിക്കുന്നതെന്നാണ്. മാജിക് എന്നാൽ കൺകെട്ട് എന്നാണ് അർത്ഥം. ഇല്ലാത്ത ഒന്നിനെ ഉണ്ടെന്ന് തോന്നിക്കലാണ് മാജിക്. മാജിക്കുകാരൻ മാമ്പഴം തന്നാൽ അത് മാമ്പഴമാകില്ല; മാമ്പഴമെന്ന തോന്നൽ മാത്രമാകും. അത് കഴിച്ചാൽ വിശപ്പ് അടങ്ങുമോ. ഇവിടെ ശ്രീ. വക്കം പുരുഷോത്തമൻ തന്നെ പറയുന്നു തന്റെ ബഡ്ജറ്റ് മാജിക് ബഡ്ജറ്റാണെന്ന്. അതായത് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതൊന്നും യാഥാർത്ഥ്യമല്ല. വോട്ടിൽ കണ്ണുവച്ച് ജനങ്ങളുടെ കണ്ണിൽ മണ്ണിടാനുള്ള ഒരു പരിപാടി മാത്രം. ഇത് തിരിച്ചറിയാനുള്ള വിവേകം കേരളീയർക്ക് ഇല്ലെന്നാണ് അങ്ങും ഭരണ കക്ഷിയിലെ ബുദ്ധിരാക്ഷസൻമാരും കരുതുന്നതെങ്കിൽ തെറ്റിപ്പോയി. പിന്നെ ജയിക്കുമെന്ന് ഇവർ കണക്കുകൂട്ടുന്നത് എന്ത് അടിസ്ഥാനത്തിലാണ്? ബഹുമാനപ്പെട്ട കെ. ശങ്കരനാരായണനോട് എനിക്ക് വളരെ ബഹുമാനമാണ്. അദ്ദേഹം സാത്വികനായ ഒരു മനുഷ്യനാണ്. അദ്ദേഹം നാലഞ്ച് ദിവസങ്ങൾക്ക് മുൻപ് പറഞ്ഞു എൽ. ഡി. എഫ്. ജയിക്കാൻ കാരണം ഞങ്ങളുടെ കുടുംബത്തിൽ ഒരു നിത്യ ശല്യക്കാരൻ കാരണവരുണ്ട്; അതുകൊണ്ടാണെന്നാണ്. ആ കാരണവരും മകനും ഇപ്പോൾ എൽ. ഡി. എഫ്.-ന്റെ കൂടെയാണ്; അദ്ദേഹം എവിടെ കൂടുന്നുവോ അവിടെ നശിക്കുമെന്നാണ് പറഞ്ഞത്. ഞാനല്ല പറഞ്ഞത്, ബഹുമാനപ്പെട്ട കെ. ശങ്കരനാരായണനാണ് ഇങ്ങനെ പറഞ്ഞത്. എൽ.ഡി.എഫ്-ന്റെ വേലിക്കുപുറത്താണ് ഇപ്പോൾ അദ്ദേഹം. വേലിക്ക് പുറത്തിറങ്ങിയപ്പോൾത്തന്നെ ഇവിടെ അന്തഃഛിദ്രം തുടങ്ങി. അതുകൊണ്ട് അദ്ദേഹം ഒരു ഉപദേശവും തന്നു;

ഞാൻ എൽ.ഡി.എഫ് കാരോട് പറയുകയാണ് ദയവുചെയ്ത് അദ്ദേഹത്തെ അകത്ത് കയറ്റരുത്; നിങ്ങൾ കുഴപ്പത്തിലാകും എന്ന്. പക്ഷെ ശ്രീ. കെ. ശങ്കരനാരായണൻ, ഇപ്പോൾ ആ കാരണവരും മകനും പായും ചുരുട്ടി അങ്ങോട്ട് വന്നിട്ടുണ്ട്. അദ്ദേഹത്തെ കയറ്റുകയോ കയറ്റാതിരിക്കുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം. പക്ഷെ അദ്ദേഹം പടിയിറങ്ങിയപ്പോൾ ശക്തികൂടിയെങ്കിൽ ഇപ്പോൾ തിരിച്ച് അങ്ങോട്ട് വരുമ്പോൾ ശക്തി കൂടുമോ കുറയുമോ എന്ന കാര്യം നിങ്ങൾ ആലോചിക്കുക. ഇപ്പോൾ ഏതായാലും രണ്ടുമൂന്ന് ദിവസംകൊണ്ട് ഒരു ജീവനുണ്ട്. ഞങ്ങൾ നൂറ് സീറ്റും പിടിക്കുമെന്നൊക്കെ പറയുമ്പോൾ അതിന്റെ അടിസ്ഥാനമെന്നു പറയുന്നത് ഇതാണെന്നാണ് എനിക്ക് ഒന്നാമതായി പറയാനുള്ളത്. പിന്നെ ശ്രീ. കെ. ശങ്കരനാരായണൻ ഒരു കാര്യംകൂടി പറഞ്ഞു; കോൺഗ്രസ്സുകാർ ചതിയിൽ കളവ് കാണിക്കുന്നവരല്ലെന്ന്. നല്ല ശുദ്ധമായ ചതിയേ കാണിക്കുകയുള്ളു. അദ്ദേഹം പറഞ്ഞ വാക്കാണ്. ശ്രീ. വക്കം പുരുഷോത്തമന്റെ മാജിക് ബഡ്ജറ്റും ശ്രീ. കെ. ശങ്കരനാരായണന്റെ പഴയ കാരണവരുടെ അങ്ങോട്ടും ഇങ്ങോട്ടുമുള്ള പോക്കിനെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും എല്ലാം കഴിഞ്ഞ് നമ്മുടെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എം. എം. ഹസ്സൻ ബഡ്ജറ്റ് ചർച്ച ഉപസംഹരിച്ചത് കുരുക്ഷേത്രത്തിൽ കാണാമെന്നുള്ള പോർവിളിയോടെയാണ്. കുരുക്ഷേത്രത്തിലേയ്ക്ക് പോർവിളിക്കുമ്പോൾ അദ്ദേഹം മനസ്സിലാക്കിയോയെന്നറിയില്ല; ശ്രീകൃഷ്ണന്റെ സമാധാന ദൗത്യത്തെപ്പോലും തിരസ്ക്കരിച്ച് പാണ്ഡവരെ കുരുക്ഷേത്ര യുദ്ധത്തിന് ക്ഷണിച്ചത് നൂറുപേരാണ്. ആ യുദ്ധ സമാപ്തിയിൽ എന്താണ് സംഭവിച്ചതെന്ന് ബഹുമാനപ്പെട്ട എം.എം. ഹസ്സൻ ഓർമ്മിക്കുന്നില്ല. പ്രിയസുഹൃത്തിന്റെ വാക്കുകൾ അന്വർത്ഥമാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. മറ്റൊന്ന് ഉത്തരാസ്വയംവരത്തിലെ ഉത്തരനെ അറിയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. വിരാട രാജ്യത്ത് അജ്ഞാതവാസം കഴിഞ്ഞ കാലത്ത് അദ്ദേഹത്തെ കണ്ടുപിടിക്കാൻ വേണ്ടി നൂറുപേരും അദ്ദേഹത്തിന്റെ പശുക്കളെ മോഷ്ടിക്കാൻ ശ്രമിച്ചു. അപ്പോൾ വിരാട രാജാവിന്റെ മകൻ ഉത്തരൻ പറഞ്ഞു അർജ്ജുനനെപ്പോലെ എനിക്ക് ഒരു തേരാളിയുണ്ടായിരുന്നെങ്കിൽ ഞാൻ യുദ്ധം മുഴുവൻ ജയിച്ചുതരാമെന്ന്. അപ്പോൾ അർജ്ജുനൻതന്നെ അവിടെയുണ്ടായിരുന്നു. അദ്ദേഹം തേര് പിടിച്ചുകെട്ടി കൊണ്ടുപോയി. യുദ്ധഭൂമിയിൽ വന്നപ്പോൾ എന്റെ അമ്മയെ കാണണം; എന്റെ അച്ഛനെ കാണണം എന്നു പറഞ്ഞ് തിരിച്ചോടി. ബഹുമാനപ്പെട്ട ഹസ്സൻ ആ ഉത്തരനെപ്പോലെ ആകാതിരിക്കട്ടെയെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്ത് നേടാനാണ് കേരളീയർ യു.ഡി.എഫ് ഗവൺമെന്റിനെ തെരഞ്ഞെടുക്കേണ്ടത്? വികസനമെന്ന ഒരു അജണ്ടയെയുള്ളുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴും പറയുന്നത്. വികസനം നടത്തി നടത്തി കഴിഞ്ഞ നാല് തെരഞ്ഞെടുപ്പുകളിൽ ആ വികസനത്തെ ജനങ്ങൾ അംഗീകരിച്ച് മുദ്രകുത്തിക്കൊടുത്തിട്ടുള്ളതാണ്. ഒരു ചെറിയ കാര്യം മാത്രം പറഞ്ഞുകൊള്ളട്ടെ. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനെ ഞാനൊരു സ്കൂൾകുട്ടി ആയിരുന്ന കാലം മുതൽ അറിയുന്നതാണ്. അദ്ദേഹം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസനം എത്ര വലുതാണപ്പാ. വികസനം നടത്തി നടത്തി കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റു.

GPM.2/571/2015—42

LIBRARY ARCHIVES Kerala Legislative Assembly

ആറ്റിങ്ങലിൽ ഒരു പഞ്ചായത്തിൽപ്പോലും ജയിച്ചിട്ടില്ല. അദ്ദേഹത്തിനറിയാമല്ലോ ഇപ്പോൾ ഏതെങ്കിലും ഒരു പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ ജയിക്കാൻ സാധിച്ചോ? ഏറ്റവും ഒടുവിൽ വക്കം ഫാർമേഴ്സ് ബാങ്കിലെ തെരഞ്ഞെടുപ്പായിരുന്നു. സർവ്വ കൃത്രിമവും കാണിച്ചിട്ടും വക്കം ഫാർമേഴ്സിൽ എൽ.ഡി.എഫ്. ജയിച്ചു. കണ്ടാലും മനസ്സിലാക്കാത്ത, കൊണ്ടാലും മനസ്സിലാക്കാത്ത കൂട്ടരോട് എന്ത് പറയാനാണ്. ഇത് കേരളമാണ്. അടിയന്തിരാവസ്ഥയുടെ ഇരുണ്ട നാളുകളെപ്പോലും അതിജീവിച്ചവരാണ് ഇവിടത്തെ ജീവനക്കാരും യുവാക്കളും തൊഴിലാളികളും. പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ കേരളത്തിൽ ഇതപര്യന്തം ഏതെങ്കിലും ജീവനക്കാരെ എന്നെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ? പട്ടംതാണുപിള്ള സാർ പോലും മലയാറ്റൂർ രാമകൃഷ്ണനെ ഉദ്യോഗത്തിൽ കയറ്റാൻ ഏത് വൈകുണ്ഠം പരമേശ്വരൻ വന്നാൽപ്പോലും കയറ്റില്ലെന്ന് പറഞ്ഞിട്ട് അവസാനം surrender ചെയ്യേണ്ട ഒരവസ്ഥ വന്നു. പക്ഷെ ദേശീയ പണിമുടക്കിൽ പങ്കെടുത്തതിന് ഏഴ് ജീവനക്കാരെ പിരിച്ചുവിട്ടു. വളരെ മോശമായിപ്പോയി. ഓർഡറിന്റെ കാര്യമൊന്നും പറയണ്ട. ഓർഡർ നേരത്തേയും ഉണ്ടായിരുന്നല്ലോ. ഒരു കത്തിയുണ്ടാക്കിയതുകൊണ്ട് ആ കത്തി ആളെ കുത്താനാണെന്ന് ധരിക്കാമോ? 2003-ലാണ് നിങ്ങൾ ഓർഡർ ഭേദഗതി ചെയ്തത്. ഒരു ഓർഡർ ഉണ്ടായിരിക്കട്ടെ പക്ഷെ ആരെയെങ്കിലും സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ? . അപ്പോൾ തോക്ക് ഉണ്ടാക്കുന്നത് ആരേയും വെടിവയ്ക്കാനല്ല. അത് ഒരു സെക്യൂരിറ്റിക്ക് വേണ്ടിയാണ്. പക്ഷെ നിയമ ഭേദഗതി ചെയ്താൽ ജീവനക്കാരെ നിലയ്ക്ക് നിർത്താൻ ഉപയോഗിക്കണം. പക്ഷെ പ്രയോഗിക്കാനല്ല ഉപയോഗിക്കേണ്ടത്. നിയമം പലപ്പോഴും സുരക്ഷയ്ക്കുവേണ്ടി യാണ്; പ്രയോഗിക്കാൻ വേണ്ടിയുള്ളതല്ലെന്ന് നിങ്ങൾക്ക് അറിയുന്നതാണല്ലോ. പണിമുടക്കിൽ പങ്കെടുത്തതിന് രണ്ട് കേസ് വേറെയുണ്ടായിരുന്നു. ആ കേസിൽപ്പെട്ട ഫയലുകളെല്ലാം പിൻവലിച്ചു. എത്ര മാന്യമാണ് ജനാധിപത്യ പ്രക്രിയ. ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ ഒന്നാലോചിക്കണം അന്നത്തെ മുഖ്യമന്ത്രിയുടെ ഓഫീസിനുമുന്നിലിരുന്ന മെറ്റൽ ഡിറ്റെക്ടർ അടിച്ചുപൊട്ടിച്ച ചിത്രം ഞാൻ കാണിച്ചു തരാം. (ചിത്രം സഭയിൽ ഉയർത്തിക്കാണിച്ചു.)

ഇവിടെ ഇത്തരത്തിലുള്ള കരിനിയമങ്ങളാണ് പ്രയോഗിക്കുന്നത്, ഇവിടെ എത്രയോ അഴിമതി കേസ്സുകളിൽ പ്രതികളായ ആളുകൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒരു കീഴ്ക്കോടതി ശിക്ഷിച്ചാൽ മേൽക്കോടതിയിൽ പോകാൻ കഴിയുമെന്ന് അറിയാത്തവരല്ലല്ലോ നിങ്ങൾ? ജില്ലാ കോടതി സ്റ്റേ ചെയ്ത കേസ്സിലാണ് ഇപ്പോൾ പിരിച്ചുവിട്ടത് എന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. നാട്ടിലെ ഇന്നത്തെ സ്ഥിതി എന്താണ്? നിങ്ങളെ ജയിപ്പിക്കാനുള്ള ജനങ്ങളുടെ ബാധ്യത എന്താണ്?

7 P.M]

എന്റെ നാട്ടിൽ നടന്ന സംഭവത്തെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. "ഗൃഹനാഥനെ മോഷ്ടാക്കൾ ബന്ദിയാക്കി വീട്ടമ്മയുടെ കാൽ അടിച്ചൊടിച്ചു." കവർച്ചയ്ക്കെത്തിയ മുഖംമൂടി സംഘം ഭർത്താവിനെ ബന്ദിയാക്കി. മോഷണ ശ്രമം തടഞ്ഞ ഭാര്യയുടെ കാൽ അടിച്ചൊടിച്ചു. മോഷ്ടാക്കളുടെ അടിയേറ്റ് കാലൊടിഞ്ഞ മിതൃമ്മല വലിയകാട്ടിൽ ലക്ഷംവീട് കോളനിക്കു സമീപം ഭാസ്കരപിള്ളയുടെ ഭാര്യ

LIBRARY ARCHIVES Kerala Legislative Assembly

സോമവല്ലിയെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്റെ നിയോജക മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ വലിയകാട്, ഇലങ്കം, മരുതുമ്മൂട്, മടത്തുവാതിൽക്കൽ എന്നിവിടങ്ങളിൽ കഴിഞ്ഞ ദിവസം രാത്രി മോഷണ പരമ്പര അരങ്ങേറി. പോലീസിന്റെ നിസ്സംഗതയിലും മോഷണസംഘത്തിന്റെ ആക്രമണത്തിലും നാട്ടുകാർ ഭീതിയിലാണ്. എന്റെ കൈവശമുള്ള ഈ പത്രത്തിന്റെ ഒരു പേജിൽത്തന്നെയുള്ള ഹെഡ്ഡിങ് മാത്രം ഞാൻ വായിക്കാം. "കുരിശടി പള്ളിയുടെ കാണിക്കവഞ്ചി തകർത്ത് പണം കവർന്നു" "സ്ത്രീകൾ മാത്രം താമസിക്കുന്ന വീട്ടിൽ സാമൂഹ്യവിരുദ്ധ ആക്രമണം." "തോന്നയ്ക്കൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന് തീവച്ചു." ഇതാണ് ഓരോ ദിവസവും ഇവിടെ നടക്കുന്ന ക്രമസമാധാനത്തിന്റെ അവസ്ഥ. ചുരുക്കത്തിൽ നമ്മുടെ അവസ്ഥ എന്താണെന്നു ചോദിച്ചാൽ കവികൾ പാടുന്നതുപോലെ,

"എല്ലാംമറന്നൊന്നുറങ്ങിയ യാമങ്ങൾ
എന്നേയ്ക്കുമായസ്തമിച്ചുപോയി
ഇന്നിനി നമ്മിലൊരാളിന്റെ നിദ്രയ്ക്ക്
മറ്റേയാൾ കണ്ണിമ ചിമ്മാതെ കാവൽ നിന്നീടണം
ഇനി ഞാനുണർന്നിരിക്കാം നീ ഉറങ്ങുക"

ഇതാണ് സ്ഥിതി. ഇവിടുത്തെ ക്രമസമാധാനത്തെക്കുറിച്ച് നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി ഞാൻ വായിക്കാം. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എത്ര മോഷണക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; 912; ഇതിൽ കച്ചവട സ്ഥാപനങ്ങളിൽ നടന്ന മോഷണങ്ങൾ എത്ര; 77. ബാങ്ക് മോഷണ കേസ്സുകൾ എത്ര; 1. വീടുകളിൽനിന്നുള്ള മോഷണം; 362. വീടുകളിലും കച്ചവട സ്ഥാപനങ്ങളിലുമായി ഏകദേശം 2,55,13,274 രൂപയുടെ മോഷണം നടന്നിട്ടുണ്ട് എന്നാണ് പറയുന്നത്. ഇവിടെ ഇന്ന് നാടാകെ കൊള്ളയും കൊലയും കവർച്ചയും പിടിച്ചുപറിയുമാണ്. സ്ത്രീപീഡനം ഇന്ന് വാർത്തപോലുമല്ലാതായി. ലോക്കപ്പ് കൊലപാതകങ്ങൾ നിത്യസംഭവങ്ങളായി മാറുന്നു. ഇവിടെ മണൽ മാഫിയ, ചന്ദന മാഫിയ, ഗുണ്ടാ മാഫിയ, വനം മാഫിയ എന്നീ മാഫിയാ സംഘങ്ങളാണ് ഭരിക്കുന്നത്. വകുപ്പ് തലവൻമാരും മന്ത്രിമാരും ചേർന്ന് കൊള്ളമുതൽ പങ്കിടുന്നുവെന്നാണ് മുൻ ചീഫ് സെക്രട്ടറിയുടെ വെളിപ്പെടുത്തൽ. ഞാൻ ഈ തലസ്ഥാനത്തെ ഒരു പൗരനാണ്. തെക്കേ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ തിരുവനന്തപുരത്തിന്റെ ഗതി എന്താണ്? നമ്മുടെ തലസ്ഥാന വികസനത്തിന്റെ ഗതി എന്താണ്? തലസ്ഥാനത്ത് കൊട്ടിഘോഷിക്കപ്പെട്ട പ്രതീകമാണല്ലോ പാളയത്തെ അടിപ്പാത. നിലവിലുണ്ടായിരുന്ന ഗതാഗതക്കുരുക്ക് കൂട്ടാനല്ലാതെ മറ്റെന്തെങ്കിലും സഹായം ഈ അടിപ്പാതകൊണ്ട് ഉണ്ടായോ? ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് പറയുകയാണ്, എം.എൽ.എ. ഹോസ്റ്റലിനുമുന്നിലെ വാഹനങ്ങളുടെ മരണപ്പാച്ചിലിൽനിന്ന് എം.എൽ.എ.മാർപോലും രക്ഷപ്പെടുന്നത് ജാതകഫലം ഒന്നുകൊണ്ടു മാത്രമാണ്. ഇക്കാര്യം അങ്ങ് ശ്രദ്ധിക്കണം. 100 കോടിയോളം രൂപ

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കി അടിപ്പാത ഉണ്ടാക്കിയിട്ട് അവിടെ ആളുകൾ പ്രാണനുംകൊണ്ട് ഓടുകയാണ്. ആളുകൾക്ക് ഒന്ന് തിരിയാൻപോലും പറ്റാത്ത അവസ്ഥയാണ്. അത്രയ്ക്ക് ഗതികേടാണ് അടിപ്പാതയുടെ അവസ്ഥ. ഭക്ഷണം കഴിക്കാൻ പറ്റുകയില്ല. പുറത്ത് വണ്ടിയുംകൊണ്ട് പോകാൻ പറ്റുകയില്ല. കാൽനടയായി പോകാൻ പറ്റുകയില്ല. കാൽനടക്കാരുടെ യാത്ര നിരോധിച്ചിരിക്കുന്നുവെന്ന് അവിടെ എഴുതിവച്ചിട്ടുണ്ട്. അതാണ് നമ്മുടെ ഏറ്റവും വലിയ കാര്യം. മറ്റൊന്ന് ഹൈക്കോടതി ബഞ്ചിന്റെ കാര്യം. തിരുവനന്തപുരം ബാറിലെ പ്രമുഖനായ ഒരാൾ ധനകാര്യ വകുപ്പുമന്ത്രിയും അദ്ദേഹത്തിനുതന്നെ മുഖ്യമന്ത്രിയുടെ ചുമതലയുമൊക്കെ ഉണ്ടായിട്ടുപോലും തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ബഞ്ച് പെരുവഴിയിലാണ്. മറ്റ് നഗരങ്ങളെയെല്ലാം 5 കോടി രൂപകൊണ്ട് അനുഗ്രഹിച്ചപ്പോൾ തിരുവനന്തപുരം നഗരത്തെ മാത്രം അങ്ങ് കൈവെടിഞ്ഞത് ഒട്ടും ശരിയായില്ല. ഈ അവഗണനയ്ക്ക് ഒരു പരിഹാരമുണ്ടാകണമെന്നാണ് എനിക്ക് വിനയപുരസ്സരം ആവശ്യപ്പെടാനുള്ളത്. അതുപോലെ ടെക്നോസിറ്റിയുടെ കാര്യം. ടെക്നോസിറ്റിക്ക് വികസനത്തിൽ സുപ്രധാന പങ്കുണ്ട്. എന്നാൽ ടെക്നോസിറ്റി ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ സ്ഥാപിക്കാനുള്ള പിടിവാശി ഉപേക്ഷിച്ച് ജനവാസം കുറഞ്ഞ വേങ്ങോട്, വെള്ളാണിക്കൽ, പാറയ്ക്കൽ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കണം. അതായത്, കഴക്കൂട്ടം മണ്ഡലത്തിലെ പോത്തൻകോടും വാമനപുരം മണ്ഡലത്തിലെ മാണിക്കൽ പഞ്ചായത്തിലെ ബോർഡറിലുമായി സർക്കാരിന്റെ ആയിരത്തിലധികം ഏക്കർ തരിശുഭൂമി ഉണ്ട്. അവിടേയ്ക്ക് മാറ്റി ജനങ്ങളെ പ്രക്ഷോഭത്തിൽനിന്നും പിന്തിരിപ്പിക്കാനുള്ള നടപടിയുണ്ടാകണം. ഇതു സംബന്ധിച്ച് മുസ്ളീം ജമാഅത്തും തദ്ദേശവാസികളുമെല്ലാം അങ്ങേയ്ക്ക് തന്നിട്ടുള്ള നിവേദനങ്ങൾ പരിഗണിക്കണമെന്നാണ് എനിക്ക് വിനയപുരസ്സരം പറയാനുള്ളത്. ഞാൻ വെല്ലുവിളിക്കുകയല്ല; പക്ഷേ ജനങ്ങളെ വിഡ്ഢിയാക്കാമെന്ന് ആരും കരുതണ്ട. ഇന്നാട്ടിലെ പ്രബുദ്ധരായ ജനങ്ങൾ എല്ലാം അറിയുന്നവരാണ്. അവർ കേരളത്തെ പുതുക്കിപ്പണിയാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ജനങ്ങളിൽ വിശ്വസിക്കുന്നു. ജനദ്രോഹം സർവ്വനാശം എന്നത് മുദ്രാവാക്യമാക്കിയ നിങ്ങളെ ജനം ഇരുത്തേണ്ടിടത്ത് ഇരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. "യതോ ധർമ്മസ്തതോ ജയ", അത്രയേ എനിക്ക് പറയാനുള്ളൂ. ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. മോഹൻകുമാർ: സർ, ഞാൻ ഈ ബില്ലുകളെ പിന്താങ്ങുകയാണ്. എന്റെ ബഹുമാന്യനായ ജ്യേഷ്ഠ സഹോദരൻ ശ്രീ. പിരപ്പൻകോട് മുരളി വളരെ യാഥാർത്ഥ്യബോധത്തോടുകൂടി സരസമായി കാര്യങ്ങൾ അവതരിപ്പിക്കുന്നത് ഒട്ടേറെ സന്തോഷത്തോടും ആഹ്ളാദത്തോടുംകൂടി കേട്ടിരുന്നിട്ടുള്ള ഒരു സാമാജികനാണ് ഞാൻ. ഈ സഭയുടെ അവസാന ദിവസങ്ങളോട് അടുക്കുമ്പോൾ അദ്ദേഹത്തിന് ഇപ്പോൾ പക്ഷിപ്പനി ബാധിച്ചോയെന്നുള്ള സംശയം എന്റെ മനസ്സിലൂടെ കടന്നുവരികയാണ്. പക്ഷിപ്പനിക്കുപകരം പിണറായിപ്പനി ബാധിച്ച് വരാനിരിക്കുന്ന രാഷ്ട്രീയ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ടുപോകുന്നതിനു വേണ്ടി അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

മറ്റാരോ ഉപദേശിച്ചതുപോലെ യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്ത ഒരു അവതരണമാണ് ഇവിടെ നടത്തിയതെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. തിരുവനന്തപുരം നഗരത്തെക്കുറിച്ച് അദ്ദേഹം നടത്തിയ പരാമർശങ്ങൾ അവാസ്തവവും അടിസ്ഥാന രഹിതവുമാണെന്ന് നമുക്കെല്ലാവർക്കും അറിയാം.

ശ്രീ. പിരപ്പൻകോട് മുരളി: അടിപ്പാതമൂലമുണ്ടായ ഗതാഗതക്കുരുക്ക് അങ്ങ് നിഷേധിക്കുന്നുണ്ടോ?

ശ്രീ. കെ. മോഹൻകുമാർ: ബഹുമാനപ്പെട്ട മെമ്പർ അടിപ്പാതയുടെ കാര്യവുമായി ബന്ധപ്പെട്ടുണ്ടായ ഗതാഗതക്കുരുക്കിനെ മാത്രമാണ് കണ്ടത് എന്നുള്ളത് വളരെ ഖേദകരമാണ്. അടിപ്പാതയുമായി ബന്ധപ്പെട്ട് ഗതാഗതക്കുരുക്ക് ഉണ്ടായിട്ടുണ്ട് എന്നുള്ളത് വാസ്തവമാണ്. പക്ഷേ എന്തുകൊണ്ടാണ് അടിപ്പാതയുമായി ബന്ധപ്പെട്ട് ഗതാഗതക്കുരുക്ക് ഉണ്ടായത് എന്ന് അന്വേഷിക്കാൻ അദ്ദേഹം തയ്യാറാകുന്നില്ല. അദ്ദേഹംതന്നെ നയിക്കുന്ന പാർട്ടിയുടെ പ്രതിനിധിയായി മേയർ ഉൾപ്പെടെ ട്രിഡയിൽ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് അംഗങ്ങളൊക്കെ ഏകകണ്ഠമായി എടുത്ത തീരുമാനങ്ങൾ കോടതികളിലും അതുപോലെ മറ്റു പല വേദികളിലും ചോദ്യം ചെയ്യപ്പെട്ടതിനെത്തുടർന്ന് യൂണിവേഴ്സിറ്റി കോളേജ് മുതൽ രക്തസാക്ഷി മണ്ഡപംവരെ ട്രിഡ ഏറ്റെടുത്ത ഭൂമിയിൽനിന്ന് കടക്കാരെ ഒഴിപ്പിക്കുന്നതിന് കാലതാമസം ഉണ്ടായതുമൂലമാണ് ആ റോഡിൽ നാലുവരി പ്പാതയുടെ ഗതാഗതം അനുവദിക്കാൻ കഴിയാതെപോയത്. പക്ഷേ ശ്രീ. പിരപ്പൻകോട് മുരളിക്കും എനിക്കും മറ്റെല്ലാപേർക്കും അറിവുള്ളതുപോലെ വളരെ വേഗത്തിൽ ആ റോഡിൽ നാലുവരിപ്പാത പൂർത്തിയാകുന്നതോടുകൂടി വാഹനങ്ങൾ കുമാരനാശാൻ സ്ക്വയർ ചുറ്റിപ്പോകുന്നത് ഒഴിവാകുകയും പ്രതീക്ഷിച്ചതുപോലെ ഗതാഗതം സുഗമമാകുകയും ചെയ്യും. പക്ഷേ കഴിഞ്ഞ അൻപതു വർഷക്കാലത്തിനിടയിൽ ഗവൺമെന്റുകൾ ഉണ്ടായപ്പോൾ ഏറ്റവും കൂടുതൽ കാലം നായനാരുടേയും ഇ.എം.എസ്സിന്റേയും അച്യുതമേനോന്റേയും പി. കെ. വാസുദേവൻ നായരുടേയുമൊക്കെ നേതൃത്വത്തിൽ കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി, തിരുവനന്തപുരം കോർപ്പറേഷൻ ഏറ്റവും കൂടുതൽ കാലം ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഐക്യജനാധിപത്യ മുന്നണിയെ നോക്കി അപഹസിക്കുന്നതിന് ഇത്തരം പരിമിതികൾ തേടിപ്പോകുന്നത് എത്രയോ അർത്ഥശൂന്യമാണ്, ജനവഞ്ചനയാണ് എന്നുള്ളത് നിങ്ങൾ മറന്നാലും ഈ നാട്ടിലെ ജനങ്ങൾ മറക്കുകയില്ല. തലസ്ഥാന വികസന പദ്ധതിയെക്കുറിച്ച് ശ്രീ. പിരപ്പൻകോട് മുരളിയുടെ അബോധ മനസ്സിലെങ്കിലും ഒരു സ്മരണ ഉണ്ടായത് എന്തായാലും നന്നായി.

എത്രയോ വർഷക്കാലമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മേയർമാർ മാത്രം ഭരിക്കുന്ന തിരുവനന്തപുരം കോർപ്പറേഷനിലെ മാലിന്യ നിർമ്മാർജ്ജനത്തിന്, ചവറുകൾ നീക്കം ചെയ്യുന്നതിന് തലസ്ഥാന വികസന പദ്ധതിയിൽ നിന്നും സഹായം നൽകി എന്നുള്ളത് മേയർമാർക്ക് നിഷേധിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയില്ല. തലസ്ഥാന നഗരിയിലെ ജനതയ്ക്ക് നിഷേധിക്കാൻ കഴിയില്ല. ഗാന്ധി പാർക്കായാലും, കിഴക്കേക്കോട്ടയായാലും നവീകരണത്തിന് തലസ്ഥാന വികസന പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ചു. ശ്രീ. പിരപ്പൻകോട് മുരളിയും ഞാനും താമസിക്കുന്ന ഗൗരീശപട്ടം വഴി എത്രയോ വർഷങ്ങൾക്കു ശേഷം സൗകര്യപ്രദമായി വാഹനമോടിച്ചു പോകുന്നതിനു തലസ്ഥാന വികസന പദ്ധതിയുടെ പണമാണ് ഉപയോഗിച്ചത്. 48 കി.മീറ്റർ റോഡുകൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിഷ്ക്കരിക്കുകയും റോഡുകളെ പരിവർത്തനപ്പെടുത്തുകയും ചെയ്തത് തലസ്ഥാന വികസന പദ്ധതിയുടെ പണം ഉപയോഗിച്ചാണ്. എത്രയോ വർഷക്കാലമായി എം.എൽ.എ.-മാർ ആവശ്യപ്പെടുന്ന, തിരുവനന്തപുരത്തെ സിവിൽ സ്റ്റേഷൻ മെച്ചപ്പെടുത്താനായാലും, തിരുവനന്തപുരത്തെ ആതുരശുശ്രൂഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാലും ശരി, ശ്രീ. എ. കെ. ആന്റണി ആവിഷ്ക്കരിച്ച് നടപ്പാക്കിയ തലസ്ഥാന വികസന പദ്ധതിയുടെ പ്രയോജനമാണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരിക്കലും പ്രസവിക്കാത്ത ഒരു സ്ത്രീ, തന്റെ 60-ാമത്തെ വയസ്സിൽ, രണ്ടുമൂന്ന് ഓമനക്കുഞ്ഞുങ്ങളെ പ്രസവിച്ച ഒരു യുവതിയെ നോക്കി പരിഹസിക്കുന്നതുപോലെയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ഈ വൈകിയ വേളയിൽ തങ്ങളുടെ പരാജയങ്ങൾക്ക് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനെ പഴിചാരുന്നത്. ഞാൻ ധനകാര്യത്തിലേയ്ക്കു കടന്നുവരാൻ ആഗ്രഹിക്കുകയാണ്. 27 വർഷക്കാലം ഒരു ഇടവേളപോലുമില്ലാതെ ബംഗാൾ ഭരിച്ച മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ഇപ്പോൾ സാമൂഹ്യ നീതിയെക്കുറിച്ച്, സമഗ്ര വികസനത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, എനിക്കൊരു കാര്യം ഓർമ്മ വരുകയാണ്. ശ്രീ. എം. എ. വാഹീദിന്റെ നിയോജകമണ്ഡലമായ, കഴക്കൂട്ടത്തെ കുളത്തൂരിൽ ഏതാണ്ട് 20 പേർക്ക് താമസിക്കാവുന്ന ഒരു ടെന്റിനടിയിൽ 120 ബംഗാളികൾ താമസിക്കുന്ന ഒരു പ്രദേശത്തേയ്ക്കു പോകുവാനുള്ള അവസരം എനിക്ക് ഒരു മാസത്തിനുമുമ്പ് ലഭിക്കുകയുണ്ടായി. ഏറ്റവും ദുരിതപൂർണ്ണമായ സാഹചര്യത്തിൽ കഴിയുന്ന ആ ബംഗാളി ചെറുപ്പക്കാർ, 50-ഉം 60-ഉം രൂപയക്ക് കൂലിപ്പണി ചെയ്യുന്നതിനുവേണ്ടി, നൂറു കണക്കിനു കിലോമീറ്ററുകൾ അകലെ, ശ്രീ. വക്കം പുരുഷോത്തമൻ ഭരിക്കുന്ന കേരളത്തിൽ, ശ്രീ. ഉമ്മൻചാണ്ടി ഭരിക്കുന്ന കേരളത്തിൽ വന്ന് കൂലിപ്പണി ചെയ്യുന്ന ബംഗാളികൾ, ബുദ്ധദേവഭട്ടാചാര്യയുടെ, ജ്യോതിബസുവിന്റെ, ബഹുമാന്യരായ മറ്റു മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സാമാജികന്മാർ ഭരിക്കുന്ന ബംഗാളിലെ വികസനത്തിന്റെ കാപട്യത്തെ ഉദാഹരിച്ചു കാണിക്കുകയാണ്. നിങ്ങൾ അത് അന്വേഷിച്ചു നോക്കൂ. ഇപ്പോഴും ആ ബംഗാളി ചെറുപ്പക്കാർ അവിടെത്തന്നെയുണ്ട്. കാർഷിക പരിഷ്ക്കരണത്തിന്റെ, കമ്പ്യൂട്ടർവൽക്കരണത്തിന്റെ, വിദ്യാഭ്യാസ പരിഷ്ക്കാരത്തിന്റെ എല്ലാ മേഖലകളിലും, ഇന്നലെകളിൽ ദുരന്തശങ്കകൾ ഉയർത്തിയിരുന്നവരാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ജവഹർലാൽ നെഹ്റുവിനേയും മഹാത്മാഗാന്ധിയേയും അധിക്ഷേപിച്ചിരുന്ന കമ്മ്യൂണിസ്റ്റു പ്രസ്ഥാനം, എത്രയോ വർഷങ്ങൾക്കു ശേഷം തങ്ങൾക്കു പറ്റിയ തെറ്റുകൾ തിരുത്തിയതുപോലെ, ഇന്നത്തെ സമകാലിക രാഷ്ട്രീയത്തിന്റെ കാലുഷ്യങ്ങൾ ആകമാനം മാറിക്കഴിയുമ്പോൾ, കാലം നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വൈകിയാണെങ്കിലും തിരിച്ചറിവു നൽകുമ്പോൾ, ശ്രീ. ഉമ്മൻചാണ്ടിയുടെ നാളെകളെക്കുറിച്ച്, ശ്രീ. വക്കം പുരുഷോത്തമന്റെ ധനകാര്യ മാനേജുമെന്റിന്റെ വൈഭവത്തെക്കുറിച്ച് ഈ സഭയിൽത്തന്നെ തിരുത്തലുകൾ നടത്തുമെന്ന് എനിക്കുറപ്പുണ്ട്. നമുക്ക് പാലിക്കാൻ കഴിയാത്ത മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് ഭരണത്തിൽ എത്തിച്ചേരുമ്പോൾ, നമുക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട്, ജനങ്ങളുടെ വിലപ്പെട്ട സമയവും ഈ സഭാതലവുമൊക്കെ വൃഥാ വിനിയോഗിക്കുന്നതിനെക്കുറിച്ചൊക്കെ ഒരു ആത്മപരിശോധന നടത്താൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ഇതിനെക്കുറിച്ചൊക്കെ പറയുമ്പോൾ, 2001 എന്ന ഒരു വർഷം ഉണ്ടായിരുന്നു. ആ 2001 വർഷത്തിൽ ജനുവരി, ഫെബ്രുവരി, മാസങ്ങളുണ്ടായിരുന്നു. ബഹുമാന്യനായ പിരപ്പൻകോട് മുരളി ഇവിടെയുണ്ട്. ഞങ്ങൾ ഒരു പ്രദേശത്തുകാരാണ്. ശ്രീ. പിരപ്പൻകോട് മുരളിയുടെ നിയോജകമണ്ഡലത്തിൽപ്പെട്ട മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റ്, നെല്ലനാട് പഞ്ചായത്ത് പ്രസിഡന്റ്, 2001 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വണ്ടിച്ചെക്കുകളുമായി ട്രഷറി വരാന്തകളിൽ അലഞ്ഞുനടന്നത് ഞാനും നിങ്ങളും മറന്നിട്ടില്ല. കാർഗിൽ മലനിരകളിൽ, ഈ രാജ്യത്തിന്റെ അഭിമാനം കാത്തുരക്ഷിക്കുന്നതിനുവേണ്ടി പോരാടി മരിച്ച വീരജവാന്മാരുടെ വിധവകൾ, മാറാത്ത ചെക്കുകളുമായി ഈ നഗരത്തിൽ അലഞ്ഞുനടന്നത് ആരും മറന്നിട്ടില്ല. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ആ അലച്ചിൽ അവസാനിച്ചതെന്ന് നമുക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല. ലോട്ടറിക്ക് സമ്മാനം കിട്ടിയ ആളുകൾ, ആ സമ്മാനത്തുക വാങ്ങിക്കുന്നതിനുവേണ്ടി ഈ നശിച്ച ഗവൺമെന്റ് ഇറങ്ങിപ്പോയിരുന്നുവെങ്കിൽ എന്ന് പ്രാർത്ഥിച്ച 2001-ലെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങൾ നമുക്ക് മറക്കാനായിട്ടില്ല. അടിസ്ഥാന വികസനത്തിനുവേണ്ടി ഇൻഫ്രാസ്ട്രക്ചർ ഫണ്ട് 507 കോടി രൂപ നായനാർ ഗവൺമെന്റ് കരസ്ഥമാക്കി. അതിനു 71 കോടി രൂപ പലിശയും കൊടുത്തു. പക്ഷേ പത്തു നയാപൈസ പോലും കേരളത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി വിനിയോഗിച്ചില്ല എന്നുള്ളതു നിങ്ങൾ മറന്നുപോകരുത്. പേരൂർക്കടയിൽ നിന്നും ഒരു ഓട്ടോ പിടിച്ച് പാളയത്ത് വന്നാൽ, 50 രൂപ നോട്ടു കൊടുത്താൽ, അതിനു ചില്ലറ തരാൻ പോലും പാളയത്തെ ഒരൊറ്റ ആട്ടോറിക്ഷക്കാരന്റെ കയ്യിലും ഇല്ലെന്ന് വളരെ ദു:ഖത്തോടു കൂടി പറഞ്ഞ, 2001 ഫെബ്രുവരി, മാർച്ച് മാസങ്ങൾ ഓർക്കുമ്പോഴാണ്, നിങ്ങൾ കുറ്റപ്പെടുത്തുന്ന ശ്രീ. വക്കം പുരുഷോത്തമന്റെ ഫൈനാൻഷ്യൽ മാനേജുമെന്റിനെ, ആ പ്രതിഭയെ നിങ്ങൾ അംഗീകരിക്കേണ്ടതാണ്. വക്കം ഫാർമേഴ്സ് ബാങ്കിന്റെ കാര്യം ഇവിടെ പറഞ്ഞു. ആറ്റിങ്ങലിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ കാര്യം ഇവിടെ പറഞ്ഞു. കഴിഞ്ഞ പത്തു മുപ്പത് വർഷക്കാലം കൊണ്ട് ഫാർമേഴ്സ് ബാങ്ക് ആരുടെ കൈവശമാണെന്നു നമുക്കറിയാം. കഴിഞ്ഞ പത്ത്മുപ്പത് വർഷമായി പഞ്ചായത്തുകൾ അടക്കി ഭരിക്കുന്നത് ആരാണെന്നറിയാമോ? ശ്രീ. വക്കം പുരുഷോത്തമൻ ഈ കാലയളവിലും ആറ്റിങ്ങലിൽ നിന്നും നാലഞ്ച് പ്രാവശ്യം നിയമസഭയിലേയ്ക്ക് വൻ ഭൂരിപക്ഷത്തോടുകൂടി വിജയിച്ചിട്ടുള്ളത് നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മറക്കാതിരിക്കട്ടെ. ഉണരാൻ വെമ്പുന്ന പ്രതിഭകളോടു നീതി പാലിക്കാനുള്ള ബാദ്ധ്യത നമുക്കുണ്ട്. അവസരങ്ങളുടെ ആകാശത്തിലേയ്ക്ക്, അനന്ത പഥങ്ങളിലേയ്ക്ക്, മലയാളി പ്രതിഭകൾക്ക് വഴിയൊരുക്കുക നമ്മുടെ ചുമതലയാണ്.

"ഉഷസ്സേ നീ വിളിക്കാതിരുന്നെങ്കിൽ
ഒരിക്കലും ഞാനുണരില്ല" എന്ന് പറഞ്ഞതുപോലെ എത്രയോ കാലങ്ങളായി പാരതന്ത്ര്യത്തിൽപ്പെട്ട്, സാമ്പത്തിക പരാധീനതകളിൽപ്പെട്ട്, ജാതീയമായ പരാധീനതകളിൽപ്പെട്ട് കിടന്നിരുന്ന ആയിരക്കണക്കിന് കുടുംബങ്ങളിലെ പ്രതിഭാ മുകുളങ്ങളെയാണ് ശ്രീ. എ .കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയും ഉണർത്തിയത്. ശ്രീ. ബിനോയ് വിശ്വവും മറ്റു സുഹൃത്തുക്കളും ഇവിടെ പ്രസംഗിക്കുന്നതു കേട്ടു. വിദ്യാഭ്യാസ രംഗത്തെ കച്ചവടത്തെക്കുറിച്ചാണ് അവർ വിലപിക്കുന്നത്. പക്ഷേ നിങ്ങൾ അധികാരം വിട്ടുപോകുമ്പോൾ, ശ്രീ. പി. ജെ. ജോസഫ് അധികാരം വിട്ടുപോകുമ്പോൾ ഉണ്ടായിരുന്ന മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും നിലനിർത്തിക്കൊണ്ടാണ് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പുതുതായി മെഡിസിനും എൻജിനീയറിംഗിനും പഠിക്കാനുള്ള അവസരങ്ങൾ ഈ ഗവൺമെന്റ് ഉറപ്പാക്കിയത്. നരേന്ദ്രൻ കമ്മിഷൻ ശുപാർശകളെക്കുറിച്ച് ഇവിടെ പലരും ഒന്നു തഴുകിപ്പോകുന്നതുകേട്ടു. നരേന്ദ്രൻ കമ്മിഷൻ ശുപാർശകളുടെ പേരിലുണ്ടായിരുന്ന ആശങ്കയുടെയും അനിശ്ചിതത്വത്തിന്റേയും കാർമേഘങ്ങൾ അകന്നുപോയിരിക്കുകയാണ്. അസാദ്ധ്യമായ ദൗത്യങ്ങൾ ആയാസരഹിതമായി ചെയ്യുന്ന യവന പുരാണത്തിലെ ഹെർക്കുലീസിനെപ്പോലെ ഉമ്മൻചാണ്ടി ഗവൺമെന്റ്, ആ ജനകീയ പ്രശ്നങ്ങൾ, ജാതിചിന്തയുണ്ടാക്കാതെ പരിഹരിച്ചിരിക്കുകയാണ്. തീർച്ചയായും സമാധാനപ്രേമികളായ മുഴുവൻ ജനങ്ങളുടെയും സ്മരണകളിൽ, ഉമ്മൻചാണ്ടി ഗവൺമെന്റിനെ അനശ്വരമാക്കിയ ഒരു നടപടിയായിരുന്നു നരേന്ദ്രൻ കമ്മിഷനുമായി ബന്ധപ്പെട്ട ശുപാർശകൾ നടപ്പിലാക്കിയത് എന്ന് നാളെ ചരിത്രം വിധി എഴുതുക തന്നെ ചെയ്യും. ഇനി ഓരോ സംവരണ സമുദായങ്ങളുടെയും ഇലയിൽ വിളമ്പുന്ന ആനുകൂല്യങ്ങൾ, അവരുടെ വയറിനും വായ്ക്കും ഇടയിൽ നഷ്ടപ്പെടില്ല. അവരവർക്ക് നൽകിയ ആനുകൂല്യങ്ങൾ, തീർച്ചയായും അതാതു സമുദായങ്ങൾക്കുതന്നെ ഉറപ്പുവരുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും, സർവ്വീസ് റൂളുകൾ ഭേദഗതി ചെയ്യാൻ തീരുമാനമെടുക്കുകയും ചെയ്ത ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഒരിക്കലും നടപ്പാക്കാത്ത ഒട്ടേറെ വാഗ്ദാനങ്ങൾ കേട്ട് തഴമ്പിച്ച സമൂഹത്തിന്റെ മുമ്പിലാണ് ദരിദ്രരും ദീനരുമായ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും ആഹാര പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ട കർമ്മ പരിപാടികളുമായി ഉമ്മൻചാണ്ടി ഗവൺമെന്റ് മുന്നോട്ടുവന്നത്. ഇവിടെ കുടുംബാരോഗ്യ പദ്ധതിയെ അട്ടിമറിക്കാൻ നടത്തുന്ന നീക്കങ്ങളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളെ പിൻതിരിപ്പിക്കാൻ തയ്യാറാകണമെന്നും ജനങ്ങളോടുള്ള പ്രതിബദ്ധത ഉറപ്പാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ പലരും പല

LIBRARY ARCHIVES Kerala Legislative Assembly

പരിഹാസങ്ങളും പറയുന്നതു കേട്ടു. ജനാധിപത്യ പുനരേകീകരണത്തിന്റെ മംഗളധ്വനികൾ മുഴങ്ങുന്ന ഒരു കാലയളവിലാണ് ഈ നിയമസഭയുടെ അവസാന ദിവസങ്ങൾ കഴിയുന്നത്. അത്യാർത്തിയുടെയും ഭരണാസക്തിയുടെയുമൊക്കെ പേരിൽ നിങ്ങൾ കെട്ടിയുയർത്തിയ തങ്ക മാളികകൾ ഇവിടെ തകർന്നു വീഴുകയാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ലഭിച്ച ഭൂരിപക്ഷത്തോടുകൂടി, ജനകീയ അംഗീകാരത്തോടുകൂടി മടങ്ങി വരുമെന്നുള്ള പ്രതീക്ഷയോടുകൂടി കേരളത്തിലെ ജനത ഐക്യമുന്നണിക്കു പിന്നിൽ അണിനിരന്നിരിക്കുന്ന ഈ കാലയളവിൽ ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. എൻ. രാജൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുകയാണ്. കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിന്റെ അവസാന ദിവസമായ ഈ ദിവസം തന്നെ റൂൾ 58 പ്രകാരം രണ്ട് വിഷയങ്ങളാണ് നമ്മൾ ചർച്ച ചെയ്യപ്പെട്ടത് - എസ്.എൻ.സി. ലാവ്‌ലിൻ പദ്ധതിയെ സംബന്ധിച്ചും കുറ്റ്യാടി ആഗ്‌മെന്റേഷൻ സ്കീമിനെ സംബന്ധിച്ചും. ബി.എ.സി. തീരുമാനിച്ചത് എസ്.എൻ.സി. ലാവ്‌ലിൻ കേസ് ഇവിടെ ചർച്ച ചെയ്യണ്ട എന്നാണ്. എന്നാൽ വൈകിവന്ന ബുദ്ധി ശ്രീമാൻ ഹസ്സന് ഉദിച്ചതിന്റെ പേരിലാണ് എസ്.എൻ.സി. ലാവ്‌ലിനെ സംബന്ധിച്ച് ഇവിടെ ചർച്ചചെയ്യപ്പെട്ടത്. മുങ്ങിച്ചാകാൻ പോകുന്നവന് വെള്ളത്തിൽ കച്ചിത്തുരുമ്പു കണ്ടാൽ അത് ആശ്വാസം ആയിരിക്കും എന്ന ഉദ്ദേശത്തിലാണ് ശ്രീ. ഹസ്സൻ അത് പിടിച്ചതുതന്നെ. അവസാനം അത് കച്ചിത്തുരുമ്പോടുകൂടിത്തന്നെ മുങ്ങിത്താണുപോയി. നിങ്ങളുടെ ഉദ്ദേശം ഞങ്ങൾക്ക് മനസ്സിലാകും. വരുന്ന മൂന്ന് മാസം കഴിയുമ്പോൾ ഈ സംസ്ഥാനത്ത് ഒരു തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. അന്ന് ജനങ്ങളോട് എന്തെങ്കിലും പറയണമല്ലോ, എസ്.എൻ.സി. ലാവ്‌ലിനെ സംബന്ധിച്ച് പറയുമ്പോൾ ചില കാര്യങ്ങൾ പറയാതിരിക്കാൻ നിർവ്വാഹമില്ല. പള്ളിവാസൽ, ശെങ്കുളം പവർ ഹൗസിന്റെ വിപുലീകരണത്തിനു 374 കോടി രൂപ ഇവിടെ ചെലവഴിച്ചിട്ടുണ്ട്. സി. ആന്റ് എ.ജി. പറഞ്ഞത് അതിന് ആനുപാതിക നേട്ടം ഉണ്ടായില്ല എന്നാണ്. ആനുപാതിക നേട്ടം ഉണ്ടായില്ല എന്നുപറഞ്ഞാൽ 374 കോടി രൂപയുടെ അഴിമതി നടത്തി എന്നല്ല. അത് അങ്ങ് മനസ്സിലാക്കണം. പന്നിയാർ, പള്ളിവാസൽ, ശെങ്കുളം പവർ ഹൗസുകളിലെയൊക്കെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുക തന്നെ ചെയ്തിട്ടുണ്ട്. ഒരു അഴിമതിയും നടന്നിട്ടില്ല. സി. ആന്റ് എ.ജി. വളരെ വ്യക്തമായിത്തന്നെ അത് സൂചിപ്പിക്കുന്നുണ്ട്. 2001-ലാണ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്ത് 100-എം.എൽ.എ.-മാരുടെ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്നത്. നാലേമുക്കാൽ വർഷം പിന്നിടുമ്പോൾ ഈ ഗവൺമെന്റിന്റെ ബാക്കിപത്രം നമ്മളൊന്ന് പരിശോധിക്കണ്ടേ? ഈ ബില്ലിലെങ്കിലും അതിനെ സംബന്ധിച്ച് ഞാൻ പരിശോധിക്കുകയാണ്. കഴിഞ്ഞ നാലേമുക്കാൽ വർഷവും ഈ സംസ്ഥാനത്ത് നടത്തിയത് എന്താണ്? ജനവിരുദ്ധ നയങ്ങൾ, തൊഴിലാളി വിരുദ്ധ നയങ്ങൾ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയായിരുന്നു. ചെറുതും വലുതുമായ ആയിരക്കണക്കിന് ഫാക്ടറികൾ അടച്ചുപൂട്ടി. ആയിരക്കണക്കിന് തൊഴിലാളികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പണിയില്ലാതായി. ഈ സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 80,000-ത്തോളം ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നിർത്തലാക്കി. നിയമന നിരോധനം ഏർപ്പെടുത്തി. 39 ലക്ഷം വരുന്ന ചെറുപ്പക്കാരെ നിരാശരാക്കി. അതുപോലെ തുടക്കത്തിൽ എന്താണ് ചെയ്തത്? തൊഴിലാളികളുടെ അവകാശങ്ങളെ നിഷേധിച്ചുകൊണ്ട് ചുമട്ടുതൊഴിലാളി നിയമം ഭേദഗതി ചെയ്തു. ഇവിടെ ലക്ഷക്കണക്കിനു വരുന്ന അസംഘടിതരെ ഇത് സഹായിച്ചോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ചുമട്ടുതൊഴിലാളി നിയമം ആദ്യമായിട്ട് ഈ സഭയിൽ അവതരിപ്പിച്ചത് ആരാണെന്ന് ശ്രീ. രാജന് അറിയാമോ? ഞാനാണ് ചുമട്ടുതൊഴിലാളി നിയമം ആദ്യമായി കൊണ്ടുവന്നത്. അച്ചുതമേനോൻ ഗവൺമെന്റിൽ ഞാൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്. ചുമട്ടുതൊഴിലാളി നിയമം കൊണ്ടുവന്ന് പാസ്സാക്കിയതും അന്നുതന്നെയാണ്

ശ്രീ. എൻ. രാജൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. ചുമട്ടുതൊഴിലാളി നിയമവും അതുപോലെ കർഷകരുടെ മാഗ്നാകാർട്ട എന്നുപറയുന്ന കർഷകത്തൊഴിലാളി നിയമവും അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അങ്ങ് തൊഴിൽ വകുപ്പ് മന്ത്രിയായിരുന്നപ്പോഴാണ് കൊണ്ടുവന്നത് എന്ന് എനിക്കറിയാം. പക്ഷെ ആ രണ്ട് നിയമത്തിന്റേയും സ്ഥിതി ഇപ്പോൾ എങ്ങനെയാണ്? ഈ ഗവൺമെന്റുതന്നെ അവയെ കരിനിയമങ്ങളാക്കുകയാണ് ചെയ്യുന്നത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സംസ്ഥാനത്ത് ഞാൻ മുമ്പ് അവതരിപ്പിച്ച ബജറ്റിലെ പ്രഖ്യാപനമായിരുന്നു കർഷകത്തൊഴിലാളി പെൻഷൻ എന്ന് അറിയാമോ?

ശ്രീ. എൻ. രാജൻ: ബഹുമനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും, ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞത് ശരി തന്നെയാണ്. ഇവർ രണ്ടുപേരും ഈ സംസ്ഥാനം ഭരിക്കുന്ന നാളുകളിൽത്തന്നെയാണ് കർഷകത്തൊഴിലാളികളുടെ പെൻഷൻ 26 മാസത്തെ കുടിശ്ശിക വരുത്തിയിരിക്കുന്നത്. എന്തുപറയുന്നു ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി? കർഷകത്തൊഴിലാളി ക്ഷേമ ബോർഡിന്റെ ആനുകൂല്യങ്ങൾ മുഴുവൻ നിർത്തിയിരിക്കുന്നു. ഒരു രൂപപോലും കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് ബഡ്ജറ്റ് വഴി കൊടുത്തിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി 10 കോടി രൂപ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് ഗ്രാന്റായി കൊടുത്തിട്ടുണ്ട്. 5 കോടി രൂപ ഡ്രാ ചെയ്ത് എടുത്ത ആളാണ് ഞാൻ. കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കൊണ്ടിരിക്കുന്നു. അവിടെ നീതി നിയമ നിഷേധങ്ങൾ നടക്കുന്നു. 34 തോട്ടങ്ങൾ അടച്ചുപൂട്ടിയതിന്റെ അടിസ്ഥാനത്തിൽ കയർത്തൊഴിലാളികളടക്കം പതിനായിരത്തോളം വരുന്ന തോട്ടം തൊഴിലാളികൾ ഇന്ന് പട്ടിണി കിടക്കുന്നു. ബീഡി വ്യവസായ മേഖല, ഓട്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ മേഖല തുടങ്ങി എല്ലാ മേഖലകളിലും അഴിമതി സാർവ്വത്രികമായി പന്തലിച്ച് വളർന്നു കഴിഞ്ഞിരിക്കുകയാണ്. ഉന്നത ഉദ്യോഗസ്ഥർവരെ സൂചിപ്പിച്ചതാണ്, ഇപ്പോൾ അഴിമതി ദൃശ്യമാധ്യമങ്ങളിൽക്കൂടി കണ്ടുകൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സിന്റേയും, ബി.ജെ.പി. യുടേയും ബി.എസ്.പി. യുടേയും എം.പി. മാർ പാർലമെന്റിൽ ചോദ്യം ചോദിച്ചതിന് ലക്ഷക്കണക്കിന് രൂപ കോഴ വാങ്ങിയത് സിനിമ കാണുംപോലെ നമ്മൾ കണ്ടു. അത് കേരളത്തിലും എത്തിക്കഴിഞ്ഞു. അത് ഐക്യജനാധിപത്യ മുന്നണിയുടെ ഭരണ നേട്ടമായിട്ടാണ് കൊട്ടിഘോഷിക്കുന്നത്. നമ്മുടെ സംസ്ഥാനം സാക്ഷരതയിലും വിദ്യാഭ്യാസ നിലവാരത്തിലും ഒക്കെ മുൻപന്തിയിലാണ്. വിദ്യാഭ്യാസം ഇന്ന് കച്ചവടച്ചരക്കാക്കി മാറ്റിയിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ നിരവധിപേർ രക്തസാക്ഷികളായി കഴിഞ്ഞിരിക്കുന്നു. എത്ര കുട്ടികളെ തെരുവിലിട്ട് തല്ലിച്ചതച്ചു. കയ്യും കാലും തല്ലിയൊടിച്ചു, എത്രയോ പേർ ജീവിക്കുന്ന രക്തസാക്ഷികളായി കഴിയുന്നു. നമ്മുടെ ക്രമസമാധാന നില എവിടെ എത്തിയിരിക്കുന്നു? സ്വൈരജീവിതം നശിച്ചു, ഗുരുമന്ദിരങ്ങൾ തകർക്കുന്നു, അമ്പലങ്ങൾ തകർക്കുന്നു. ഇതൊക്കെ കണ്ടിട്ടും പോലീസ് നിഷ്ക്രിയരായി നോക്കിനിൽക്കുന്നു. ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഇവിടെ ഇന്നലെ ശ്രീ. എ. കെ. ബാലൻ 22,000 ആദിവാസി കുടുംബങ്ങൾക്ക് ഒരു തുണ്ട് ഭൂമിയില്ലാതെ വനാന്തരത്തിലും തെരുവോരങ്ങളിലും കഴിയുന്ന ചിത്രം വ്യക്തമാക്കിയതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു 5900 ഏക്കർ ഭൂമി വിതരണം ചെയ്യാൻ പാകമായിരിക്കുന്നു. ആ 5900 ഏക്കർ ഭൂമി വാസയോഗ്യമല്ല എന്നുകണ്ട് അവർ ആ ഭൂമി ഏറ്റെടുക്കുന്നില്ല, ഭൂമി കൈമാറുന്നില്ല. ആദിവാസികളെക്കൊണ്ട് ഈ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്യിപ്പിച്ചു. അവരുടെ സമരം ഒത്തുതീർപ്പാക്കിയത് നമ്മളെല്ലാവരും കണ്ടതാണ്. അവർ മുത്തങ്ങയിൽ പോയി ഒരു തുണ്ടു ഭൂമിക്കുവേണ്ടി സമരം ചെയ്തു. അവർ ആദിവാസികളുടെ നേർക്ക് നിറതോക്ക് ഒഴിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി; ഞാൻ ചോദിക്കുന്നത് ശ്രദ്ധിക്കണം. വെടിയേറ്റ് കൊലചെയ്യപ്പെട്ട ജോഗിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാമെന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി ഈ സഭയിൽ ഉറപ്പു തന്നിരുന്നതാണ്. കഴിഞ്ഞ ദിവസവും മറുപടി തന്നതാണ്. സാമ്പത്തിക സഹായം നൽകിയിട്ടില്ല. ശ്രീ. രാജൻ അക്കാര്യ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ആ കുടുംബത്തെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. രാജൻ: ജോഗിയുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ ധനസഹായം കൊടുക്കുമെന്ന് ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഈ സഭയിൽ പ്രഖ്യാപിച്ചതാണ്. അത് ഇപ്പോഴും നിറവേറ്റപ്പെട്ടിട്ടില്ല. അങ്ങനെ കഴിഞ്ഞ നാലേമുക്കാൽ വർഷത്തെ ഐക്യ ജനാധിപത്യമുന്നണിയുടെ ബാക്കി ബാലൻസ് ഷീറ്റ് ആണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. അതുകൊണ്ട് ഈ വരുന്ന മൂന്നുമാസം കഴിയുമ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾ കഴിഞ്ഞ പാർലമെന്റിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പിൽ നിങ്ങളോട് കാണിച്ച സമീപനം കാണിക്കും എന്നുമാത്രം അറിയിച്ചുകൊണ്ട് ഞാൻ ഈ ബില്ലുകളെ എതിർക്കുന്നു.

ശ്രീ. പി. കെ. കെ. ബാവ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പിരപ്പൻകോട് മുരളി സംസാരിച്ചപ്പോൾ അദ്ദേഹം ഞങ്ങൾ ഇവിടെ തിരിച്ചുവരില്ല എന്നുള്ള രീതിയിൽ പരാമർശനം നടത്തുകയുണ്ടായി. അതിന് അദ്ദേഹം പറഞ്ഞ കാരണം ഏതാനും തെരഞ്ഞെടുപ്പുകളിൽ ഞങ്ങൾ തോറ്റുപോയിരിക്കുന്നു എന്നുള്ളതാണ്. അന്ന് "ഒരു ചക്ക വീണ് മുയൽ ചത്തുവെന്നുള്ളത് ശരിയാണ്" പക്ഷേ ഇനിയും അത് ആവർത്തിക്കുമെന്ന് കരുതുന്നത് മൗഢ്യമാണെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. മാത്രമല്ല, അന്ന് നിങ്ങൾ വേറേ ചിലരുടെ വോട്ട് വാങ്ങിച്ചതാണ്. ആ വോട്ട് തന്ന ആളുകൾ മുറിവേറ്റ സിംഹത്തെപ്പോലെ പുറത്തുനിൽക്കുന്നു എന്നുള്ളതാണ് വസ്തുത. ഇടതുപക്ഷ ജനാധിപത്യമുന്നണി മനസ്സിലാക്കുന്നത് നല്ലതാണെന്നു മാത്രമേ ഞാൻ അതിനെക്കുറിച്ച് പറയുന്നുള്ളൂ. ഏതായാലും ഇതിനുവേണ്ടി വച്ച വെള്ളം അങ്ങ് വാങ്ങിവയ്ക്കുന്നതാണ് നല്ലത് എന്നാണെന്റെ അഭിപ്രായം. ഐക്യജനാധിപത്യമുന്നണി ഒരു കൊടുങ്കാറ്റുപോലെ തിരിച്ചുവരുകതന്നെ ചെയ്യുമെന്ന് ഇവിടെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഇവിടെ ക്രമസമാധാന നിലയെക്കുറിച്ച് പറഞ്ഞു, എന്തായിരുന്നു നിങ്ങളുടെ കാലഘട്ടത്തിലെ ഇവിടത്തെ ക്രമസമാധാനില. കണ്ണൂർ ജില്ലയിൽ നിന്നു വന്ന ആളുകൾക്ക് അറിയില്ലേ, ആ ഭരണകാലഘട്ടത്തിൽ ഒരു ദിവസംപോലും കണ്ണൂരിൽ ജില്ലാ പോലീസ് ആക്ടനുസരിച്ചുള്ള നിരോധനാജ്ഞ ഇല്ലാതിരുന്നിട്ടില്ല. അതുപോലെ ശ്രീ. ബിനോയ് വിശ്വത്തിന് അറിയില്ലേ, കോഴിക്കോട് ജില്ലയുടെ വടക്കൻ ഭാഗങ്ങളിൽ പോലീസ് ആക്ടനുസരിച്ച് എന്നും നിരോധനാജ്ഞ യുണ്ടായിരുന്നു. ഇതൊരു സത്യമല്ലേ? മാത്രമല്ല മനുഷ്യരുടെ തലകൊണ്ട് നിങ്ങൾ പന്തു തട്ടുകയായിരുന്നില്ലേ എന്നുള്ളതാണ് വസ്തുത. വാസ്തവത്തിൽ ഇപ്പോൾ ക്രമസമാധാന നിലയെക്കുറിച്ചൊക്കെ വലിയ വീരവാദം മുഴക്കുകയാണ്. ഇതൊക്കെ കേരളത്തിലെ ജനങ്ങൾ മറന്നുകളയുമെന്ന് ഒരു കാരണവശാലും ധരിക്കരുതെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അതുമാത്രമല്ല കണ്ണൂരിൽ എന്താണ്? അവിടെ കാണിച്ചത് സമയക്കുറവുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. നിങ്ങൾ വീണ്ടും ഇവിടെ അധികാരത്തിൽ വന്നാൽ എന്തുണ്ടാകുമെന്ന് ജനങ്ങൾക്കറിയാം. ആ ജനങ്ങൾ നിങ്ങൾക്കെതിരെ കാവൽഭടൻമാരെപ്പോലെ കാത്തുകഴിയുന്നു എന്നുള്ളതാണ് സത്യം. നിങ്ങൾ തിരിച്ചുവരുമെന്നുള്ള വ്യാമോഹമൊന്നും വേണ്ട എന്ന് പറയുന്നതിനുവേണ്ടിയാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. പിന്നെ സാമ്പത്തിക രംഗത്തെക്കുറിച്ച് പറഞ്ഞു. എന്താണ് അന്നത്തെ സാമ്പത്തികരംഗത്തെ സ്ഥിതി? അന്ന് മന്ത്രിമാർക്ക് ഡൽഹിയിൽ പോകാൻ കഴിഞ്ഞില്ല. മുഖ്യമന്ത്രിക്കുപോലും ഡൽഹിയിൽ പോകാൻ സാധിച്ചില്ല. ടിക്കറ്റ് കിട്ടിയില്ല. അതുപോലെ എത്ര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തവണയാണ്? ഇതൊരു പോസ്റ്റ്മോർട്ടത്തിനുള്ള സമയമാണ്. ഈ സഭ അവസാനിക്കുകയാണ്. ഈ അവസാനത്തെ ദിവസം ഇത് ഓർമ്മിക്കാതിരിക്കാൻ സാധിക്കുമോ? മന്ത്രിമാർക്ക് വിമാന ടിക്കറ്റ് കിട്ടിയില്ല. അതുപോലെ എന്തിനേറെ പറയണം. ക്യാബിനറ്റ് നടക്കുമ്പോൾ കാപ്പി കിട്ടിയില്ല എന്നുള്ളത് നിഷേധിക്കാൻ പറ്റുമോ? ഇൻഡ്യൻ കോഫി ഹൗസിൽ കാശ് ഇല്ലാത്തതുകൊണ്ട് അവർക്ക് കാപ്പി കിട്ടിയില്ല എന്നുള്ളത് നിഷേധിക്കാൻ സാധിക്കുമോ? അതുപോലെ പാവപ്പെട്ട ആളുകൾ അന്ന് അനുഭവിച്ച ദുരിതത്തെക്കുറിച്ച് ശ്രീ. മോഹൻ കുമാർ പറയുകയുണ്ടായി. ഞാൻ അത് ആവർത്തിക്കുന്നില്ല. ഇന്നത്തെ സ്ഥിതിയെന്താണ്? ഇന്ന് സാമ്പത്തിക സ്ഥിതി ഭദ്രമെന്ന് മാത്രമല്ല, ജീവിതമാകെ ചലനാത്മകമായില്ലേ? എവിടേയും കച്ചവടമില്ലേ? എവിടേയും ബിസിനസ് നടക്കുന്നില്ലേ; വ്യവസായങ്ങൾ നടക്കുന്നില്ലേ? ജനങ്ങളുടെ പ്രശ്നങ്ങളിൽ ജനങ്ങൾക്ക് സജീവത കൈവരിച്ചു കൊടുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും അതുപോലെ ഗവൺമെന്റും വമ്പിച്ച തോതിലുള്ള നേട്ടമുണ്ടാക്കിയെന്നുള്ള കാര്യം ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? ഇനിയും ഒട്ടേറെ കാര്യങ്ങളെക്കുറിച്ച് പറയാനുണ്ട്. സമയക്കുറവു കൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇവിടെ തൊഴിലാളിക്കുവേണ്ടിയും, തൊഴിൽരഹിതരായിട്ടുള്ള ചെറുപ്പക്കാർക്കുവേണ്ടിയും അതുപോലെ വിലക്കയറ്റത്തിന്റെ പേരിലും നിത്യവും സമരമായിരുന്നില്ലേ? കഴിഞ്ഞ കാലത്തെക്കുറിച്ച് നിങ്ങളൊന്ന് പരിശോധിച്ചുനോക്കണം. ഇത്തവണ നിങ്ങൾ ചില സമരങ്ങളൊക്കെ നടത്തിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ നിങ്ങൾക്ക്, ജനങ്ങൾക്കുവേണ്ടി ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി, തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി എന്നുപറഞ്ഞുകൊണ്ട് സമരരംഗത്തേയ്ക്ക് വരാൻ സാധിച്ചിട്ടുണ്ടോ? അതുപോലെ വിലക്കയറ്റം തടയണമെന്നാവശ്യപ്പെട്ടു കൊണ്ട് നിങ്ങൾക്ക് സമര രംഗത്തുവരാൻ സാധിച്ചിട്ടുണ്ടോ? അതുപോലെ ഈ അഞ്ച് വർഷക്കാലം നമ്മുടെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുകൊണ്ട് എന്നുപറഞ്ഞുകൊണ്ട് സമരരംഗത്തേയ്ക്ക് വരാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? ഇല്ല, എന്നുള്ളതാണ് സത്യം. അങ്ങനെ ജനങ്ങളുടെ ന്യായമായ ഒരാവശ്യത്തിന്റെ പേരിലും സമരരംഗത്തേയ്ക്ക് കടന്നുവരാൻ നിങ്ങൾക്ക് സാധിക്കാത്തവിധം, ഇവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ അങ്ങേയറ്റം ബദ്ധശ്രദ്ധമായിട്ടുള്ള പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആർക്കും ഒരു സംശയവുമില്ല. ഇതൊരു സാധാരണക്കാരന്റെ ബഡ്ജറ്റാണ്. പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ്. ന്യായമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ്. മറ്റേ ഗവൺമെന്റുകളെ അപേക്ഷിച്ച് ഈ ഗവൺമെന്റ് സാധാരണക്കാരനുവേണ്ടി നിരന്തരമായി പ്രവർത്തിച്ചിട്ടുള്ള ഒരു ഗവൺമെന്റാണ് എന്ന് കാണാൻ കഴിയും. ചെറിയ ചെറിയ കാര്യങ്ങളേ ഞാൻ പറയുന്നുള്ളൂ. പാവപ്പെട്ടവന് 3 രൂപയ്ക്ക് അരി ലഭ്യമാക്കുന്ന നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായി. അത് നിങ്ങൾക്ക് ഒരു ചെറിയ കാര്യമായിരിക്കാം. അത് നിങ്ങൾക്ക് വലിയ പ്രശ്നമായിരിക്കുകയില്ല. പക്ഷെ ഒരു ഒരു നേരത്തെ ആഹാരത്തിന് വകയില്ലാത്ത ആളുകൾക്ക് 3 രൂപയ്ക്ക് അരി കിട്ടുന്നത് വലിയ ആശ്വാസമാണ് എന്നുള്ള കാര്യം

ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അതുപോലെ കുടുംബ സുരക്ഷാ പദ്ധതിയൊക്കെ നിങ്ങൾ പരിഹസിച്ചതായി കേൾക്കാൻ സാധിച്ചു. കുടുംബ സുരക്ഷാ പദ്ധതിയിലൂടെ എത്ര പാവപ്പെട്ട ആളുകൾക്കാണ് പുതിയ ജീവിതം നൽകാൻ സാധിച്ചത് എന്നുള്ള കാര്യം നമുക്ക് അറിയാവുന്നതാണ്. ഞാൻ അതിനെക്കുറിച്ചൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. അതുപോലെ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി, കർഷകത്തൊഴിലാളി പെൻഷനുൾപ്പെടെ എല്ലാ പെൻഷനുകളും പാവപ്പെട്ടവർക്കു നൽകിക്കഴിഞ്ഞിരി ക്കുന്നു. നിങ്ങൾ പോകുമ്പോൾ 28 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. ഇപ്പോൾ 26 മാസത്തെ കുടശ്ശിക മാത്രമേയുള്ളൂ. പക്ഷേ ഇപ്പോൾ എല്ലാ മാസവും 1-ാം തീയതി കർഷകത്തൊഴിലാളികൾക്ക് അവരുടെ പെൻഷൻ വാങ്ങിക്കാൻ സാധിക്കുന്നുണ്ട്. അതുപോലെ പെൻഷൻ വാങ്ങുന്ന എല്ലാ വിഭാഗത്തിനും ഒന്നാം തീയതി തന്നെ പെൻഷൻ വാങ്ങിക്കാൻ ചരിത്രത്തിൽ ആദ്യമായി സാധിച്ചിരിക്കുന്നു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. അതുപോലെ കടലോരത്ത് താമസിക്കുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്കു വേണ്ടി പ്രത്യേകമായ ഒരു വികസന ഏജൻസി രൂപീകരിക്കാൻ സാധിച്ചു എന്നുള്ളത് ചെറിയ കാര്യമായി കാണാൻ സാധിക്കില്ല. മലയോര മേഖലയിലെ പാവപ്പെട്ട കർഷകർക്കും കർഷക ത്തൊഴിലാളികൾക്കും അവരുടെ ഉന്നമനത്തിനുവേണ്ടിയും, ആ പ്രദേശത്തിന്റെ വികസനത്തിനുവേണ്ടിയും അവിടെ പ്രത്യേക അതോറിറ്റി രൂപീകരിക്കുന്നതിനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്വാശ്രയ ഗവൺമെന്റ് കോളേജുകളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് കിട്ടാവുന്ന വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കുന്നതിന് നടപടിയെടുത്തിട്ടുള്ള ഒരു ഗവൺമെന്റാണ് ഇത് എന്നുള്ള വസ്തുതയും ഈ സമയത്ത് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ചരിത്രത്തിൽ ആദ്യമായി വൈദ്യുതിചാർജ്ജ് കുറച്ചിരിക്കുന്ന ഒരു ഗവൺമെന്റ് എന്ന് ആർക്കെങ്കിലും അവകാശപ്പെടാൻ സാധിക്കുമോ? ഏർപ്പെടുത്തിയ ഒരു ചാർജ്ജ് ഇന്നുവരെ കുറച്ചതായി ആർക്കെങ്കിലും ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? അത് ഏർപ്പെടുത്തിയ ഗവൺമെന്റാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് എന്നുള്ള കാര്യം മറക്കാൻ കേരളത്തിലെ ജനങ്ങൾക്ക് സാദ്ധ്യമല്ല. അതുപോലെ നിങ്ങൾ ഭരിക്കുന്ന കാലത്ത് പവർകട്ട് ഉണ്ടായിരുന്നു. മനുഷ്യർ കൂരിരുട്ടിലായിരുന്നു. ആ സത്യം ജനങ്ങൾ മറക്കു മെന്നാണോ നിങ്ങൾ കരുതുന്നത്? ജനങ്ങൾ ഇതൊരിക്കലും മറക്കില്ല. അവർ പ്രതികരിക്കുക തന്നെ ചെയ്യും. ഈ ഗവൺമെന്റ് പവർകട്ട് ഓർമ്മയാക്കി മാറ്റിയിരിക്കുന്നു. പവർകട്ട് ഇന്ന് കേരളത്തിലില്ല എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. മാത്രമല്ല ഗവൺമെന്റിന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലമായിട്ടാണ് ഇത് സാധിച്ചത് എന്നുള്ള കാര്യം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. അതുപോലെ ലക്ഷക്കണക്കിനായ പാവപ്പെട്ട ആളുകൾ എത്ര കാലമായി വൈദ്യുതിക്കുവേണ്ടി, വെളിച്ചത്തിനുവേണ്ടി, കണക്ഷനുവേണ്ടി കാത്തിരിക്കുന്നു. അവരിൽ ഒട്ടുമുക്കാൽ ആളുകൾക്കും കണക്ഷൻ നൽകാൻ എല്ലാ നടപടിയും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. അതുപോലെ പഞ്ചായത്ത് രാജ്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്ന കാര്യത്തിൽ ഞങ്ങൾ അലംഭാവം കാണിച്ചിരിക്കുന്നു എന്ന് നിങ്ങൾ ധാരാളമായി പ്രസംഗിച്ചു. എന്നാൽ പഞ്ചായത്ത്രാജ് നടപ്പിലാക്കുന്ന കാര്യത്തിൽ കേരളമാണ് മുന്നിലെന്ന് മാത്രമല്ല ഒന്നാം സ്ഥാനത്ത് എന്ന് പറയുമ്പോൾ, നിങ്ങൾ എന്നും വിളിച്ചു കൂവാറുള്ള പശ്ചിമബംഗാൾ എട്ടാം സ്ഥാനത്താണെന്നുള്ള വസ്തുത മനസ്സിലാക്കുന്നത് നല്ലതാണ്. അതുപോലെ കുടുംബശ്രീ പദ്ധതി, കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം എന്തുമാത്രം പ്രതീക്ഷയാണ് ഉയർത്തിയിരിക്കുന്നത് എന്നുള്ള കാര്യം ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. അതുപോലെ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിരിക്കുന്ന വിപ്ലവം ചെറുതായി കാണാൻ സാധിക്കുമോ? ഞാൻ ചോദിക്കട്ടെ, കേരളത്തിലെ വിദ്യാഭ്യാസ നിലവാരം എന്തുമാത്രം മെച്ചപ്പെട്ടിട്ടുണ്ട്. ഇന്ന് പള്ളിക്കൂടങ്ങളൊക്കെ സജീവമാണ്. ഗവൺമെന്റ് സ്കൂൾ ആയിരുന്നാലും എയിഡഡ് സ്കൂൾ ആയിരുന്നാലും ഇവിടങ്ങളിലൊക്കെ സ്കൂളിന്റെ പേര് വച്ച് ബസുകൾ ഓടിക്കൊണ്ടിരിക്കുന്നു. എന്താണ് ഈ മാറ്റത്തിന് കാരണം? വേറൊന്നുമല്ല, ഈ ഗവൺമെന്റിന്റെ സമീപനത്തിന്റെ ഫലമാണ്. അതുപോലെ എയിഡഡ് സ്കൂളുകളിലെയൊക്കെ നിലവാരം വളരെയധികം മെച്ചപ്പെട്ടു എന്നുമാത്രമല്ല, റിസൾട്ടും നന്നായിരിക്കുന്നു. ഇതെന്തുകൊണ്ടാണ്? ഗവൺമെന്റിന്റെ സമീപനത്തിന്റെ ഫലമായിട്ടാണ് അതുണ്ടായത് എന്നുള്ള കാര്യത്തിൽ സംശയമില്ല. പൊതുമരാമത്ത് രംഗത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിരിക്കുന്നു. ലോക ബാങ്കിന്റെ പദ്ധതിയിൽപ്പെടുത്തി 1610 കിലോമീറ്റർ റോഡുകളുടെ നിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ട്. അതുപോലെ സംസ്ഥാന തലത്തിൽ 52 റോഡുകൾ നന്നാക്കി; 55 പാലങ്ങൾ നിർമ്മിച്ചു; നബാർഡിന്റെ സഹായത്തോടെ 53 പാലങ്ങളും 46 റോഡുകളും നിർമ്മിച്ചിരിക്കുന്നു. അതുപോലെ 108 പാലവും 62 റോഡും നിർമ്മാണഘട്ടത്തിലാണെന്നുള്ള വസ്തുതയും ഈ സമയത്ത് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ എല്ലാ മേഖലകളിലും വ്യവസായ രംഗത്തും ജിമ്മിലൂടെ വമ്പിച്ച തോതിൽ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകാൻ സാധിച്ചു.

ഐ.ടി. മേഖലയിൽ അതുപോലെ മാറ്റമുണ്ടാക്കി. ടൂറിസം മേഖലയിൽ 6 അവാർഡുകളാണ് ഈ ഗവണ്മെന്റ് വാങ്ങിയിട്ടുള്ളത് എന്നുള്ള വസ്തുത ഈ സമയത്ത് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഞാൻ പറയുന്നു, ഈ ഗവണ്മെന്റ് സാധാരണക്കാരനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ്. സാധാരണക്കാരന്റെ ആവശ്യങ്ങളും വികാരങ്ങളും മാനിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവണ്മെന്റാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഈ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഇവിടെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയിരിക്കുന്നു. ഒരു വലിയ വിഭാഗം വരുന്ന പിന്നോക്ക വിഭാഗക്കാർ ഏറെക്കാലമായി കാത്തു കഴിഞ്ഞിരുന്ന നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക എന്നുള്ള ആവശ്യം, അത് എല്ലാ അർത്ഥത്തിലും സർവ്വ ജനങ്ങളുടെയും പിന്തുണയോടുകൂടി നടപ്പിലാക്കാൻ മുന്നോട്ടു വന്നപ്പോൾ നിങ്ങൾ 'അണ്ടിപോയ അണ്ണാനെ'പ്പോലെ

LIBRARY ARCHIVES Kerala Legislative Assembly

ഒളിച്ചോട്ടം നടത്താൻ വേണ്ടിയുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. (.............ബഹളം..............) അണ്ണാന് മാങ്ങാണ്ടിയേ ആവശ്യമുള്ളൂ. അതുകൊണ്ട് ഈ ഇഷ്യൂ നിങ്ങൾ തെരഞ്ഞെടുപ്പിൽ ഉപയോഗപ്പെടുത്താമെന്നാണ് കരുതിയിരുന്നതെങ്കിൽ നിങ്ങൾ നിരാശപ്പെട്ടിരിക്കുന്നു എന്നു മാത്രമല്ല, ആ ആയുധം നിങ്ങൾക്ക് നഷ്ടപ്പെട്ടുപോയിരിക്കുകയും ചെയ്തിരിക്കുന്നു എന്ന് ഞാൻ ഈ സമയത്ത് അറിയിക്കുകയാണ്. അതേസമയം ഇത് നടപ്പിലാക്കാൻ മുന്നോട്ടുവന്ന, മറ്റാളുകളുടെ പിന്തുണയോടുകൂടി ആർക്കും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ, ആർക്കും പോറലേൽപ്പിക്കാതെ നടപ്പാക്കിയ ഗവൺമെന്റിനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. അതുപോലെ തന്നെ എന്റെ നിയോജകമണ്ഡലമായ ഗുരുവായൂരിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി ഈ ഗവണ്മെന്റ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ ഞാൻ ശ്ലാഘിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഗുരുവായൂരിൽ വന്ന് പ്രത്യേകമായി യോഗം ചേർന്ന്, ആ യോഗത്തിൽവച്ച് ഗുരുവായൂരിന്റെ സമഗ്രമായ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു. അതിന്റെ ഫലമായി ഇന്ത്യാ ഗവണ്മെന്റിനെക്കൊണ്ട് 20 ചെറുകിട നഗരങ്ങളെ സമഗ്രമായി വികസിപ്പിക്കാനെടുക്കുന്ന കൂട്ടത്തിൽ ഗുരുവായൂരിനെയും ഉൾപ്പെടുത്താൻ ഈ ഗവണ്മെന്റിന് സാധിച്ചിരിക്കുന്നു. അതിന്റെ ഫലമായി 90 കോടി രൂപയാണ് ഗുരുവായൂരിനുവേണ്ടി കേന്ദ്രഗവണ്മെന്റ് അനുവദിച്ചുതന്നിട്ടുള്ളത്. ഇതിന് മുൻകയ്യെടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും മറ്റു മന്ത്രിമാരേയും ഗവൺമെന്റിനേയും ഞാൻ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടും ഗുരുവായൂരിലെ തീർത്ഥാടക ലക്ഷങ്ങളുടെ അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ടും ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

<u>ശ്രീ. ടി. എം. ജേക്കബ്</u>: സർ, ഇപ്പോൾ ഈ സഭ പരിഗണിച്ചുകൊണ്ടിരിക്കുന്ന 16 അപ്രോപ്രിയേഷൻ ബില്ലുകൾ പാസ്സാകുന്നതോടുകൂടി ബഡ്ജറ്റിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയാണ്. എനിക്ക് പറയാനുള്ള കാര്യം, എന്റെ പ്രസംഗത്തിൽ ബഡ്ജറ്റിനെക്കുറിച്ച് വ്യക്തമായി പറഞ്ഞതുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. പതിനൊന്നാം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിന്റെ അവസാന ദിവസമാണിന്ന്. ഇനിയൊരു നിയമസഭാ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുകയാണ്. ചില അംഗങ്ങൾ മൽസരിക്കുന്നില്ല എന്നു പറഞ്ഞുകഴിഞ്ഞു. കുറേ അംഗങ്ങൾ മൽസരിക്കും, തിരിച്ചുവരും, പരാജയപ്പെടും. ഒരു രാഷ്ട്രീയ യുദ്ധത്തിലേയ്ക്കിറങ്ങാൻ എല്ലാപേരും തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. 2001-ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഈ സഭയിൽ വന്ന രൂപത്തിലല്ല ഇപ്പോൾ നിൽക്കുന്നത്. അന്ന് ഞങ്ങൾ, യു.ഡി.എഫ് 99 സീറ്റിൽ ജയിച്ചു. പിന്നീട് ശ്രീ. എം. എ. വാഹീദ് ഞങ്ങളുടെ കൂടെ ചേർന്നു. അങ്ങനെ നൂറായി. സമവായവും ഒരുപാട് മാറ്റങ്ങളും വന്നു. ഒരുപാട് വഴിപിരിയലുകളൊക്കെയുണ്ടായി. ആ ചരിത്രമെല്ലാം ആളുകൾക്കറിയാമെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. 2005 മേയ് ഒന്നിനാണ് കോൺഗ്രസ് വിട്ട

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ ഒരു പുതിയ പാർട്ടിക്ക് തൃശ്ശൂരിൽ രൂപം കൊടുത്തത്. ഇന്ദിരാ കോൺഗ്രസ്സ് എന്ന പാർട്ടി – അദ്ദേഹം പ്രഖ്യാപിച്ചു. ആ പാർട്ടിയിൽ ഓഗസ്റ്റു മാസത്തിൽ ഞങ്ങൾ ലയിച്ചു. അതിനുശേഷം നമ്മുടെ സംസ്ഥാനത്ത് അഴീക്കോട്, കൂത്തുപറമ്പ് എന്നീ രണ്ട് സ്ഥലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടന്നു. ഞങ്ങൾ ഇടതുപക്ഷമുന്നണിയെ പിന്താങ്ങി. ആ തെരഞ്ഞെടുപ്പിൽ ഞങ്ങൾ പിന്താങ്ങിയ കൂട്ടത്തിൽത്തന്നെ, കേരള കോൺഗ്രസ് (ബി)-യും ആർ.എസ്.പി. (ബി)-യും ഇടതുപക്ഷ സ്ഥാനാർത്ഥികൾക്കുവേണ്ടി പ്രചാരണ രംഗത്തുണ്ടായിരുന്നു. പിന്നീട് കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പിൽ ഞങ്ങൾ, ഇടതുപക്ഷവുമായി ചില ധാരണകൾ ഉണ്ടാക്കി. നീക്കുപോക്കെന്നോ സഖ്യമെന്നോ, എന്തു പേര് പ്രാദേശികമായി പറഞ്ഞാലും ചില ധാരണകളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ മൽസരിച്ചു. ഞങ്ങൾ ഒറ്റയ്ക്ക് മൽസരിച്ച സ്ഥലങ്ങളുമുണ്ട്. ആ മൽസരത്തിൽ ഏകദേശം 85 ശതമാനം സീറ്റും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇടതുപക്ഷമുന്നണിക്ക് നേടാനായി എന്നാണ് സ്ഥിതിവിവരക്കണക്കുകൾ വെളിപ്പെടുത്തുന്നത്. അതിനുശേഷമാണ് തിരുവനന്തപുരം ബൈ-ഇലക്ഷൻ നടന്നത്. അതിലും വളരെ തിളക്കമാർന്ന വിജയം എൽ.ഡി.എഫ്.-ന് ഉണ്ടായിട്ടുണ്ട്. ഇന്നത്തെ രാഷ്ട്രീയ സ്ഥിതിയിൽ ഞാൻ തുറന്നു പറയുന്നു, രാഷ്ട്രീയമായി വഞ്ചിക്കപ്പെട്ട ഒരു പാർട്ടിയാണ് ഞങ്ങളുടേത്. രാഷ്ട്രീയ രംഗത്ത് അങ്ങോട്ടുമിങ്ങോട്ടും മാറ്റങ്ങളും അഭിപ്രായ വ്യത്യാസങ്ങളുമൊക്കെയുണ്ടാകും. രാഷ്ട്രീയത്തിൽ പുലർത്തേണ്ട ചില മൂല്യങ്ങൾ പുലർത്തിയില്ല. ഞങ്ങൾ രാഷ്ട്രീയമായി വഞ്ചിക്കപ്പെട്ടു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാനുള്ള സമയമില്ലെന്നറിയാം. പരിമിതമായ സമയമേയുള്ളൂ. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല. തിരുവനന്തപുരം ബൈ ഇലക്ഷൻ നടന്നു. ആ ബൈ-ഇലക്ഷനിൽ മൽസരിച്ച ഇടതുപക്ഷ സ്ഥാനാർത്ഥി സി.പി.ഐ.-യുടെ ശ്രീ. പന്ന്യൻ രവീന്ദ്രനായിരുന്നു. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പു വിജയത്തിനു വേണ്ടി ഡി.ഐ.സി. സജീവമായി പ്രവർത്തിച്ചു എന്നുള്ളത് കേരളത്തിലെ എല്ലാ മാദ്ധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെ രാഷ്ട്രീയ വിശകലനം നടത്തിയ രാഷ്ട്രീയ നിരൂപകർ പറഞ്ഞിട്ടുള്ളത്, ഈ വിജയത്തിൽ മുഖ്യമായ ഒരു പങ്ക് ഞങ്ങൾ വഹിച്ചിട്ടുണ്ട് എന്നാണ്. 'വെളിയം ഭാർഗ്ഗവൻ', അദ്ദേഹം കേരള രാഷ്ട്രീയത്തിലെ ഒരു നേതാവാണ്. ഞാൻ അദ്ദേഹത്തിന്റെ വിലയൊന്നും കുറച്ചു കാണിക്കുന്നില്ല. അദ്ദേഹം പറഞ്ഞ ചില കാര്യങ്ങൾ, ഞാൻ ഈ സമ്മേളനത്തിൽ പറയാതെ പോകുന്നത് ശരിയല്ല. ഇവിടെ ഞങ്ങൾ അങ്ങോട്ട് വലിഞ്ഞുകയറിച്ചെന്ന് പിന്തുണ കൊടുത്തെന്ന് പറഞ്ഞു. തികച്ചും തെറ്റല്ലേ? ഞങ്ങൾ ഒരുമിച്ച് നിയോജകമണ്ഡലത്തിലും ബൂത്ത്തലത്തിലും കമ്മിറ്റികൾ ഉണ്ടാക്കി. ഒരുമിച്ച് ഞങ്ങളുടെ പ്രവർത്തകർ വീടുകൾ കയറി വോട്ട് ചോദിച്ചു. അതുപോലെ തന്നെ ഒരേ സ്റ്റേജിൽ ഞങ്ങൾ പ്രസംഗിച്ചു. എനിക്കു മുമ്പ് പ്രസംഗിച്ച ശ്രീ. എൻ. രാജനും ഞാനും ഒരേ സ്റ്റേജിൽ പ്രസംഗിച്ചു. സർവ്വശ്രീ ബിനോയ് വിശ്വം, സോണി തെങ്ങമം, മുല്ലക്കര രത്നാകരൻ, നാരായണൻ, മാങ്കോട് രാധാകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ തുടങ്ങിയ ആളുകൾ പ്രസംഗിച്ച സ്റ്റേജിൽത്തന്നെയാണ് ഞങ്ങളും പ്രസംഗിച്ചത്.

GPM.2/571/2015—44

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ ശ്രീ. ശിവദാസമേനോൻ, സി.പി.ഐ.(എം)-ന്റെ നേതാവും ഞാനും നാലാഞ്ചിറയിൽ പ്രസംഗിച്ചു. ഞങ്ങൾ ഒരുമിച്ച് ഒരേ സ്റ്റേജ് പങ്കിട്ടു. ഞങ്ങൾകൂടി പങ്കെടുക്കുന്ന സ്റ്റേജുകൾ വേണമെന്ന് എന്നോട് ഇപ്പോൾ യാത്ര നടത്തുന്ന ശ്രീ. കെ. ഇ. ഇസ്മയിൽ എം.എൻ. സ്മാരകത്തിൽ വച്ച് പറഞ്ഞിട്ടുണ്ട്. ശ്രീ. വെളിയം ഭാർഗ്ഗവനുമായി ഞാൻ രാഷ്ട്രീയ കാര്യങ്ങൾ, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച നടത്തിയിട്ടുണ്ട്. ഇന്ന് അതൊന്നും ഇല്ലെന്ന് പറയാൻ അദ്ദേഹത്തിന് കഴിയില്ല. പറഞ്ഞാലും ജനം വിശ്വസിക്കില്ല. ഞങ്ങളെ തൊട്ടു കൂടാൻ പാടില്ലെന്നല്ലേ പറയുന്നത്? ശ്രീ. കരുണാകരനെ തൊട്ടാൽ നാല് പ്രാവശ്യം കുളിക്കണമെന്ന് വെളിയം ഭാർഗ്ഗവൻ പറഞ്ഞു. സി.പി.ഐ.-ക്ക് രാഷ്ട്രീയമായി എന്തു തീരുമാനവും എടുക്കാം. ഞങ്ങളൊന്നും അതിന് എതിരല്ല. ഒരു രാഷ്ട്രീയ പാർട്ടി ഇന്ന തീരുമാനം എടുക്കണമെന്ന് നിർബ്ബന്ധിക്കാൻ ഞങ്ങൾക്ക് കഴിയുമോ? പറയുന്ന വാക്കുകൾക്ക് ചില മാനദണ്ഡങ്ങളും വ്യവസ്ഥകളുമൊക്കെയില്ലേ? എന്റെ കയ്യിൽ ഇപ്പോൾ മാതൃഭൂമി, മലയാള മനോരമ, മാധ്യമം, മംഗളം, ദീപിക, ദേശാഭിമാനി തുടങ്ങിയ ദിനപത്രങ്ങളുണ്ട്. തെരഞ്ഞെടുപ്പു ഫലം വന്നപ്പോൾ കേരളകൗമുദി പത്രത്തിൽ വന്നത്—, ശ്രീ. പന്ന്യൻ രവീന്ദ്രന്റെ വരവറിഞ്ഞ് ശ്രീ. കെ. കരുണാകരന്റെ വീട്ടിൽ പ്രവർത്തകർ ഒത്തുകൂടി. റോഡിൽ എത്തിയപ്പോൾത്തന്നെ അദ്ദേഹത്തിന്റെ വാഹനം തടഞ്ഞു നിർത്തി. ശ്രീ. പന്ന്യനെ ഇന്ദിരാ കോൺഗ്രസുകാർ ചുമലിലെടുത്തു. അദ്ദേഹത്തിന് ഭയപ്പാടുണ്ടായിരുന്നു. സ്ഥാനാർത്ഥിയായപ്പോൾ ഏറ്റെടുത്തതുപോലെ ഇപ്പോഴും വരാന്തയിലാണ് അദ്ദേഹത്തെ ഇറക്കിവിട്ടത്. ശ്രീ. പന്ന്യനെ കണ്ടതും ശ്രീ. കരുണാകരൻ ആലിംഗനം ചെയ്തു. ഞാൻ അന്നേ പറഞ്ഞില്ലേ ഈ വിജയം എന്റേതാണെന്ന്. ലീഡർ ശ്രീ. പന്ന്യൻ രവീന്ദ്രനെ മുറുകെപ്പിടിച്ചു. ശ്രീ. പന്ന്യനോടൊപ്പംവന്ന ശ്രീ. മാങ്കോട് രാധാകൃഷ്ണനെ ലീഡർ അടുത്തുവിളിച്ച് ഇന്ദിരാ ഗാന്ധിയുടെ പടത്തിന് ചുവടെ ഇരുത്തി, ശ്രീ. പന്ന്യനും ശ്രീ. മാങ്കോട് രാധാകൃഷ്ണനും ശ്രീ. കരുണാകരന് ലഡു കൊടുക്കുന്ന പടം ഇതാ. (................) (ബഹളം............) (പടം ഉയർത്തിക്കാട്ടി) ഞാൻ സംസാരിച്ചുകൊണ്ടു നിൽക്കുകയാണ്. നിങ്ങൾ പ്രകോപിതരാകേണ്ട. ഇവിടെ നടന്ന കാര്യങ്ങളെ സംബന്ധിച്ച് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തത് ഞാൻ വായിച്ചു. ബാക്കികൂടി ഞാൻ പറയാം. ഈ വിജയത്തിൽ എൽ.ഡി.എഫ്. ഘടക കക്ഷികളുമായി ചേർന്നു പ്രവർത്തിച്ച ഡി.ഐ.സി. ഉൾപ്പെടെയുള്ളവർക്ക് ഒരുപോലെ പങ്കുണ്ടെന്ന് ശ്രീ. വെളിയം ഭാർഗ്ഗവൻ പറഞ്ഞു. ഇലക്ഷൻ കഴിഞ്ഞ അന്നുതന്നെ അദ്ദേഹം പറഞ്ഞത്, മാധ്യമം റിപ്പോർട്ട് ചെയ്തത് എന്താണ്; ശ്രീ. കരുണാകരൻ ഉൽസവ ലഹരിയിൽ കൊട്ടാരത്തിൽ പായസമുണ്ടാക്കുകയാണ്. അതിന്റെ അടുത്ത് പോയി നിൽക്കുന്നതാരാ? ശ്രീ. പന്ന്യൻ രവീന്ദ്രൻ. ഇലക്ഷൻ നടന്നത് 2005 നവംബർ മാസം ഇരുപത്തിരണ്ടാം തീയതി. ഇവർക്കൊരു കാര്യം ചെയ്യാമായിരുന്നു. ഇതിനുമുമ്പ് ഇവർക്ക് ഈ കാര്യം പറയാൻ പാടില്ലായിരുന്നോ? തൊട്ടാൽ കുളിക്കണം, സോപ്പ് ചെലവാകുമെന്ന്. ശ്രീ. പന്ന്യൻ രവീന്ദ്രൻ ഈ തത്വം അനുസരിച്ചാണെങ്കിൽ കുളത്തിൽത്തന്നെ കിടക്കേണ്ടി വരില്ലേ; (...................ബഹളം..........) ശ്രീ. പി. എസ്. സുപാലിന്റെ നേതാവാണ് ശ്രീ. കെ. ഇ. ഇസ്മയിൽ. തമ്മിൽത്ത

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ പറഞ്ഞതൊന്നും ഞാൻ വിളമ്പുന്നില്ല. അങ്ങനെ പറയേണ്ട അവസരം ഉണ്ടായാൽ ഞാൻ പറയാം. ഇത് രാഷ്ട്രീയമാണ്. നിങ്ങൾക്ക് ഞങ്ങളെ വേണം, ഞങ്ങളുടെ ചുമലിൽക്കയറി ജയിക്കാം. അതുകഴിഞ്ഞ് ശ്രീ. കരുണാകരനെ തൊട്ടാൽ കുളിക്കണം. രാഷ്ട്രീയ സദാചാരമുണ്ടെങ്കിൽ ഇത് പറയുമോ? ഇവിടെ സി.പി.ഐ.(എം) വലിയ പാർട്ടിയാണ്. ഇപ്പോൾ അഞ്ച് സ്റ്റേറ്റുകളിൽ ഇലക്ഷൻ നടക്കാൻ പോകുകയാണ്. പശ്ചിമ ബംഗാൾ, ആസ്സാം, തമിഴ്നാട്, പോണ്ടിച്ചേരി, കേരളം. അതിൽ പശ്ചിമ ബംഗാളിൽ ഇലക്ഷന് ധാരണയായി. മൊത്തം 290 സീറ്റുണ്ട്. സി.പി.ഐ.-ക്ക് 13 സീറ്റാണ്. (............ബഹളം..........)

മി. സ്പീക്കർ: ശ്രീ. നാരായണൻ പ്ലീസ്. ടേക് യുവർ സീറ്റ്. അസഹിഷ്ണുത കാണിക്കരുതേ. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഒരു കാര്യം പറയാം. ശ്രീ. ബിനോയ് വിശ്വത്തിന് ഈ ചലഞ്ച് ഏറ്റെടുക്കാമോ? ഈവരുന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ നമുക്ക് രണ്ടുകൂട്ടർക്കും ഒറ്റക്കൊറ്റയ്ക്ക് മൽസരിക്കാം. ധൈര്യമുണ്ടോ? (........... ബഹളം.............) സി.പി.ഐ. ഒറ്റക്ക് മൽസരിക്കട്ടെ. ഡി.ഐ.സി. ഒറ്റക്ക് മൽസരിക്കട്ടെ. ഞങ്ങൾ ആരോ ആകട്ടെ. നിങ്ങൾ വലിയ പാർട്ടിയല്ലേ? (......ബഹളം............) ഒറ്റക്കൊറ്റയ്ക്ക് രാഷ്ട്രീയ പാർട്ടികൾ മൽസരിച്ച ഒരു തെരഞ്ഞെടുപ്പേ ഈ സംസ്ഥാനത്തുണ്ടായിട്ടുള്ളൂ. ബാക്കിയെല്ലാം ചെറിയ അഡ്ജസ്റ്റുമെന്റുകളായും മുന്നണിയായും മാത്രമേ നടന്നിട്ടുള്ളൂ. 1957-ലെ തെരഞ്ഞെടുപ്പിലും കമ്മ്യൂണിസ്റ്റു പാർട്ടി സ്വതന്ത്രരെ നിർത്തി. (.......ബഹളം.........) ശ്രീ. പി. എസ്. സുപാലിന്റെ അച്ഛൻ എം.എൽ.എ. ആയിരുന്നപ്പോൾ ഞാനും ഇവിടെ എം.എൽ.എ. ആയിരുന്നു. ശ്രീ. പി. എസ്. സുപാൽ അതൊന്നും പറയേണ്ട. അദ്ദേഹം എന്റെ അടുത്ത സ്നേഹിതനായിരുന്നു. 1965-ൽ ഒറ്റക്കൊറ്റയ്ക്ക് നമ്മൾ മൽസരിച്ചു. (.............. ബഹളം..........)

മി. സ്പീക്കർ: മെമ്പർക്ക് പ്രൊട്ടക്ഷൻ കൊടുക്കേണ്ട ചുമതല എനിക്കുണ്ട്. ബഹളം കൂട്ടിയിട്ട് കാര്യമില്ല. പറയുന്നത് കേൾക്കാനുള്ള മനസ്സ് വേണം.

ശ്രീ. ടി. എം. ജേക്കബ്: 1965-ൽ ഒറ്റക്കൊറ്റയ്ക്ക് മൽസരിച്ചു. 133 സീറ്റിൽ. കോൺഗ്രസ് പാർട്ടി 133 സീറ്റിൽ മൽസരിച്ചു. 36 സീറ്റിൽ ജയിച്ചു. സി.പി.ഐ. ഒറ്റയ്ക്ക് 28 സീറ്റിൽ മൽസരിച്ചു. മൂന്ന് സീറ്റിൽ ജയിച്ചു. സി.പി.ഐ.(എം) 73 സീറ്റിൽ മൽസരിച്ചു, 40 സീറ്റിൽ ജയിച്ചു. കേരള കോൺഗ്രസ് 54 സീറ്റിൽ മൽസരിച്ചു. 23 സീറ്റിൽ ജയിച്ചു. മുസ്ലീം ലീഗ് 16 സീറ്റിൽ മൽസരിച്ചു, 6 സീറ്റിൽ ജയിച്ചു. ആർ.എസ്.പി. ഇല്ല. അപ്പോൾ എന്താണ് നിങ്ങളുടെ ശക്തിയെന്ന് 1965-ൽ തെളിയിച്ചതാണ്. ഒറ്റക്കൊറ്റയ്ക്ക് മൽസരിക്കാൻ തയ്യാറുണ്ടോ? അല്ലെങ്കിൽ സി.പി.ഐ.-യും ഡി.ഐ.സി.-യും മാത്രമെടുക്കാം. കഴിഞ്ഞതിന് മുമ്പിലത്തെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വട്ടപ്പൂജ്യം. ശ്രീ. ബിനോയ് വിശ്വം പറഞ്ഞ എസ്.എൻ.സി. ലാവ്ലിന്റെ പ്രസംഗം കേട്ടു. ശ്രീ. കെ. പി. രാജേന്ദ്രൻ പ്രസംഗിച്ചല്ലോ? എന്താ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് ഞങ്ങൾക്ക് മനസ്സിലായില്ല. ശ്രീ. പിണറായി വിജയന്എതിരായി ആക്ഷേപം ഉന്നയിച്ചിട്ട് മിണ്ടിയില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): അന്നേരം ഒന്നും മിണ്ടിയില്ല. ഇപ്പോൾ സി.പി.ഐ.-ക്കും, മാർക്സിസ്റ്റ് പാർട്ടിക്കും ശ്രീ. കോടിയേരി ബാലകൃഷ്ണനും വല്ലതും പറയാനുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: സർ, എ.ഡി.ബി. വായ്പയെ സംബന്ധിച്ചും എക്സ്പ്രസ് ഹൈവേയെ സംബന്ധിച്ചും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഒരു ധാരണയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന് എതിരായിട്ട്

8 P.M.] സംസാരിക്കുന്നത്? ഡി.ഐ.സി.കാരല്ലല്ലോ. സി.പി.ഐ.കാരല്ലേ അതിനെതിരെ സംസാരിക്കുന്നത്?.........(ബഹളം).........ഇത്തിൾക്കണ്ണി എവിടെയാ നിൽക്കുക. ഇത്തിൾ കണ്ണി വലിയ മരത്തിൽ പറ്റിപ്പിടിച്ചാണ് നിൽക്കുന്നത്. സി.പി.ഐ.(എം)-നെ പറ്റിപ്പിടിച്ചു നിന്നാലല്ലേ ഇവർക്ക് രക്ഷയുള്ളു, ഇല്ലെങ്കിൽ രക്ഷയുണ്ടോ? ഇവിടെ ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. ശ്രീ. പിണറായി വിജയൻ ആർഭാടത്തോടുകൂടി ധൂർത്ത് യാത്ര നടത്തിയെന്നു പറഞ്ഞു. ശ്രീ. വെളിയം ഭാർഗ്ഗവൻ പ്രസ്താവനയിറക്കി. ശ്രീ. പിണറായി വിജയൻ അതിന് മറുപടിയും പറഞ്ഞു. ഞാൻ കേട്ടത് ശരിയോ തെറ്റോയെന്നു അറിഞ്ഞുകൂടാ. എങ്കിലും കേട്ടത് ഒന്നു പറയട്ടെ. ശരിയല്ലെങ്കിൽ ശ്രീ. കെ. പി.രാജേന്ദ്രൻ തിരുത്തിക്കോ. ശ്രീ. പിണറായി വിജയനെ സ്വീകരിക്കാൻ പോയതിന്റെ പേരിൽ ശ്രീ. മാങ്കോട് രാധാകൃഷ്ണനും ശ്രീ. എൻ. രാജനും നോട്ടീസ് കൊടുത്തിട്ടുണ്ടെന്നാണ് ഞാൻ കേട്ടത്. ഞാൻ കേട്ട കാര്യമാണ് പറഞ്ഞത്. .... (ബഹളം).......... ഇന്നലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കൺവീനർ ....(ബഹളം)........ ഇങ്ങ് തന്നേരെ ഞങ്ങൾ മേടിച്ചുകൊള്ളാം. തന്നേരെ നിങ്ങളെക്കൂടി കുളിപ്പിക്കാം. ശ്രീ. പന്ന്യൻ രവീന്ദ്രനെക്കൂടി കുളിപ്പിച്ചെങ്കിലല്ലേ പറ്റുകയുള്ളു. ശ്രീ. പന്ന്യൻ രവീന്ദ്രൻ ലീഡറുടെ കാല് തൊട്ട് വന്ദിച്ച് അനുഗ്രഹം വാങ്ങിയ ആളാണ്. അറിയുമോ............. ഫോട്ടോ കാണിച്ചു തരാം. ശ്രീ. കെ. കരുണാകരന്റെ കാല് തൊട്ട് വന്ദിച്ച് അനുഗ്രഹം വാങ്ങി ഇലക്ഷൻ വർക്ക് നടത്താം. എന്നിട്ട് അദ്ദേഹത്തെ തൊട്ടാൽ, അദ്ദേഹം തൊട്ടാൽ കുളിക്കണമെന്നു പറഞ്ഞാൽ ഒരു മര്യാദ വേണ്ടേ ഈ കാര്യത്തിനൊക്കെ. ....(ബഹളം) ....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. പന്ന്യൻ രവീന്ദ്രൻ ഞങ്ങളുടെ പാർട്ടിയുടെ പ്രമുഖനായ നേതാവാണ്. തിരുവനന്തപുരത്തെ ജനങ്ങൾ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി തെരഞ്ഞെടുത്ത ഒരു ജനപ്രതിനിധിയാണ്. അദ്ദേഹത്തെക്കുറിച്ച് അവാസ്തവമായ പ്രസ്താവനയാണ് ശ്രീ. ടി. എം. ജേക്കബ് നടത്തിയത്. അത് തിരുത്തണം. അല്ലെങ്കിൽ സഭാരേഖകളിൽ ഉണ്ടാകരുത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: വിശേഷിച്ച് ഒന്നും പറഞ്ഞില്ലല്ലോ. ഗുരുക്കന്മാരെ വന്ദിക്കുന്നതിൽ തെറ്റുണ്ടോ.

ശ്രീ. ടി. എം. ജേക്കബ്: സർ, ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞത്............. (ബഹളം) ....

മി. സ്പീക്കർ: ശ്രീ. ബിനോയ് വിശ്വം അങ്ങ് കുറച്ചുകൂടി മര്യാദ കാണിക്കണം. കുട്ടികളുടെ മാതിരി ചെയ്യരുത്. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞത് സ്വീകരിക്കാം. ഒരു കാര്യം ചെയ്താൽ ഇപ്പോൾ അസംബ്ലി ഇലക്ഷൻ മേയ് മാസത്തിൽ ഉണ്ടല്ലോ. ശ്രീ. പന്ന്യൻ രവീന്ദ്രൻ രാജിവച്ചിട്ട് ഒന്നുകൂടെ മൽസരിക്കട്ടെ. നമുക്ക് ഒന്നു നോക്കാം. ഞങ്ങൾക്ക് വല്ല വോട്ടും ഉണ്ടോ, ആർക്കാ വോട്ട്? സി.പി.ഐ.ക്കല്ലേ വോട്ട്. സി.പി.ഐ.(എം)-ന് വോട്ട് ഉണ്ടോ? വോട്ടുള്ളതെല്ലാം നിങ്ങൾക്കല്ലേ? ഒരു വാക്കുകൂടി പറയട്ടെ. ഇന്നലെ എൽ.ഡി.എഫ്.ന്റെ കൺവീനർ ശ്രീ. പാലൊളി മുഹമ്മദ് കുട്ടി വളരെ സാത്വികനായ മനുഷ്യനല്ലേ? അദ്ദേഹം ഇന്നലെ ഏഷ്യാനെറ്റ് ന്യൂസിൽ ഇന്റർവ്യൂ കൊടുത്തു. സി.പി.ഐ.യുടെ വലുപ്പത്തെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു "പൊക്കം കുറഞ്ഞവൻ വീഞ്ഞപ്പെട്ടിയുടെ മുകളിൽ കയറി നിന്നു പൊക്കം കാണിച്ച് ഞാനാണ് വലിയ ആൾ എന്നു പറയുന്നതുപോലെയാണ് സി.പി.ഐ. വലിയ പാർട്ടി ആണ് എന്ന് അവകാശപ്പെടുന്നത് എന്ന്". ഏഷ്യാനെറ്റ് ന്യൂസിൽ വന്നതാണ്............(ബഹളം)......... ഏഷ്യാനെറ്റ് ന്യൂസുകാരോട് ചോദിച്ചാൽ .....(ബഹളം) ......

മി. സ്പീക്കർ: പ്ലീസ് ടേക്ക് യുവർ സീറ്റ്. ശ്രീ. പി.എസ്.സുപാൽ ഇരിക്കൂ. ശ്രീ. പി.എസ്.സുപാൽ മിടുക്ക് കാണിക്കണ്ട . പ്ലീസ് ടേക്ക് യുവർ സീറ്റ്. അങ്ങ് ഇരിക്കണം. പോയി സീറ്റിലിരിക്കൂ. ഇവിടെ ....(ബഹളം) ....പറയുന്നത് കേൾക്കൂ. ഇവിടെ ശ്രീ. പി. എസ്. സുപാൽ അടക്കം മെമ്പർമാരൊക്കെ സമയം കൂടുതൽ എടുക്കാറുണ്ട്. പക്ഷേ മെമ്പറെ പറയാൻ അനുവദിക്കാതെ നിങ്ങൾ ബഹളം കൂട്ടുന്നത് മാന്യമായ കാര്യമല്ല. നിങ്ങൾ അവസാനിപ്പിക്കൂ.

ശ്രീ. ടി. എം.ജേക്കബ്: സർ, ഇവിടെ ശ്രീ. വെളിയം ഭാർഗ്ഗവൻ ഞങ്ങൾക്കൊരു ഉപദേശം തന്നു. നിങ്ങൾ ത്രികോണം നടത്തിക്കോ, നിങ്ങളും മൽസരിച്ചോ. ഞാൻ ഒരു കാര്യം നിങ്ങളോട് പറയാം. അതിനുവെച്ച വെള്ളം, ആ പൂതിയുണ്ടല്ലോ അതങ്ങ് അവസാനിപ്പിക്ക്, അതിനുവെച്ച വെള്ളമങ്ങ് വാങ്ങിവച്ചോ. രാഷ്ട്രീയമായ എന്ത് നിലപാട് സ്വീകരിക്കണമെന്ന് ഞങ്ങൾക്കറിയാം.

ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ശ്രീ. ടി. എം. ജേക്കബ് പറഞ്ഞത് രേഖയിൽ നിന്നു നീക്കണമെന്നു ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞു. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ഏഷ്യാനെറ്റിൽ പറഞ്ഞത് ഞാനും കേട്ടതാണ്. അതുതന്നെയാണ് സി.പി.ഐ.(എം)-ന്റെ ലൈനെന്നു ഇപ്പോൾ മനസില്ലായില്ലേ? നിങ്ങളെ പ്രോട്ടക്ട് ചെയ്യാൻ അവരില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സി.പി.ഐ.(എം)-ഉം സി.പി.ഐ.യും തമ്മിൽ ഏറ്റവും അടുത്ത സാഹചര്യത്തിൽ പ്രവർത്തിക്കുന്ന രണ്ട് പാർട്ടികളാണ്. ഞങ്ങളെ ഭിന്നിപ്പിക്കാൻ നിങ്ങൾ ആര് വിചാരിച്ചാലും സാധിക്കുകയില്ല. ഞങ്ങൾ ഐക്യത്തോടുകൂടിതന്നെ മുന്നോട്ട് പോകും. ....(ബഹളം)..................

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഏറ്റവും അടുത്ത് പ്രവർത്തിക്കുന്നതുകൊണ്ട് സത്യം കൃത്യമായി അറിയാവുന്നത് അടുത്തിരിക്കുന്ന ആൾക്കാർക്കു തന്നെയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് സത്യമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. പി.രാജേന്ദ്രനും തൊട്ടടുത്താണ് ഇപ്പോൾ ഇരിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. ഞാൻ പറഞ്ഞത് ബഹളത്തിനിടയ്ക്ക് മുങ്ങിപ്പോയി എന്നു തോന്നുന്നു.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വളരെ പെട്ടന്നു ജന്മം നൽകിയ ഒരു പാർട്ടി. ആ പാർട്ടിയുമായി കൂട്ടുപിടിച്ച്കൊണ്ട് എൽ.ഡി.എഫ്.-മായി ബന്ധപ്പെട്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും യു.ഡി.എഫ്.-നെയും തോൽപിക്കാൻവേണ്ടി ചെയ്ത ആ ചതിയിൻ മേലുള്ള ചതിയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഒരൊറ്റ കാര്യം ശ്രീ. ബിനോയ് വിശ്വം അവിടെ ഇരിക്ക്. ഞാനല്ലേ പറയുന്നത്? വളരെ പ്രായക്കൂടുതലുള്ള ആളും പ്രായം കുറഞ്ഞ ആളുമായിട്ട് പ്രണയിച്ചാൽ ദീർഘകാലം നിൽക്കുകയില്ല. അതാണ് ഇപ്പോൾ സംഭവിച്ചത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ അവസാനിപ്പിക്കാം. ഞാൻ പറഞ്ഞ ഒരു വാക്ക് ബഹളത്തിൽ മുങ്ങിപ്പോയി എന്നു തോന്നുന്നു. ശ്രീ. വെളിയം ഭാർഗ്ഗവൻ ഞങ്ങളെ ഉപദേശിച്ചത് നിങ്ങൾ മൽസരിച്ചോ ത്രികോണം ഇവിടെ നടക്കട്ടെ. ഞാൻ ഒരു കാര്യം പറയാം അദ്ദേഹത്തിന്റെ അത്രയും പ്രായം ഒന്നും എനിക്കില്ല. അദ്ദേഹത്തെക്കാൾ കുറച്ചുകൂടി പൊളിറ്റിക്കൽ എക്സ്പീരിയൻസ് കുറവാണെന്നു ഞാൻ അഡ്മിറ്റ് ചെയ്തേക്കാം. പക്ഷേ ഞങ്ങളുടെ ചെലവിൽ നിങ്ങൾ എവിടെയും വിളമ്പാൻ പോകണ്ട. ഞങ്ങളുടെ പറമ്പിലെ പുല്ലുകണ്ട് നിങ്ങൾ പശുവിനെ വളർത്തേണ്ട. ഇങ്ങനെ ത്രികോണം നടന്നാൽ അതിനിടയിൽക്കൂടി സി.പി.ഐ.-ക്ക് അങ്ങ് കയറിയേക്കാം എന്ന പൂതിവല്ലതും ഉണ്ടെങ്കിൽ ആ വെള്ളം അങ്ങ് വാങ്ങി വയ്ക്ക്. ഞങ്ങൾക്കറിയാം രാഷ്ട്രീയമായി എന്തു ചെയ്യണമെന്ന്. രാഷ്ട്രീയമായി കാര്യങ്ങൾ നീക്കാൻ പ്രാപ്തനാണ് ശ്രീ. കെ. കരുണാകരൻ. അദ്ദേഹം കേരള രാഷ്ട്രീയത്തിലെ ഒരു ചാണക്യൻ തന്നെയാണ്. അദ്ദേഹത്തെപ്പോലെ പരിണത പ്രജ്ഞനായ ഒരാൾ തീർച്ചയായിട്ടും രാഷ്ട്രീയമായ ചില തീരുമാനങ്ങൾ എടുക്കും. ഞങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയുമെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ട്. സി.പി.ഐ.-ലെ എന്റെ സുഹൃത്തുക്കൾ വെറുതെ കിടന്നു പ്രശ്നം ഉണ്ടാക്കണ്ട.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഈ നാടുനീളെ പറഞ്ഞ കാര്യങ്ങൾ കേരളത്തിലെ ജനങ്ങൾ കണ്ടു. നന്ദിയെന്നു പറഞ്ഞില്ലെങ്കിലും നിങ്ങൾ നന്ദികേട് കാണിക്കരുത് എന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. നമുക്ക് മേയ് മാസത്തിലെ ഇലക്ഷനിൽ കാണാം.

Smt. Elizabeth Mammen Mathai: Sir, I extend my support to the Kerala Finance Bill 2006; The Kerala Appropriation Bill, 2006; items 2 to 15 and The Kerala Appropriation (Vote on Account) Bill, 2006. By the sanctioning of the excess financial commitments incurred by the Governments from time to time, it is doing a great constitutional duty in the interest of the people of the State. The UDF Government came to power in 2001 with an empty treasury in hand. Standing within its tight financial barriers the UDF Government through very efficient and clever financial management have brought Kerala to the forefront of development in all fields. Under this Government, under the brave leadership of Shri Oommen Chandy, not to forget the services of our former Chief Minister Shri A. K. Antony, we went fast forward with his people's friendly programmes having succeeded in touching the hearts of all classes of society, providing for the poor the destitute, the old and the sick. For the first time, medical insurance schemes were implemented with wide applause to the families of the BPL group which covers expenses of One lakh rupees for free treatment. Through Science and Technology and IT sectors there has been an all time development of Techno parks, Cochin Smart City and with all IT Companies from abroad starting IT Companies in Kerala thereby creating employment and job opportunities for our educated youth. With the implementation of the privatisation in the educational sector students going out of Kerala for studies in medicine, engineering and new generation courses like bio-technology, bio-informatics, food technology etc. have stopped going outside Kerala thereby stopping financial drain to other States and increasing the income of the State. Public Works Ministry has brought startling infrastructure development of roads and bridges with the help of the World Bank and NABARD on the international standards. The Government has given special consideration for the welfare of the NRIs and NRKs by facilitating investment friendly atmosphere in Kerala. In the agriculture sector the Paddy Procurement Schemes and Market Intervention Schemes, paddy procurement undertaken by the Civil Supplies Corporation and incentives by the Agricultural Department has helped in improving agricultural production on the whole and farmers are much relieved. On the whole the developments in Kerala are seen with happiness by the whole world. And

LIBRARY ARCHIVES Kerala Legislative Assembly

at this moment, I like to thank the team of Ministers who have provided great help for the development of my Constituency, Thiruvalla, which has met all time development this year. Thank You.

ശ്രീ. കെ .പി. മോഹനൻ: സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുകയാണ്. കാര്യമായിട്ട് കൂടുതലൊന്നും പറയാനില്ല. എന്തു പറയാനാണ്? ഈ സർക്കാരിനെക്കുറിച്ച് ഇവിടെ ശ്രീ. പി. കെ. കെ. ബാവ പറഞ്ഞു. മുറിവേറ്റ സിംഹങ്ങൾ പുറത്തുണ്ട്. അതു തന്നെയാണ് ഞങ്ങൾക്കും പറയാനുള്ളത്. തലോടുമെന്നു പറഞ്ഞ് അധികാരത്തിലേറിയ നിങ്ങൾ തലോടലിനു പകരം തല്ലുകൊടുത്ത് ഗ്രനേഡ് എറിഞ്ഞ് പരുക്കേൽപ്പിച്ചു. തകർത്തില്ലേ? സാധാരണ വിദ്യാർത്ഥികളെ, തൊഴിലാളികളെ, മറ്റുള്ളവരെയൊക്കെത്തന്നെ അടിച്ച് പരുക്കേൽപ്പിച്ചുകൊണ്ട് അവരെയൊക്കെ തെരുവിലിട്ട് തല്ലിയില്ലേ നിങ്ങൾ? അവരാണ് മുറിവേറ്റ സിംഹങ്ങൾ. അവർ നിങ്ങൾക്ക് മാപ്പ് തരികയില്ല. അവർ എന്തായാലും പകരം വീട്ടും. അടുത്ത തെരഞ്ഞെടുപ്പിൽ അത് കാണാം. മറ്റൊരു കാര്യം പറയാം. ഇവിടെ എന്താണുള്ളത്? രോഗം വന്നാൽ സാധാരണക്കാരായ പാവപ്പെട്ടവരുടെ ഏക ആശ്രയമാണ് പ്രൈമറി ഹെൽത്ത് സെന്റർ, അതുപോലെതന്നെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽകോളേജ് തുടങ്ങിയവ. അവിടത്തെ സ്ഥിതി ഇപ്പോൾ എന്താണ്? സാധാരണക്കാരൻ പോയാൽ നീതി ലഭിക്കുന്നില്ല. രോഗത്തിന് ചികിത്സ ലഭിക്കുന്നില്ല. എന്നു മാത്രമല്ല, അവിടെപ്പോയാൽ മരണം ഉറപ്പാണ്. ആ സ്ഥിതിയാണ് ഇന്നുള്ളത്. അവിടേയും ഡോക്ടർമാരില്ല. ഇവിടെ ഇത്തരത്തിലുള്ള രംഗങ്ങളൊന്നുംതന്നെ നന്നായിട്ടുകൊണ്ടുപോകാതെ ഇവിടെ എല്ലാം ചെയ്തു എന്നു പറഞ്ഞുകൊണ്ട് ഊറ്റംകൊള്ളുന്ന നിങ്ങളൊക്കെ ഇതെല്ലാം മനസ്സിലാക്കേണ്ടതുണ്ട്. ഇവിടെയുള്ള സാധാരണക്കാരനുവേണ്ടി നിങ്ങൾ ഒന്നും ചെയ്തില്ല. എല്ലാം നശിപ്പിക്കുകയല്ലേ നിങ്ങൾ ചെയ്തത്? എല്ലാം നശിപ്പിച്ചു കൊള്ളൂ. പക്ഷേ ആരോഗ്യമേഖല സംരക്ഷിക്കുവാനും അങ്ങ് മുന്നോട്ടുവരണം. ഒന്നുമില്ല. ഇവിടെ പലരും പറയുന്നുണ്ട്. വൈദ്യുതിമേഖലയെ ക്കുറിച്ച് ഇവിടെ പറഞ്ഞു. വൈദ്യുതിയുടെ ചാർജ് കുറച്ചു എന്നൊക്കെ പറയുന്നുണ്ട്. അതൊക്കെ ഉണ്ടായിട്ടുണ്ടാകും. പക്ഷേ 2003-ൽ വൈദ്യുതിക്കു വേണ്ടി അപേക്ഷിച്ച ഒട്ടേറെ ആളുകളുണ്ട്. അവർക്കൊന്നും വൈദ്യുതി ലഭിക്കുന്നില്ല. ഇങ്ങനെ അത്തരം കാര്യങ്ങളൊന്നും ചെയ്യാതെ, സാധാരണക്കാരന്റെ കാര്യങ്ങളൊന്നും ചെയ്യാതെ വലിയവനുവേണ്ടി മാത്രം ചെയ്ത ഈ സർക്കാരിനെതിരെ ഇവിടത്തെ ജനങ്ങൾ മാപ്പ് തരില്ല എന്നു പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലുകളെ ഒന്നുകൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. സി. ജോർജ്: സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുകയാണ്. പതിനൊന്നാം കേരള നിയമസഭയുടെ അവസാന ദിവസമെന്ന

LIBRARY ARCHIVES Kerala Legislative Assembly

സമ്മേളനത്തിലേക്ക് അടുക്കുകയാണ്. ഈ ഗവൺമെന്റ് നാലേമുക്കാൽ വർഷം ഭരിച്ചിട്ട് എന്താണ്.......... (ബഹളം)...........

മി. ഡെപ്യൂട്ടി സ്പീക്കർ: .... ഓർഡർ.............ഓർഡർ............ ഒരാൾ പ്രസംഗിക്കുമ്പോൾ......... (ബഹളം)......... ഇത് അസംബ്ലിയാണ്. അവസാനത്തെ സെഷനാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റിൽ ഇരിക്കണം. ....പ്ലീസ്......... പ്ലീസ്.......

ശ്രീ. പി. സി. ജോർജ്: സർ, എന്തൊരു ഗതികേടാണ്? ....നാണം കെട്ടവന്മാരുടെ കൂട്ടമെന്ന് ജനം പറയുമല്ലോ? ഇത് അഭിമാനമല്ല. ഇവിടെ നല്ല വിശദമായ ചർച്ച നടക്കുകയാണ്. നിങ്ങൾ ഓരോ തമാശ ചെയ്തോ? ഈ മുന്നണിയുടെ മുഖമുദ്രയല്ലേ തമാശ? ഈ രാജ്യത്തെ ജനതയുടെ വികാരം മാനിക്കാത്ത, ഭരണം നടത്തി നാലേമുക്കാൽ വർഷംകൊണ്ട് ഈ രാജ്യത്തെ കുട്ടിച്ചോറാക്കിയ ഈ ഗവൺമെന്റിന് വേണ്ടി കൊണ്ടുവന്നിരിക്കുന്ന ധന വിനിയോഗ ബില്ലിനെ അനുകൂലിക്കുവാൻ എനിക്ക് സൗകര്യമില്ല. ഞാൻ അങ്ങനെ അനുകൂലിക്കുകയുമില്ല. ഒരു സംശയവും വേണ്ട. നിങ്ങൾ എന്തു കാണിച്ചിട്ടും കാര്യമൊന്നുമില്ല. ഞാൻ ചോദിക്കട്ടെ, 2001-ലെ തെരഞ്ഞെടുപ്പിലെ നിങ്ങളുടെ വാഗ്ദാനങ്ങളിൽ ഏതാണ് പാലിച്ചിട്ടുള്ളത്? .... (ബഹളം)................ശ്രീ. ജോർജ് അനുകൂലിക്കണമെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല.................. എനിക്ക് സൗകര്യമില്ല സംസാരിക്കുവാൻ. .... (ബഹളം)....... എനിക്ക് പ്രൊട്ടക്ഷൻ കിട്ടണം. എനിക്ക് പ്രൊട്ടക്ഷൻ കിട്ടാതെ ഞാൻ സംസാരിക്കുന്നില്ല..........(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ ഇവിടെ ഇരിക്കുകയല്ലേ?......... (ബഹളം) ....

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ ബഹളമല്ലേ? ഇത് ഒരു മര്യാദയാണോ? ഇവിടെ അടുത്തിരുന്ന് വഴക്കുണ്ടാക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയമുണ്ട്. അങ്ങ് സംസാരിക്കണം.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് എനിക്ക് സമയം തന്നേ പറ്റൂ...................... (ബഹളം)...................... എനിക്ക് സംസാരിക്കണം. പക്ഷേ ബഹളം വയ്ക്കുവാൻ പറ്റുകയില്ല. കേരളം മുഴുവൻ തകർത്ത ഒരു ഗവൺമെന്റല്ലേ ഇത്? നമ്മുടെ വിദ്യാഭ്യാസ മേഖലയും, ആരോഗ്യ മേഖലയും ഒക്കെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായിരുന്നു. അത് തകർത്തു എന്നുള്ളതല്ലേ നിങ്ങളുടെ നാലേമുക്കാൽ വർഷകാലത്തെ നേട്ടം? ആഗോള വിദ്യാഭ്യാസ സമ്മേളനം നടത്തി. എനിക്ക് ഒരു തർക്കവുമില്ല. പക്ഷേ ഞാൻ ചോദിക്കട്ടെ, വിദേശ മൂലധന നിക്ഷേപം വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരുമെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ചോദിക്കട്ടെ, മൂലധന നിക്ഷേപവുമായിട്ട് ഒരു മുതലാളി വന്നാൽ അത് കച്ചവടത്തിന് അല്ലേ? അല്ലാതെ പിന്നെ എന്തിനാണ്? ലാഭമുണ്ടാക്കുവാൻ വേണ്ടിയല്ലേ വരുന്നത്? അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ മേഖലയെ ലാഭക്കച്ചവടക്കാരുടെ കൈകളിലേയ്ക്ക് എറിഞ്ഞു കൊടുക്കുന്ന നയമല്ലേ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്? ആരോഗ്യ രംഗത്ത് കാണുന്നത് എന്താണ്? ഇവിടെ ഇപ്പോൾ ആരോഗ്യ രംഗത്ത് ഗവൺമെന്റ് ആശുപത്രികളുണ്ടോ? ഇവിടെ ഗവൺമെന്റ് ആശുപത്രികളിൽ പോയിട്ട് കാര്യമുണ്ടോ? പോയാലും പണമുള്ളവന് ജീവിക്കാം. പണമില്ലാത്തവൻ പിണം എന്ന നിലയിലും. നാലേമുക്കാൽ വർഷംകൊണ്ട് ഈ രാജ്യത്തെ കുട്ടിച്ചോറാക്കിയവരാണ് നിങ്ങൾ എന്ന സത്യം നിഷേധിക്കുവാൻ പറ്റുകയില്ല. ഈ ഗവൺമെന്റിലുള്ള മന്ത്രിമാരെപ്പറ്റി പ്രതിപക്ഷം എത്രയോ ആരോപണം കൊണ്ടുവന്നു. ഈ ആരോപണങ്ങൾക്ക് മറുപടി വ്യക്തമായിട്ട് പറയാൻ തയ്യാറായിട്ടുണ്ടോ? എത്രയോ കമ്മിഷൻ റിപ്പോർട്ടുകൾ നമ്മുടെ മുമ്പിലുണ്ട്? ആ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഞാൻ ചോദിക്കട്ടെ, ഈ ഇരിക്കുന്ന മന്ത്രിമാരിൽ ആരാണ് മാന്യന്മാർ? ഈ രാജ്യത്ത് ഞാൻ ചോദിക്കട്ടെ, മുഹമ്മദ് യാസിന്റെ റിപ്പോർട്ട് ഉണ്ട്. എന്ത് നടപടി സ്വീകരിച്ചു? ഈ രാജ്യത്തെ വന മേഖല മുഴുവൻ വെട്ടിപ്പിടിച്ച് കഞ്ചാവ് മാഫിയയുടെ കയ്യിൽ കൊണ്ടുപോയി കൊടുത്തു . നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിഞ്ഞു? ഇതിനെതിരെ പ്രതിപക്ഷം ശക്തമായി പ്രതികരിച്ചില്ലേ? നിങ്ങൾ എന്ത് ചെയ്തു? ഇവിടെ മണൽ മാഫിയ, വനം മാഫിയ തുടങ്ങിയ മാഫിയകളുടെ കൈകളിലല്ലേ ഈ ഭരണം? എന്നിട്ട് നിങ്ങൾ രാജ്യത്തിനു വേണ്ടി സേവനം ചെയ്തുവെന്ന് പറയുന്നു. ഈ ഗവൺമെന്റ് ഒരു കാരണവശാലും ജനങ്ങളുടെ അംഗീകാരമുള്ള ഗവൺമെന്റല്ല. നടന്ന തെരഞ്ഞെടുപ്പുകളിൽ എല്ലാം പരാജയപ്പെട്ട് തുന്നം പാടിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പുറകേ കേരളത്തിലെ ജനങ്ങൾ പൂർണ്ണമായി നില്ക്കുന്നത് കണ്ടുകൊണ്ട് അവസാന സമ്മേളനത്തിലും അവസാന കലാശവുമായി നിങ്ങൾ വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അദ്ദേഹം ദാവോസിൽ പോയി, കാലിന് പരിക്കുപറ്റി. പക്ഷേ ഇന്നുവരെ നിയമസഭയിൽ വന്നില്ല. അധികം താമസിയാതെ അദ്ദേഹവുംകൂടി കലാശക്കൊട്ട് നടത്താൻവേണ്ടി വരാൻ പോകുകയാണ്. എന്നിട്ട് ഇവിടെ വന്ന് ഒരു വലിയ കരച്ചിലു നടത്തി ദീനാനുകമ്പ ഉണ്ടാക്കിക്കൊണ്ട് അത് വോട്ടാക്കി മാറ്റാനുള്ള കുത്സിതശ്രമവുമായിട്ടാണ് നിങ്ങൾ നടക്കുന്നത്. നിങ്ങൾ ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടുകൊണ്ട് ഭരണം നടത്തുന്നു. ജനം സത്യം തിരിച്ചറിഞ്ഞിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് ബോധ്യമുണ്ട്. നിങ്ങളുടെ ഈ പണിയൊന്നും ചെലവാകുകയില്ല. അടുത്ത മേയ് മാസത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ ബഹു ഭൂരിപക്ഷത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിച്ച് അധികാരത്തിൽ വരും. നിങ്ങളോട് ജനം പ്രതികാരം ചെയ്യുമെന്ന് നിങ്ങൾ മനസ്സിലാക്കണം. അതു മാത്രം പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ .... (ബഹളം)........ ഞാൻ ജയിച്ചു വരും.........(ബഹളം)........ നിങ്ങൾ വിഷമിക്കേണ്ട. പതിനയ്യായിരം വോട്ടിന് ഞാൻ ജയിച്ചു വരും...........(ബഹളം)........ ഞാൻ നോക്കിക്കൊള്ളാം........(ബഹളം)........ ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ ബാലകൃഷ്ണപിള്ള: സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുന്നു. വെറുതെ അനുകൂലിക്കുകയല്ല. ശ്രീ. വക്കം പുരുഷോത്തമൻ ആണ് നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചത്, ഞാൻ ബഡ്ജറ്റ് ചർച്ചയിൽ സംസാരിച്ചില്ല. അതുകൊണ്ട് പറയുകയാണ്. ഞാൻ വളരെക്കാലം ബഡ്ജറ്റ് പ്രസംഗങ്ങൾ കേട്ടിട്ടുള്ള ആളാണ്. കക്ഷിഭേദമില്ലാതെ ആലോചിച്ചാൽ പാവപ്പെട്ടവർക്ക് വളരെയധികം ആശ്വാസം നൽകുന്ന ഒരു ബഡ്ജറ്റാണ് ഇപ്പോൾ ഇവിടെ അവരിപ്പിച്ചിരിക്കുന്നത്. ഇത് നടപ്പാക്കാൻ കഴിഞ്ഞാൽ നമ്മുടെ സാമൂഹ്യ നീതി കാര്യമായി ഉറപ്പിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ശേഷം നിയമസഭയില്ലാത്ത ദിവസം നാട്ടിൽ പോയപ്പോൾ, വിവിധ വിഭാഗങ്ങൾ വളരെ കാര്യമായി സ്വാഗതം ചെയ്യുന്ന ഒരു ബഡ്ജറ്റാണിത് എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. അപ്പോൾ ആ ബഡ്ജറ്റിൽക്കൂടിയുള്ള ധനവിനിയോഗത്തിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലുകളെ എല്ലാവരും അനുകൂലിക്കേണ്ടതാണ്. കൃഷിക്കാർക്കും തൊഴിലാളികൾക്കും എൻ.ജി.ഒ.മാർക്കും മറ്റും ഗുണം കിട്ടുന്ന രീതിയിലാണ് ഈ ബഡ്ജറ്റ് അതരിപ്പിച്ചിരിക്കുന്നത്. ഇതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ പ്രകാരം ഭാഗപത്രം രജിസ്റ്റർ ചെയ്യാനുള്ള ഗുണം സാധാരണ ജനങ്ങൾക്ക് കിട്ടുന്നതാണ്. കാർഷികാദായ നികുതി പാവപ്പെട്ടവർക്കുവേണ്ടി ഉപേക്ഷിച്ചു. ഇങ്ങനെ ഗ്രാമപ്രദേശങ്ങളിലെ ആളുകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കർഷകർക്ക് ആയിരം രൂപ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചു, അംഗൻവാടി അദ്ധ്യാപകർക്കും ഹെൽപ്പർമാർക്കും പണം കൊടുക്കാൻ തീരുമാനിച്ചു. ഇങ്ങനെ നല്ല കാര്യങ്ങൾ ചെയ്തുവെന്ന് ജനങ്ങൾ തന്നെ നമ്മളോട് സംസാരിക്കുമ്പോൾ പറയാൻ തുടങ്ങി. അതുകൊണ്ടാണ് ഇന്ന് സംസാരിക്കണമെന്ന് തീരുമാനിക്കാനുള്ള മാനസികമായ പ്രേരണ എനിക്ക് ഉണ്ടായത്. ഇവിടെ ഇതൊക്കെ നടപ്പാക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടാകണമെന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു കാര്യം. നമ്മുടെ സംസ്ഥാനത്ത് സാമ്പത്തികമായ ഒരുപാട് വേസ്റ്റുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെ എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ് ഞാൻ പറയുന്നത്. രണ്ട് ക്ലാസ്സുകൾ ഒരടി അകലത്തിൽ. നടുവിൽ ഒരു മതിൽ. രണ്ടിലും കുട്ടികളില്ല. എന്റെ നിയോജകമണ്ഡലത്തിലും ചുറ്റുപാടും ഉള്ളതാണ്. ഈ രണ്ട് ക്ലാസ്സുകളും കൂടി ഒന്നാക്കിക്കൂടേ? ആറ് കുട്ടികളുള്ള ക്ലാസ്സും രണ്ട് കുട്ടികളുള്ള ക്ലാസ്സും കൂടി ഒന്നാക്കിയാൽ അദ്ധ്യാപകർക്ക് കുഴപ്പമൊന്നും വരുന്നില്ലല്ലോ. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ആലോചിക്കേണ്ട കാര്യമാണ്. ഇതുപോലെ പല സ്കൂളുകളുണ്ട്. കുട്ടികൾ വരുമ്പോൾ ഇതേ ക്ലാസ്സുകൾ വീണ്ടും ആരംഭിക്കാം. എത്ര കോടി രൂപയാണ് നമ്മൾ വേസ്റ്റ് ചെയ്യുന്നത്? അതുപോലെ കോളേജുകളിൽ പല കോഴ്സുകളും പഠിക്കാൻ കുട്ടികളില്ല. അവിടെ പുതിയ കോഴ്സുകൾ തുടങ്ങണം. അദ്ധ്യാപകരുടെ തൊഴിൽ സാദ്ധ്യതയൊന്നും നഷ്ടപ്പെടുന്നില്ല. അതേസമയം കുട്ടികൾക്ക് പ്രയോജനം കിട്ടും. അവിടെ ക്ലാസ്സ് കുറയ്ക്കണമെന്നോ അദ്ധ്യാപകരെ കുറയ്ക്കണമെന്നോ അല്ല പറയുന്നത്. പല കോളേജുകളിലും കുട്ടികൾ തീരെ ഇല്ലാതെ പല കോഴ്സുകളും നടത്തുന്നു. ഏത് കോളേജാണ് എന്നൊന്നും ഞാൻ പറയുന്നില്ല. അവിടെ നിന്ന് അദ്ധ്യാപകരെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു വിടേണ്ട. പക്ഷേ അവിടെ പുതിയ കോഴ്സുകൾ അനുവദിക്കണം. കുട്ടികൾക്ക് പുതിയ കോഴ്സുകൾ പഠിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കണം. അത് വളരെ അടിയന്തിരമായി ചെയ്യേണ്ട കാര്യമാണ്. അവിടെ കോർ സബ്ജക്ട്സിനൊക്കെ ലക്ചറേഴ്സുണ്ട്. ബാക്കിയുള്ള സബ്ജക്ട്സിന് ആളെ നിയമിച്ചാൽ മതി. ഈ സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് ഉണ്ടെന്നുപറയുന്ന പല ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ ഇതുമൂലം കഴിയും. പുതിയ കോഴ്സുകൾ തുടങ്ങുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ഒരു ഉണർവ്വുണ്ട്. ചില കുഴപ്പങ്ങളുമുണ്ട്. ഇല്ല എന്ന് ഞാൻ പറയുന്നില്ല. സ്വാശ്രയ കോളേജുകളുടെ അനുമതി സംസ്ഥാന സർക്കാർ നിർത്തിയിരിക്കുകയാണ്. മെഡിക്കൽ കോളേജായാലും എൻജിനീയറിംഗ് കോളേജായാലും സ്വാശ്രയ കോളേജുകൾ ഇനി അനുവദിക്കുന്നത് സൂക്ഷിച്ചു വേണം. ഈ കോളേജുകൾ നമ്മുടെ സാമൂഹ്യമായ വരുതിയിൽനിൽക്കുന്ന കാലംവരെ പുതിയ സ്ഥാപനങ്ങൾ അനുവദിക്കുക എന്നുപറയുന്നത് ഒരു കാരണവശാലും ശരിയല്ല. അതുപോലെ അംഗീകൃത സ്കൂളുകളും അനുവദിക്കാൻ പാടില്ല. കാരണം സി.ബി.എസ്.ഇ. സ്കൂളുകൾ ഓരോ വർഷവും നമ്മളറിയാതെ തന്നെ കേന്ദ്രം അനുവദിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അനധികൃത സ്കൂളുകൾ അനുവദിക്കുന്ന കാര്യം ഈ ഗവൺമെന്റ് തുടരാൻ പാടില്ല. ഏതെങ്കിലും കാരണവശാൽ തുടങ്ങുകയാണെങ്കിൽ സർക്കാർ സ്കൂളുകൾ തുടങ്ങുക. സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിൽ തെറ്റില്ല. ശ്രീ. ഇ .ടി. മുഹമ്മദ് ബഷീറിന്റെ നേതൃത്വത്തിൽ എറണാകുളത്ത് നടന്ന വിദ്യാഭ്യാസം സംബന്ധിച്ചുള്ള അന്താരാഷ്ട്ര കോൺഫറൻസ് നന്നായി എന്നുള്ള അഭിപ്രായമാണുള്ളത്. ഇൻഡ്യയിലേക്ക് വിദേശ വിദ്യാർത്ഥികളെ ആകർഷിച്ചിരിക്കുന്നു. ഞങ്ങൾ തിരുവനന്തപുരത്തെ കോളേജുകളിൽ പഠിക്കുന്ന കാലത്ത് ആഫ്രിക്ക, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കുട്ടികൾ ഇവിടെ വന്ന് തിരുവനന്തപുരത്തെ ലാ കോളേജിലും യൂണിവേഴ്സിറ്റി കോളേജിലും പഠിച്ചിരുന്നു. അന്ന് എന്നോടൊപ്പം പഠിച്ചിരുന്ന ഒരാൾ പിന്നീട് ഉഗാണ്ടയിലെ ചീഫ് ജസ്റ്റിസായി വന്നു. ഞാൻ അവിടെ പോയപ്പോൾ അദ്ദേഹത്തെ കണ്ടു. തിരുവനന്തപുരം യൂണിവേഴ്സിറ്റിക്ക് അന്നുണ്ടായിരുന്ന അംഗീകാരം ഇന്നുണ്ടോ എന്ന് എനിക്കറിയില്ല. ആ അംഗീകാരം തിരിച്ചുപിടിക്കാൻ ഇതുപോലുള്ള സംവിധാനങ്ങൾ നല്ലതല്ലേ? നമ്മൾ അതിനെ സ്വാഗതം ചെയ്യണ്ടേ? 1962-നു മുമ്പുണ്ടായിരുന്ന അംഗീകാരം തിരിച്ചുപിടിക്കാൻ ഇതുപോലുള്ള സമ്മേളനങ്ങൾ ഉപകരിക്കുമെങ്കിൽ എന്താണ് തെറ്റ്? അവർ വരട്ടെ. ഇൻഡ്യയ്ക്ക് നല്ലതല്ലേ? വിദേശത്ത് പോയി പഠിക്കുന്ന നമ്മുടെ കുട്ടികളെ തടഞ്ഞുനിർത്താനും അതേ സ്റ്റാൻഡേർഡിലുള്ള വിദ്യാഭ്യാസം ഇവിടെ കൊടുക്കാനും കഴിഞ്ഞാൽ, ആ ഡിഗ്രിക്ക് വിലയുണ്ടെങ്കിൽ, അവർക്ക് വിദേശ രാജ്യങ്ങളിൽ പോയാൽ രക്ഷപ്പെടാൻ കഴിയുമെങ്കിൽ വിദ്യാഭ്യാസ നിലവാരം ഉയർത്താനും ഇത് ഉപകരിക്കുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെ ഞാൻ അഭിനന്ദിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങൾക്കുവേണ്ടി നീക്കിവച്ചിരുന്ന പണം കശുവണ്ടി മേഖലയ്ക്ക് വേണ്ടി മാത്രമേ ചെലവാക്കിയുള്ളൂ. നമ്മുടെ കൈത്തറി

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാടിലേയ്ക്കും ആന്ധ്രാപ്രദേശിലേയ്ക്കും പോയിക്കൊണ്ടിരി ക്കുന്നു. ശ്രീ. ബാബു ദിവാകരൻ പറഞ്ഞതനുസരിച്ച് കശുവണ്ടി വ്യവസായം ബുദ്ധിമുട്ട് അനുഭവിക്കാൻ പോവുകയാണ്. കശുവണ്ടി വ്യവസായം തകർന്നാൽ രണ്ടര ലക്ഷത്തോളം പാവപ്പെട്ട തൊഴിലാളികൾ നശിച്ചുപോകും. അതുകൊണ്ട് പരമ്പരാഗത വ്യവസായങ്ങൾക്കുവേണ്ടി നീക്കിവച്ച സംഖ്യ പൂർണ്ണമായും ചെലവാക്കാൻ തയ്യാറാകണം. കൈത്തറിയിൽ ചില കുഴപ്പങ്ങളൊക്കെ നടന്നു. ആര് എന്നൊന്നും ഞാൻ പറയുന്നില്ല. അത് വിജിലൻസ് അന്വേഷണത്തിലാണ്. ഇല്ലാത്ത സൊസൈറ്റി തമിഴ്നാട്ടിൽ നിന്നും തുണി വാങ്ങിക്കൊണ്ടു വന്ന് ഇവിടെ നിർമ്മിച്ചതാണെന്നു പറഞ്ഞ് റിബേറ്റൊക്ക വാങ്ങിയ ഒരുപാട് സംഭവങ്ങളുണ്ട്. അതുകൊണ്ട് യഥാർത്ഥ കൈത്തറി തൊഴിലാളികളേയും കൈത്തറി വ്യവസായ ത്തേയും തകർക്കുന്ന നടപടികളല്ല രക്ഷപ്പെടുത്തുന്ന നടപടികളായിരിക്കണം ഈ ഗവൺമെന്റ് സ്വീകരിക്കേണ്ടത്. ഒരു കാര്യം കൂടി പറയാം. പോലീസിനെ അൽപ്പംകൂടി മര്യാദയ്ക്ക് നിർത്തേണ്ട കാലം അതിക്രമിച്ചു. ഞാൻ ഈ സഭയിൽ വന്നിട്ട് 46 കൊല്ലമായി. കൂടാത്ത നിയമസഭ ഉൾപ്പെടെ പതിനൊന്നാണ്. 1965-ൽ നിയമസഭ കൂടിയില്ല. പതിനാലാമത്തെ സമ്മേളനമാണ് ഇന്ന് അവസാനിക്കുന്നത്. പോലീസിനെ അഴിച്ചുവിട്ടിരിക്കുന്നു. അത് ആരാണെന്ന് ചോദിച്ചാൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ആണെന്ന് ഞാൻ പറയില്ല. പക്ഷേ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥർ ഇത് ശ്രദ്ധിക്കുന്നില്ല. കഴിവില്ലാത്ത ഉദ്യോഗസ്ഥർ പല സ്ഥലത്തും ഇരിക്കുകയാണ്. ഇത് നിയന്ത്രിക്കാൻ കഴിവില്ലാത്ത ഉദ്യോഗസ്ഥരാണുള്ളത്. ഞാൻ ഡി.ജി.പിയെപ്പറ്റിയൊന്നും പറയുന്നില്ല. പക്ഷേ പറയാതിരിക്കുന്നത് ശരിയുമല്ല. അഡ്മിനിസ്ട്രേഷൻ വളരെ മോശമായിരിക്കുന്നു. ഈ ഗവൺമെന്റ് അത് തിരുത്തണം. മുഖ്യമന്ത്രി ഇല്ലാത്തതുകൊണ്ട് വക്കംജി ഒന്ന് ശ്രദ്ധിക്കണം. ഹൈവേ പോലീസ് എന്നുപറയുന്ന ഒരു സെറ്റുണ്ട്. അവർ ഈ സഭയിലെ ആരെയെങ്കിലും അംഗീകരിക്കുമോ? ഇപ്പോൾ നാട്ടുകാർ ഈ പോലീസിനെ ഹൈവേ റോബേഴ്സ് എന്നാണ് വിളിക്കുന്നത്. എം.എൽ.എ.മാരെ എത്ര തവണ ഈ ഹൈവേ പോലീസ് തടഞ്ഞു നിർത്തിയിട്ടുണ്ട്? ഹൈവേ പോലീസിനെ പിൻവലിച്ച് അവരെ ക്രൈം സ്ക്വാഡിലോ മറ്റോ ഇൻവെസ്റ്റിഗേഷന് അയയ്ക്കാമോ? ആരേയും പിരിച്ചു വിടേണ്ടല്ലോ. എന്തിനാണ് വണ്ടിയും കൊടുത്ത്, മണലുകാരേയും ചുടുകട്ട കൊണ്ടു പോകുന്നവരേയും രാത്രി തടഞ്ഞുനിർത്തി കാശ് വാങ്ങിക്കുന്നു എന്ന് ഞാൻ പറഞ്ഞാൽ ശരിയാവില്ല; എങ്കിലും അത് സത്യമാണ്. ഇത്തരത്തിലുള്ള പോലീസുകാരെ എന്തിനാണ് ഹൈവേയിൽ നിർത്തുന്നത്? അല്ലെങ്കിൽ സൽസ്വഭാവമുള്ള നല്ല ആളുകളെ വയ്ക്കണം. പെൻഷൻ പറ്റുന്നതിന് ആറ് മാസമുള്ളപ്പോൾ ഹൈവേ പോലീസിനെ വയ്ക്കും. അപ്പോൾ ആറുമാസം കൊണ്ട് അത്യാവശ്യമുള്ള കാര്യങ്ങൾ ചെയ്തിട്ട് പോകാൻ സമയം കിട്ടും. അതുകൊണ്ട് ജനങ്ങളെ ഏറ്റവും ദ്രോഹിക്കുന്ന ഹൈവേ പോലീസിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് നിലപാട് പുന:പരിശോധിക്കണം. രാഷ്ട്രീയം പറഞ്ഞ് കത്തിക്കയറി പല ആളുകളും. ഞാൻ വളരെ കൂടുതൽ രാഷ്ട്രീയം പറയാൻ ആഗ്രഹിക്കുന്നില്ല. എന്റെ നാട്ടിൽ ഒരു പ്രൈമറി സ്കൂളുണ്ടായിരുന്നു. ഇത് വളരെ മുമ്പ് ഞങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

പ്രൈമറി സ്കൂളിൽ പഠിച്ചിരുന്ന കാലത്തെ കാര്യമാണ്. ആ പ്രൈമറി സ്കൂളിലെ ഹെഡ്മാസ്റ്റർക്ക് ഏഴ് രൂപയും പ്യൂണിന് രണ്ട് രൂപയുമായിരുന്നു ശമ്പളം. മത്തായിചേട്ടൻ എന്നുപറയുന്ന ഒരാളായിരുന്നു പ്യൂൺ. അദ്ദേഹത്തോട് നിങ്ങൾക്ക് എത്ര ശമ്പളമുണ്ടെന്ന് ചോദിച്ചാൽ അദ്ദേഹം പറയും ഞങ്ങൾക്ക് രണ്ട് പേർക്കും കൂടി ഒൻപത് രൂപയാണ് ശമ്പളമെന്ന്. അദ്ദേഹത്തിന്റെ ശമ്പളം അയാൾ പറയില്ല. അതുപോലെയാണ് ഇവിടത്തെ രാഷ്ട്രീയം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം എനിക്ക് അഭിപ്രായവ്യത്യാസമില്ല. അവർക്ക് കുറെ ആളുകളുണ്ട്. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ആ ആളുകളെ കണ്ടുകൊണ്ട് വെല്ലുവിളികൾ നടത്തുന്നത് അത്ര ശരിയല്ല.

കുറേക്കൂടി നല്ല സ്വരച്ചേർച്ച വേണം. ഞങ്ങളൊക്കെ ....(ബഹളം) ....പറഞ്ഞതൊക്കെ ശരിയായിരിക്കാം. പക്ഷെ വാക്കുകൾ വളരെ ശ്രദ്ധിച്ച് ഉപയോഗിക്കുന്നതാണ് നല്ലത്. ശ്രീ. രാജേന്ദ്രൻ ഓർക്കാൻ വേണ്ടി പറയുകയാണ്. 1969-ൽ ഇ.എം.എസ്.-ന് എതിരായി, വിശ്വാസ പ്രമേയത്തിന് എതിരായിട്ട് വോട്ട് ചെയ്തിട്ട് അച്ചുതമേനോനെ വരെ കൊണ്ടുവന്നു മുഖ്യമന്ത്രി ആക്കിയപ്പോൾ Liaison Committee-യുടെ കൺവീനർ ആയിരുന്നത് ശ്രീ. വെളിയം ഭാർഗ്ഗവനും ഞാനും ആയിരുന്നു. പിന്നെ അവിടംകൊണ്ട് ഭരണം പോയി. 1975-ൽ എന്തായിരുന്നു എന്ന് അറിയാമോ? അടിയന്തിരാവസ്ഥക്കാലത്ത് റോഡിൽക്കൂടി നടന്ന ഇ.എം.എസ്.-നെയും എ.കെ.ജി.-യേയും ശ്രീ. ശങ്കരനാരായണനേയും എം. പി. മൻമഥനേയും, ശ്രീ. ഒ. രാജഗോപാലിനേയും കെ. എം. ജോർജ്ജിനേയും എന്നേയും പിടിച്ച് ജയിലിൽ ഇട്ടു. ശ്രീ. കെ. കരുണാകരന്റെ കാലഘട്ടത്തിൽ ജയിലിൽ കിടന്ന് ഉണ്ട തിന്നവരാണ് ഞങ്ങൾ. ബ7അന്ന് മുഖ്യമന്ത്രി അച്ചുതമേനോനാണ്. ശ്രീ. ശങ്കരനാരായണൻ കൂടുതൽ കിടന്നു. ഒന്നര മാസം കഴിഞ്ഞപ്പോൾ എന്നേയും ഇ.എം.എസ്.-നേയും ജോർജ്ജ് സാറിനേയും, ഒ. രാജഗോപാലിനേയും ഉൾപ്പടെ യുള്ളവരെ വിട്ടു. ....(ബഹളം).....................

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട ശങ്കരനാരായണൻ പറയുന്നത് ഇപ്പോഴും അവിടെത്തന്നെ കിടന്നാൽ മതിയായിരുന്നു എന്നാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ശ്രീ. ശങ്കരനാരായണൻ ഒരു കാര്യവും സീരിയസായിട്ട് എടുക്കുന്ന ആളല്ല. അത് പുള്ളിയുടെ ഒരു സ്വഭാവമാണ്. ജയിലിൽ കിടന്നപ്പോഴും നല്ല തമാശയായിരുന്നു. അതൊന്നും മറക്കരുത്. ഓരോരുത്തരേയും തള്ളിപ്പറയുമ്പോൾ നിങ്ങൾ ഒരു കാര്യം ഓർക്കുന്നത് നല്ലതാണ്........................ (ബഹളം)............എന്നെ ഇറക്കിവിടാൻ ഞാൻ പറഞ്ഞില്ലല്ലോ. ....(ബഹളം)...........എന്റെ പാർട്ടി തീരുമാനിച്ചപ്പോൾ ഞാൻ മന്ത്രിയായി. ഇവിടെ പറയുമ്പോൾ ഇക്കാര്യങ്ങളൊക്കെ ആലോചിച്ചുവേണം പറയാൻ. നിങ്ങൾ പറഞ്ഞു. വലിയ പിള്ളയും ചെറിയ പിള്ളയും എന്ന്. ഒന്ന് ഞാനായിരിക്കുമെന്ന് വിചാരിക്കുന്നു; മറ്റേത് ഗണേശനും. പക്ഷെ ഈ വലിയ പിള്ളയുടേയും ചെറിയ പിള്ളയുടേയും ആനുകൂല്യത്താൽ പല പദവികളും നിങ്ങൾക്ക് ഈ അടുത്ത കാലത്ത് നേടാൻ ഇടയായിട്ടുണ്ടെന്നുമാത്രം ഇപ്പോൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്ബ്: അദ്ദേഹം പറഞ്ഞതെന്താണെന്നു പറഞ്ഞാൽ ഇടതു മുന്നണിയിൽ അലവലാതികൾക്കൊന്നും സ്ഥാനമില്ലെന്നാണ്. ഇവരൊക്കെ ഇതിൽ പെടുമോയെന്നു ചോദിച്ചു നോക്കിയാൽ തരക്കേടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതിന് ഒരു മറുപടിയേ പറയാനുള്ളു. ആണും പെണ്ണും കെട്ടവർ പറയുന്ന കാര്യങ്ങൾക്ക് മറുപടി പറയേണ്ട കാര്യമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ വളരെ വ്യക്തമാണ്. കുറേയൊക്കെ ഞങ്ങളും പ്രയോഗിക്കും. പക്ഷെ സൂക്ഷിച്ച് പ്രയോഗിക്കും. നിയമസഭയിൽ പ്രയോഗിക്കുകയില്ല. അവസാനിപ്പിക്കുന്നതിനു മുൻപ് ഒരു കാര്യം കൂടി പറയാം. ഇവിടെ വെല്ലുവിളിയൊക്കെ പറഞ്ഞു. അതിന് ഞാൻ മറുപടി പറയുന്നില്ല. 10 നിയമസഭകൾ കഴിഞ്ഞിട്ട് ഈ നിയമസഭയിൽ അവസാനം വന്നപ്പോൾ ഞാൻ മുന്നണി മാറാത്തതുകൊണ്ട് എനിക്ക് ഡിസ്ക്വാളിഫിക്കേഷൻ വന്നു. 9 നിയമസഭയുടെ അവസാന സമ്മേളനം വരെ ഞാൻ ഉണ്ടായിരുന്നതാണ്. ഒരു നിയമസഭ കൂടിയില്ല. 1965-ൽ. ആ നിയമസഭയിൽ ഡോ. ജോസഫൊക്കെ മുന്നണി വിട്ടുപോയി. ഞാൻ മുന്നണിയിൽത്തന്നെ നിന്നു. അന്ന് അപ്പുറത്ത് ഇരുന്നവർക്ക് മുന്നണിയിൽ നിന്നവർക്ക് ഡിസ്ക്വാളിഫിക്കേഷൻ ഉണ്ടാക്കി. ഈ സഭയിൽ വെല്ലുവിളി ഒരുപാട് കേട്ടതാണ്. വെല്ലുവിളിച്ചത് മാർക്സിസ്റ്റ് പാർട്ടിക്കാരല്ല. മറ്റുള്ളവരാണ്. കരുണാകരന്റെ മന്ത്രിസഭ വന്നപ്പോഴും, പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിലും കൂടുതൽ സീറ്റുകളിൽ ജയിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയായിരുന്നു. അതിൽ ആർക്കും സംശയം വേണ്ട. പിന്നീട് ഇടതുപക്ഷ ജനാധിപത്യ മുന്നണി രണ്ട് തവണയും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു, ഐക്യ ജനാധിപത്യമുന്നണി തിരിച്ചുവന്നു. വോട്ട് കൂടുതൽ കിട്ടിയ ആളുകൾ തിരിച്ചുവരും. നമ്മൾ എന്തിനാണ് വെല്ലുവിളി നടത്തുന്നത്? നമുക്ക് ജ്യോൽസ്യം വയ്ക്കാൻ പറ്റുമോ? ജേക്കബിന്റെ നാട്ടിൽ പോയി അതായത് പാഴൂർപടിക്കൽ പോയി ആര് ജയിക്കും എന്ന് നോക്കാൻ പറ്റുമോ? എല്ലാവരും ഇപ്പോൾ ദിവസം നോക്കിയാണ് നോമിനേഷൻ കൊടുക്കുന്നത്. പാഴൂർപടിക്കൽ പോയി പ്രശ്നം വച്ചിട്ട് പറയാൻ പറ്റില്ല. നമ്മൾ രാഷ്ട്രീയ സമരത്തിലാണ്. ആ രാഷ്ട്രിയ സമരത്തിൽ നമുക്ക് നോക്കാം. ജനങ്ങൾ വോട്ട് ചെയ്യുന്നവർ അധികാരത്തിൽ വരും. പക്ഷെ വെല്ലുവിളിച്ചതുകൊണ്ടൊന്നും ഈ രാജ്യത്ത് തെരഞ്ഞെടുപ്പ് ജയിക്കില്ല. ഞാനും മുതലയമ്മാച്ചനും കൂടി കാളയെ പിടിച്ചു എന്ന് പണ്ട് മുതലയുടെ പുറത്ത് യാത്ര ചെയ്ത തവള പറഞ്ഞതുപോലെ പിടിക്കാൻ ഇരിക്കുന്ന ആളുകൾ ആരാണെങ്കിലും ശരി സ്വന്തം ബലത്തിലൊന്നും അല്ല............... ഞങ്ങളും കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള മുന്നണിയാണ്. ഞങ്ങൾ ചെറിയ കക്ഷികളാണ്. ഞങ്ങളും ഞങ്ങളുടെ ഘടക കക്ഷികളുടെ വോട്ട് കൊണ്ടാണ് ജയിക്കുന്നത്. വിശ്വാസം വേണം; പക്ഷെ അഹങ്കാരം പാടില്ല. മാർക്സിസ്റ്റ് പാർട്ടി നയിക്കുന്ന മുന്നണി അപ്പുറത്ത്, കോൺഗ്രസ് നയിക്കുന്ന മുന്നണി ഇപ്പുറത്ത്. ഘടകകക്ഷികൾ എന്ന നിലയ്ക്ക് ഞങ്ങളൊക്കെ മറ്റുള്ളവരുടെ വോട്ട് കൊണ്ടാണ് ജയിക്കുന്നത്. ഞങ്ങൾ അതിനെപ്പറ്റി വലിയ അഹങ്കാരം പറയുന്നില്ല. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

റിശ്വാസം ഐക്യ ജനാധിപത്യ മുന്നണി തിരിച്ച് ഈ നിയമസഭയിൽ ഭൂരിപക്ഷത്തോടുകൂടി തിരിച്ചുവരുമെന്നാണ്. എനിക്ക് യാതൊരു സംശയവും ഇല്ല. അതിനുള്ള കാറും കോളും എല്ലാം അന്തരീക്ഷത്തിലുണ്ട്. മഴ പെയ്യും. ആ മഴ ഐക്യ ജനാധിപത്യ മുന്നണിയെ രക്ഷിക്കുന്ന മഴയായിരിക്കും. ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ച് തിരിച്ചുവരാൻ കഴിയുന്ന പ്രവർത്തികളാണ് ഞങ്ങൾ ചെയ്തിട്ടുള്ളത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 5 വർഷകാലത്തിൽ പ്രത്യേകിച്ചും ഈ ബഡ്ജറ്റോടുകൂടി ജനങ്ങൾ ആഗ്രഹിച്ചതെല്ലാം സാധിതമായിട്ടു ണ്ട്. അങ്ങ് ഉൾപ്പടെ ഞങ്ങളെല്ലാം തിരിച്ചുവരും. ഈ ധന വിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. എ.സി. മൊയ്തീൻ: സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുകയാണ്. അഴിമതിയുടെ കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റുകളുടെ ചരിത്രത്തിലെ സർവ്വകാല റിക്കോർഡുകളും ഭേദിച്ച ഗവൺമെന്റാണ് ഇത്. അഴിമതിയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് "അതി വേഗം ബഹുദൂരം" ആണ്. ഇന്നും കെ.എസ്.ടി.പി.-യിലെ 569 കോടി രൂപയുടെ അഴിമതിയെപ്പറ്റി ഈ സഭയിൽ പലവട്ടം ചർച്ച ചെയ്തു. സിവിൽസപ്ലൈസിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ അഴിമതി. സുനാമി ഫണ്ട് വകമാറ്റി ചെലവാക്കിയത് തുടങ്ങി ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന നാൾ മുതൽ ഉള്ള ചരിത്രം പരി ശോധിച്ചാൽ കോടിക്കണക്കിന് രൂപയുടെ അഴിമതിയുടെ ചരിത്രമാണുള്ളത്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): ഇവിടെ രണ്ടുമൂന്ന് തവണ 526 കോടി രൂപയുടെ അഴിമതിയെപ്പറ്റി സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നു എന്നു പറഞ്ഞു. ആ സി. ആന്റ് എ. ജി. റിപ്പോർട്ട് എനിക്കൊന്ന് കാണണമല്ലോ. ഏത് പേജിലാണ് അങ്ങനെ പറഞ്ഞിരിക്കുന്നത്. ഈ നിയമസഭയിൽ ഇങ്ങനെയുള്ള രേഖകൾ ഉണ്ടാക്കിപ്പോകുന്നത് ശരിയല്ല. ഒരു അടിസ്ഥാനവും ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് പോകാൻ പാടില്ല. സി. ആന്റ് എ.ജി. റിപ്പോർട്ട് ഇവിടെ കൊണ്ടുവരണം.

ശ്രീ. എ. സി. മൊയ്തീൻ: ഇവിടെ സഭയിൽ സമർപ്പിച്ച സി. ആന്റ് എ.ജി. റിപ്പോർട്ടിലുള്ള വാർത്തയെപ്പറ്റിയാണ് ഞാൻ പറയുന്നത്. ഈ മന്ത്രിസഭയിലെ രണ്ട് മന്ത്രിമാർ അഴിമതിയുടെ പേരിലാണ് രാജിവച്ചത്. കോടതിയുടെ പരാമർശങ്ങൾ ഉണ്ടായി. രണ്ട് മന്ത്രിമാർ ഉൾപ്പടെയുള്ളവർ ഈ മന്ത്രിസഭയിൽനിന്ന് രാജിവയ്ക്കുകയുണ്ടായി. ഇവരെ സംരക്ഷിക്കാനുള്ള നിലപാടാണ് കേരളത്തിലെ മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻചാണ്ടി സ്വീകരിച്ചത്. കോടതി പോലും വായടയ്ക്കണം എന്നു പറയേണ്ട അവസ്ഥയിലേയ്ക്ക് എത്തിനിൽക്കുകയാണ്. ഈ തരത്തിൽ ലോകായുക്തയുടെ സമീപനം ഉണ്ടായത് ഈ അഴിമതിക്കാരെ സംരക്ഷിക്കാനുള്ള മുഖ്യമന്ത്രിയുടെ നിലപാടിന്റെ ഭാഗമായാണ്. അഴിമതി കൊടികുത്തിവാണ ഈ ഗവൺമെന്റിന്റെ നിലപാടുകൾ കൊണ്ടുതന്നെ ജനങ്ങൾ കിട്ടിയ അവസരങ്ങളിലെല്ലാം നിങ്ങൾക്കെതിരായി വലിയ രീതിയിൽ തിരിച്ചടി നൽകിയിട്ടുണ്ടെന്ന് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കുകയാണ്. ഇപ്പോൾ കുറച്ചു മുമ്പ് സംസാരിച്ച ബഹുമാന്യനായ ബാലകൃഷ്ണപിള്ള കേരളത്തിലെ ക്രമസമാധാന നിലയെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. കേരളത്തിലെ ക്രമസമാധാനനില പാലിക്കേണ്ട പോലീസ് എന്ത് പണിയാണ് കേരളത്തിൽ ചെയ്യുന്നതെന്നും കേരളത്തിലെ മുഖ്യമന്ത്രിക്ക് ഇതിൽ പങ്ക് എന്താണെന്നും ബഹുമാന്യനായ ബാലകൃഷ്ണപിള്ള ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജനങ്ങളെ കൊള്ളയടിക്കുന്ന പോലീസാണ് കേരളത്തിലു ള്ളതെന്നാണ് ....

ശ്രീ. ടി. എച്ച്. മുസ്തഫ: Sir, I raise a point of order. അദ്ദേഹം സി. ആന്റ് എ.ജി. റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിലുള്ള ഒരു കാര്യത്തെക്കുറിച്ച് അഴിമതിയാരോപണം ഉന്നയിച്ചു. ബഹുമാനപ്പെട്ട മന്ത്രി ആ സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പേജും ഖണ്ഡികയും സഹിതം രേഖ ഹാജരാക്കാൻ പറഞ്ഞു. ആ രേഖ ഹാജരാക്കാതെ അദ്ദേഹം ഒളിച്ചോടി പ്രസംഗം തുടരുന്നത് ഓർഡറിലാണോ? സി. ആന്റ് എ.ജി. റിപ്പോർട്ട് ആധികാരികമാണ്. അത് ഈ സഭയിൽ മേശപ്പുറത്ത് വച്ചിട്ടുള്ളതാണ്. ആധികാരികമായ രേഖ ഉദ്ധരിക്കുമ്പോൾ ആ പേജും ആ ഖണ്ഡികയും ഈ സഭയിൽ അവതരിപ്പിക്കണം. അല്ലാതെ പോകുന്നത് ഓർഡറിൽ അല്ല. സാർ റൂൾ ചെയ്യണം. രേഖ ഇവിടെ വയ്പിക്കണം.

ശ്രീ. എ. സി. മൊയ്തീൻ: വളരെ സീനിയറായ നേതാക്കൻമാർ ഈ സഭയിലെ ഏറ്റവും പുതിയ ഒരംഗത്തോട് ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മൊയ്തീൻ ഇവിടെ പറഞ്ഞത് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ, അതായത് 2004-05-ലെ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ കെ.എസ്.ടി.പി. 92.87 കോടി രൂപ നഷ്ടപ്പെട്ടു എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ച് ബഹുമാന്യനായ മുനീർ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞത് സി. ആന്റ് എ.ജി.-ക്ക് വേണ്ടത്ര വിവരം കൊടുക്കാത്തതുകൊണ്ടാണ്, ക്ലാരിഫിക്കേഷൻ കൊടുക്കുമ്പോൾ ശരിയാകുമെന്ന് ഇവിടെ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് മെമ്പർ പറഞ്ഞതിൽ യാതൊരു തെറ്റുമില്ല. ഈ സഭയുടെ മുമ്പിൽ സമർപ്പിക്കാം. സി. ആന്റ് എ.ജി. റിപ്പോർട്ടിനകത്ത് ഉൾക്കൊള്ളിച്ച കാര്യമാണ് ശ്രീ. മൊയ്തീൻ ഇവിടെ പറഞ്ഞത്. ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് ഒരു കേസ് വന്നിട്ടുണ്ട്. 500 കോടി രൂപയുടെ വർക്ക് ടെൻഡർ വിളിക്കാതെ കൊടുത്തു എന്നുള്ള ആക്ഷേപം ഹൈക്കോടതിയിൽ വന്നിട്ടുണ്ട്. അതുകൊണ്ട് വ്യക്തിപരമായ ആരോപണമല്ല ശ്രീ. മൊയ്തീൻ ഇവിടെ പറഞ്ഞിട്ടുള്ളത്. സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് വല്ലതും പറയാനു ണ്ടെങ്കിൽ മന്ത്രിമാർ മറുപടി പറയുന്ന സമയത്ത് അദ്ദേഹം അത് വിശദീകരിക്കട്ടെ. ഇപ്പോൾ ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗം തടസ്സപ്പെടുത്തുന്ന വിധത്തിൽ ഒരു മന്ത്രി ഇടപെടുന്നത് അങ്ങ് നിയന്ത്രിക്കണം. മെമ്പറെ പ്രസംഗിക്കാൻ സമ്മതിക്കണം.

GPM.2/571/2015—46

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പ് മന്ത്രി (ശ്രീ. എം. കെ. മുനീർ): ആരോപണമാകുമ്പോൾ സാധാരണ മര്യാദയനുസരിച്ച് എഴുതി തരാറുണ്ട്. അഴിമതി എന്നു പറഞ്ഞാൻ ആരോപണമല്ലേ? ആരോപണമല്ലെങ്കിൽ കുഴപ്പമില്ല.

ശ്രീ. എ. സി. മൊയ്തീൻ: ഞാൻ ആരോപണമായി ഉന്നയിച്ചതല്ല. പത്ര വാർത്തകളിൽ, ടി.വി. മാധ്യമങ്ങളിൽ, ദൃശ്യ മാധ്യമങ്ങളിലൊക്കെ വന്ന ഒരു വാർത്തയുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്..............

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ എഴുതിത്തരേണ്ടതാണ്. മേലാൽ ഇത് ആവർത്തിക്കരുത്.

ശ്രീ. എ. സി. മൊയ്തീൻ: മാഫിയ സംഘങ്ങളും ഗുണ്ടാസംഘങ്ങളുമാണ് ഇന്ന് കേരളത്തിൽ ക്രമസമാധാനനില കൈകാര്യം ചെയ്യുന്നതെന്ന് ബഹുമാന്യനായ ബാലകൃഷ്ണപിള്ള പോലീസിന്റെ നിലപാടുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഒറ്റക്കാര്യം സൂചിപ്പിക്കുകയാണ്. എന്റെ ജില്ലയിലാണ് മാള. അവിടെ തിരുത്തിപ്പറമ്പ് പള്ളി. ഈ ഗവൺമെന്റ് ഒന്നാം വാർഷികം ആഘോഷിക്കുമ്പോൾ മാളയിലെ തിരുത്തിപ്പറമ്പ് പള്ളിയിൽ കൊലചെയ്യപ്പെട്ട ഫാദർ ജോബ് ചിറ്റിലപ്പള്ളിയുടെ ഘാതകരെ കണ്ടെത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആ പ്രദേശത്തെ ക്രിസ്തുമത വിശ്വാസികളും പിതാക്കൻമാരും പുരോഹിതന്മാരും കന്യാസ്ത്രീകളും ഉൾപ്പെടെ ഉപവാസത്തിലായിരുന്നു. ഈ ഗവൺമെന്റിനോട് ഒരു വിഭാഗം ആളുകൾക്കുള്ള സമീപനം എന്താണെന്ന് വ്യക്തമല്ലേ? തിരുത്തിപ്പറമ്പ് പള്ളിയിലെ വികാരിയെ കൊലചെയ്ത കുറ്റവാളികളെ കണ്ടെത്തിപ്പിടിക്കാൻ നാളിതുവരെ കേരളത്തിലെ ഈ ഗവൺമെന്റിന് ആയിട്ടില്ല. പോലീസ് ഉദ്യോഗസ്ഥൻമാർ കൊലയാളികളാകുന്നു. സർക്കാർ ഉദ്യോഗസ്ഥർ കുറ്റം ചെയ്തതിന്റെ പേരിൽ വളരെ പെട്ടെന്ന് സർവ്വീസിൽ നിന്ന് പുറത്താക്കാൻ ശ്രമിച്ചു.......

ശ്രീ. രാജു എബ്രഹാം: കേരളത്തിന്റെ ചരിത്രത്തിൽ ഒരു ക്രിസ്ത്യൻ പുരോഹിതനെ വർഗ്ഗീയവാദികൾ കൊലപ്പെടുത്തിയത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എ. സി. മൊയ്തീൻ: ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി ഞങ്ങളുടെ സ്ഥലത്തുവന്ന് പരിശുദ്ധ പിതാക്കൻമാരോടും തൃശൂരിലെ ആർച്ച് ബിഷപ്പിനോടും ഇരിങ്ങാലക്കുട ആർച്ച് ബിഷപ്പിനോടും വളരെ പെട്ടന്നുതന്നെ കുറ്റവാളികളെ കണ്ടെത്താൻ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. അതിനുശേഷം ഒരു വർഷം കഴിഞ്ഞിട്ടാണ് അവിടെ അവരുടെ നേതൃത്വത്തിൽ ഉപവാസ സമരം നടന്നത്. പോലീസ് ഉദ്യോഗസ്ഥൻമാർ കൊലയാളികളാകുന്നത് കേരളത്തിൽ ഈ ഗവൺമെന്റിന്റെ ഭരണത്തിലാണ്. സർക്കാർ ഉദ്യോഗസ്ഥരെ പിരിച്ചു വിടാൻ തിടുക്കം കാണിച്ച കേരളത്തിലെ ഈ ഭരണകൂടം..............

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഫാദർ ജോബ് ചിറ്റിലപ്പള്ളി മരിക്കപ്പെട്ട പള്ളി നിൽക്കുന്ന വാർഡിൽ യു.ഡി.എഫ്-ന്റേയോ കോൺഗ്രസിന്റെയോ സ്ഥാനാർത്ഥിയെ നോമിനേഷൻ കൊടുക്കാൻപോലും അനുവദിക്കില്ല എന്നു പറഞ്ഞു കൊണ്ട് കന്യാസ്ത്രീകൾ ഉൾപ്പെടെ പ്രതിരോധിച്ചതും സിപി.ഐ.(എം)-ന്റെ സ്ഥാനാർത്ഥി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടതും അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: നിരവധി സ്ഥലത്ത് ഈ അവസ്ഥയുണ്ട്. അവിടെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ സ്ഥാനാർത്ഥിയെ നിർത്താതെയും കോൺഗ്രസും സ്ഥാനാർത്ഥിയെ നിർത്താതെയും യോജിച്ച മൽസരമാണുണ്ടായത്. എനിക്ക് സംസാരിക്കാൻ സമയം തരണം. പോലീസ് ഉദ്യോഗസ്ഥൻ കൊലപാതക ക്കേസിൽ പ്രതിയായി ശിക്ഷിക്കപ്പെട്ട ശേഷം ആ ഉദ്യോഗസ്ഥനെ പിരിച്ചുവിടാൻ വൈകിയതെന്താണ്? സർക്കാർ ഉദ്യോഗസ്ഥൻ തെറ്റ് ചെയ്തപ്പോൾ അവരെ പെട്ടന്ന് പിരിച്ചുവിടാൻ സമീപനം കാണിച്ച ഈ ഗവൺമെന്റ് കൊലപാതകക്കേസിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥനെ ഇന്നലെയല്ലേ സർവ്വീസിൽനിന്ന് പിരിച്ചുവിട്ടത്? കൊലപാതകിയെ സംരക്ഷിക്കുന്ന, പോലീസ് ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞ നിലപാടിനോട് ഞാൻ യോജിക്കുകയാണ്. കേരളത്തിൽ ഇത്രയധികം.......... ഞാൻ ക്രമസമാധാന നിലയെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ക്രമസമാധാനനില ഇവിടെ ഭദ്രമാണ് എന്ന് ലീഗിന്റെ നേതാക്കൾ ഇവിടെ സൂചിപ്പിച്ചു; തിരുവനന്തപുരത്തെ കിള്ളിയിൽചെന്ന് ക്രമസമാധാന നില ഭദ്രമാണെന്ന് ഇവർക്ക് പറയാനാകുമോ? മാറാട് ചെന്ന് കേരളത്തിൽ ക്രമസമാധാനനില ഭദ്രമാണെന്ന് പറയാനാകുമോ? കേരളത്തിൽ വർഗ്ഗീയകലാപത്തിന്റെ ഭാഗമായി 18 പേർ കൊല ചെയ്യപ്പെട്ടത് യു.ഡി.എഫ്-ന്റെ ഭരണകാലത്താണ്. ശ്രീ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും കേരളം ഭരിക്കുമ്പോഴാണ് കേരളത്തിൽ ക്രമസമാധാനനില തകർന്നതെന്ന് ഞങ്ങൾ പറയാതെതന്നെ ഈ രാജ്യത്തെ ജനങ്ങൾ കാണുകയാണ്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, റൂൾ 303 അനുസരിച്ച് ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഈ സഭയിൽ തെറ്റായ ധാരണകൾ ബഹുമാന്യരായ എം.എൽ.എ.-മാർ ധരിപ്പിക്കുന്നത് തെറ്റാണ്. തിരുത്തിപ്പറമ്പിലെ പഞ്ചായത്ത് ഇലക്ഷനിൽ സ്ഥാനാർത്ഥി ഉണ്ടായില്ലെന്ന് ഇവിടെ സൂചിപ്പിച്ചു. അവിടെ യു.ഡി.എഫ്-ന്റെ സ്ഥാനാർത്ഥിയെ രാത്രിയിൽ വണ്ടിയിൽ പിടിച്ചുകൊണ്ടുപോയി നോമിനേഷൻ ബലമായി പിൻവലിപ്പിച്ചതാണ്. മാഫിയാ സംഘത്തിന്റെ പ്രവർത്തനത്തിന്റെ ഫലമായാണ് അവിടെ സ്ഥാനാർത്ഥി മൽസരിക്കാൻ ഇല്ലാതിരുന്നത്. അത് തെറ്റായി വ്യാഖ്യാനിക്കാൻ ശ്രമിക്കുകയാണ്. സിസ്റ്റർ അഭയ കൊലചെയ്യപ്പെട്ടത് എന്നാണ്? അന്നിവിടെ ആരാണ് ഭരിച്ചിരുന്നത്? തെറ്റായി സഭയെ ധരിപ്പിക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: ജനകീയ സമരങ്ങളെ അടിച്ചമർത്താൻ പോലീസിനെ ഉപയോഗിക്കുകയാണ്. കേരളത്തിലെ വിദ്യാർത്ഥികളെ മർദ്ദിച്ച് ഒതുക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

കൊലപാതകികളേയും കള്ളൻമാരേയും പിടിക്കാൻ കഴിവില്ലാത്ത പോലീസിന് shock batton വാങ്ങിച്ചുകൊടുത്തിരിക്കുന്നു. കേരളത്തിലെ വിദ്യാർത്ഥി സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാനും തൊഴിലാളികളുടെയും സാധാരണക്കാരുടെയും സമരങ്ങളെ അടിച്ചമർത്താനും പോലീസിന് സമയമുണ്ട്. ഈ കൊലയാളികളെ കസ്റ്റഡിയിലെടുക്കാൻ പോലീസിന് സമയമില്ല. കേരളത്തിൽ നിരവധി മേഖലകളിൽ നടക്കുന്ന സ്ത്രീപീഡന കേസുകളുടേയും മറ്റും വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇങ്ങനെ ക്രമസമാധാനനില തകർത്ത, കേരളത്തിൽ അഴിമതിയിൽ മുങ്ങിക്കുളിച്ച, അതുപോലെ കേരളത്തിൽ എല്ലാവർക്കും വൻതോതിൽ കടം വരുത്തിവച്ച ഒരു ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ പറഞ്ഞല്ലോ 44,350 കോടി രൂപയുടെ കടം. ഈ കടം വരുത്തി വച്ച, കേരളത്തിലെ അടിസ്ഥാന മേഖലയിലെ വികസനത്തിനു വേണ്ടി യാതൊന്നും ചെയ്യാത്ത, അടിസ്ഥാന മേഖലയിൽപ്പെട്ട പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരു പൈസപോലും നീക്കിവയ്ക്കാത്ത ഈ ഗവൺമെന്റിന്റെ ധന വിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുകയാണ്.

ശ്രീമതി മേഴ്സി രവി: സർ, ഇത്തവണത്തെ ഇക്കണോമിക് സർവ്വേയിൽ വന്ന ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രസംഗം തുടങ്ങാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏകദേശം അഞ്ച് ശതമാനം വളർച്ച കാണിച്ചിരുന്ന നമ്മുടെ ജി.ഡി.പി. കഴിഞ്ഞ അഞ്ച് കൊല്ലം കൊണ്ട് എട്ട് ശതമാനമായി ഉയർന്ന ഒരു ചിത്രമാണ് ഈ സർവ്വേയിൽ കാണുന്നത്. ദേശീയ തലത്തിൽപ്പോലും പിടിച്ചു കയറാൻ കഴിയാത്ത ഒരു വളർച്ച എന്നു പറയുന്നത് എന്തുകൊണ്ടും ഈ സർക്കാരിനും മുന്നണിക്കും അഭിമാനിക്കാൻ കഴിയുന്ന ഒന്നാണ്. ഈ വളർച്ച ആനുപാതികമല്ല എന്നൊരു പരാതി ഇന്ന് ഉയർത്തിപ്പിടിച്ചുകൊണ്ടു നടക്കുന്ന ഒരു പരാതിയാണ്. വ്യവസായ രംഗത്ത് വേണ്ട രീതിയിൽ വളർച്ച ഉണ്ടായില്ല എന്നുള്ള പരാതി. എനിക്ക് ഇവിടെ പറയാനുള്ളത്, ഈ വ്യവസായം എന്ന വാക്കിനു തന്നെ അന്താരാഷ്ട്ര തലത്തിൽ പുതിയ മാനവും അർത്ഥവുമുണ്ട്. ഇന്ന് trafficking in women, ഇന്റർനാഷണൽ രംഗങ്ങളിൽ transported trafficking in women എന്ന് നമ്മൾ പറയുന്നതിന് പകരം ഉപയോഗിക്കുന്ന വാക്ക് സെക്സ് ട്രേഡ് എന്നാണ്. പ്രോസ്റ്റിറ്റ്യൂട്സ് തന്നെ സെക്സ് വർക്കേഴ്സ് എന്നാണ് ഇന്ന് ഐഡന്റിഫൈ ചെയ്യാൻ ഇഷ്ടപ്പെടുന്നത്. എന്നു പറഞ്ഞാൽ സെക്സ് പോലും ഒരു വ്യവസായത്തിന്റെ നിലയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന കാലം. വേറൊരുദാഹരണം പറഞ്ഞാൽ ടൂറിസവും ഇന്ന് വ്യവസായമായി വളർന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ ഇന്ന് കർണ്ണാടകയിലും, ആന്ധ്രയിലും ചെല്ലുമ്പോൾ ഐ.ടി.ഹബ്ബുകളെക്കുറിച്ച് കേൾക്കും. അത് ഇന്നവിടത്തെ ഒരു വ്യവസായമാണ് ചെന്നൈയിൽ വന്നാൽ അതൊരു മെഡിക്കൽ ഹബ്ബാണ്. മെഡിക്കൽ രംഗം ഇന്നൊരു വ്യവസായമായി വളർന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ ആസ്ട്രേലിയ, ഹംഗറി എന്നിവിടങ്ങളിൽ ചെല്ലുമ്പോൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുറന്നുവച്ച് പുറംനാടുകളിലെ വിദ്യാർത്ഥികൾക്ക് സൗകര്യം ഒരുക്കിക്കൊണ്ട് കാത്തിരിക്കുന്നത് കാണാം. വിദ്യാഭ്യാസം ഒരു വ്യവസായമായി ഇവിടെ വളർത്തിയെടുത്തിരിക്കുകയാണ്. ഇത് കേരളത്തിൽ പണ്ടേ വരേണ്ടതായിരുന്നു. കുറച്ചു വൈകിയാണെങ്കിലും സ്വാശ്രയ മെഡിക്കൽ കോളേജുകൾ തുടങ്ങിയപ്പോൾ നമ്മൾ തുടക്കം കുറിച്ചത് പുതിയ വ്യവസായത്തിനാണ്. ഏകദേശം ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റുൾപ്പെടെയുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 2000-ത്തോളം കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയാണ് ഈ സ്വാശ്രയ മെഡിക്കൽ കോളേജിലെ സ്ഥാപനങ്ങളിൽ വന്നുചേർന്നത്. ഇത് വലിയൊരു ഇൻവെസ്റ്റുമെന്റാണ്. അപ്പോൾ ഇവിടെയൊരു പരാതിയുണ്ട്. പരാതി യെന്താണെന്നുവച്ചാൽ ഇവിടെയുള്ള കാശുകാർക്ക് പഠിക്കാനുള്ള ഒരു സംവിധാനമാണ് ഗവൺമെന്റ് ഒരുക്കുന്നത് എന്നുള്ളതാണ്. ഞാൻ പ്രതിപക്ഷത്തിന്റെ ശ്രദ്ധയിലേയ്ക്ക് ഒരു സ്റ്റഡി എടുത്തുകാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ അടുത്ത കാലത്ത് എ.സി. നെൽസൺ ഗ്രൂപ്പ് കർണ്ണാടകയിൽ ഒരു സ്റ്റഡി നടത്തുകയുണ്ടായി. അതിന്റെ തീം എന്നുപറയുന്നത് Sociological impact of I.T on the Karnataka Society എന്നാണ്. സ്റ്റഡി എടുത്തുകാണിക്കുന്ന ഒരു വസ്തുതയുണ്ട്. ഇതിൽ ഐ. ടി. മേഖലയിൽ വന്നുകയറിയിരിക്കുന്ന 48 ശതമാനത്തോളം ആളുകളുടെ കുടുംബത്തിന്റെ ശരാശരി വരുമാനം 15,000 രൂപയിൽ താഴെയാണ്. ഇതിൽ 33 ശതമാനം ആളുകൾ സാധാരണകൃഷിക്കാരുടെ മക്കളാണ്. 15 ശതമാനം പെറ്റി ഷോപ്പുകളും, ചെറുകിട വ്യവസായ സ്ഥാപനങ്ങളും മറ്റും നടത്തുകയും ചെയ്യുന്ന ആളുകളുടെ മക്കളാണ്. ഇവരുടെ ഒരു കുടുംബത്തിൽനിന്ന് ഒരാൾ ജോലി നേടി ഐ.ടി. മേഖലയിൽ വന്നു കയറുമ്പോൾ അയാൾ ഒരു ഡിപ്ലോമ ഹോൾഡറാണെങ്കിൽ അയാളുടെ വരുമാനം എന്നു പറയുന്നത് 15,000 രൂപയ്ക്കും 25,000രൂപയ്ക്കും ഇടയ്ക്കാണ്. അതുപോലെ ഒരു ഡിഗ്രിഹോൾഡറാണെങ്കിൽ 35നും 45നുമിടയ്ക്കാണ്. അപ്പോൾ ഇത്തരമുള്ള കോളേജുകൾ വരുമ്പോൾ ആർക്കാണതിന്റെ ഗുണം? നാളെ ഈ ഗുണമാണ് കേരള ത്തിലെ സാധാരണക്കാരായ മനുഷ്യർക്ക് ഉണ്ടാകാൻ പോകുന്നത്. ഈ വരുമാനത്തിൽ വന്ന വ്യത്യാസംകൊണ്ട് ആ സൊസൈറ്റിയുടെ സാമൂഹികഘടനയിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടായി എന്നാണ് സ്റ്റഡി പറുന്നത് quality of life - improve ചെയ്തു. Social strata- യിൽത്തന്നെ മാറ്റങ്ങൾവന്നു. below poverty line ൽനിന്ന് ഒരുപാട് ആളുകൾ മിഡിൽ ക്ലാസിലേയ്ക്കും അപ്പർ മിഡിൽക്ലാസ്സിലേയ്ക്കും കയറിയ സ്ഥിതിവിശേഷമിന്ന് കർണ്ണാടകയിലുണ്ട്. അങ്ങനെ ഒരു സൊസൈറ്റിയുടെ തന്നെ സർവ്വതോ മുഖമായ വികസനത്തിന് വഴിതെളിച്ചവയാണ് ഈ വിദ്യാഭ്യാസസ്ഥാപനങ്ങൾ. കേരളത്തിൽ സ്മാർട്ട് സിറ്റിപോലുള്ള സംരംഭങ്ങൾ ഉണ്ടാകുകയും ഇത്തരം സ്ഥാപനങ്ങ ളിൽ നിന്ന് കുട്ടികൾ പഠനം പൂർത്തിയാക്കി വരുകയും ചെയ്യുമ്പോൾ ഇവിടെത്തന്നെ ഒരു കർണ്ണാടകമാകും. വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ കർണ്ണാടകം ആവർത്തിക്കപ്പെടും. അതുകൊണ്ട് നമുക്കൊരു ക്ഷമ വേണം. ഒരു തെങ്ങ് നട്ടാൽ, ഒരു റബർ നട്ടാൽ കായ്ക്കാൻ ഇത്തിരി സമയം വേണം. ആ സമയം വരെ ഈ സ്ഥാപനങ്ങളെ നമുക്ക് ഒരു പ്രതിബദ്ധ തയോടെ കാത്തുസൂക്ഷിക്കാം. ഇതു കേരളത്തിന്റെ ഭാവിയുടെ കഥയാണ്. ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. അതോടൊപ്പം തന്നെ എനിക്കു ഒരു ചെറിയ പരാതി പറയാനുണ്ട്. അതായത് വിദ്യാഭ്യാസമേഖലയിൽ ഒരുപാട് മാറ്റങ്ങൾ വന്നു; ഒരു കുതിച്ചുചാട്ടം തന്നെ നമ്മൾ നടത്തിയിരിക്കുന്നു. നമ്മുടെ സർവ്വകലാശാ ലകൾ ഇതിനൊപ്പം വന്നോ എന്നെനിക്കു സംശയമുണ്ട്. ഒരു ചെറിയ ഉദാഹരണം പറയാം. ഒരു ട്രാൻസ്ക്രിപ്റ്റിനുവേണ്ടി നമ്മൾ ഒരു സർവ്വകലാശാലയിൽ ചെന്നു കയറി യാൽ ഒരു വലിയ മല്ലയുദ്ധം നടത്തിയാലേ അത് അവിടെനിന്നു കിട്ടൂ. ഇന്ന് നമ്മുടെ യൂണിവേഴ്സിറ്റികളിൽ record keeping വളരെ മോശമാണ്. ഇതിനൊരു കമ്പ്യൂട്ടർ സിസ്റ്റം ഉണ്ടാകണം. ആ ഡെവലപ്പ്മെന്റിനോടൊപ്പം ഈ സർവ്വകലാശാലകൾകൂടി പിടിച്ചു നിന്നെങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് ഇതുകൊണ്ട് ഗുണം കിട്ടൂ. ഞാനൊരു വലിയ ഇടവേളയ്ക്കുശേഷമാണ് ഈ ഹൗസിൽ എത്തുന്നത്. ഞാൻ എം.എൽ.എയായി വന്ന

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് ഇവിടെ നെല്ലിന്റെ വില ക്വിന്റലിന് 430 രൂപയാണ്. ഇപ്പോൾ കോട്ടയത്ത് കൊയ്ത്തുകാലമായി, സാധാരണ ഈ കാലങ്ങളിൽ നമ്മുടെ നാട്ടിൻപുറങ്ങളിൽ കർഷകരുടെ മനസ്സിൽ തീയും വേവലാതിയും പടരുന്ന സമയമാണ്. വിളവ് എങ്ങനെ വരുമെന്നറിയില്ല, അതാര് എടുക്കും, എങ്ങനെ കിട്ടും, പണം എത്ര കിട്ടുമെന്നറിയില്ല. അത് എപ്പോൾ കിട്ടുമെന്നറിയില്ല തുടങ്ങിയ കുറെ അനിശ്ചിതത്വങ്ങൾക്കു നടുവിലാണ് സാധാരണ നെൽകൃഷി കർഷകർ. ഈ വർഷം യാതൊരു പ്രശ്നവുമില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചുമതല വഹിക്കുന്ന മന്ത്രി ശ്രീ. അടൂർപ്രകാശ് തന്നെ പാടശേഖരങ്ങളുടെ വരമ്പത്ത് കർഷകരോടൊപ്പം നിൽക്കുന്ന ചിത്രമാണ് നമ്മൾ കണ്ടത്. അഭിമാനം ഉണ്ട്. സാധാരണക്കാരന്റെ സാധാരണപ്രശ്നങ്ങളിലേയ്ക്കിറങ്ങിചെല്ലാൻ കഴിയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, അദ്ദേഹത്തോടൊപ്പം പിടിച്ചുനിൽക്കുന്ന സഹമന്ത്രിമാരുമുണ്ട്. ഇന്ന് കേരളത്തിലെ കർഷകരുടെ ആശ്വാസം ഇവരാണ്. ഇന്ന് നെല്ലിന്റെ വില 430 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിച്ചിരിക്കുന്നു. അത് ചില്ലറ കയറ്റമല്ല. ഞാൻ എം.എൽ.എ. യായി വന്നകാലത്ത് റബ്ബറിന്റെ വില കിലോഗ്രാമിന് 20-ഉം 22-ഉം രൂപ ആയിരുന്നുവെന്ന് ഞാനോർക്കുന്നു. ഇന്ന് 85 രൂപയാണ് കിട്ടുന്നത്. അത് 105 രൂപയിൽ ചെന്നുനിൽക്കുമെന്നാണ് അവസാനത്തെ പ്രഡിക്ഷനിൽ പറയുന്നത്. തകർന്നുതരിപ്പണമായ കുരുമുളക് മേഖലയിൽ ഇപ്പോൾ ഒരു ഉണർവുണ്ട്. അതിന് വില കയറിക്കൊണ്ടിരിക്കുന്നു. ആഗോളവൽക്കരണത്തിന്റെ ചുഴിയിൽപ്പെട്ട് നമുക്ക് പിടിച്ചുനിൽക്കാൻ പറ്റാതെ പോയത് സുഗന്ധവിളകളുടെ കാര്യത്തിലാണ്. ഇവിടെ ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽ ഒരു കാര്യം സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്ന് മദ്ധ്യപ്രദേശിൽ പോപ്പുലറായിക്കൊണ്ടിരിക്കുന്ന e-choupal എന്ന സംരംഭം, അത് ഐ.ടി.സി. (Indian Tobacco Company)യാണ് നടത്തുന്നത്. അതുപോലെയുള്ള സംരംഭം കേരളത്തിൽ കൊണ്ടുവരണമെന്നാണെന്റെ അഭിപ്രായം. ഐ.ടി.സി.എന്നു പറയുന്നത് ഫുഡ് ഇൻഡസ്ട്രീസിലെ ജയന്റാണ്. Agro based industries ആയി നിൽക്കുന്ന ഏതെങ്കിലും കമ്പനികളുമായി കോ-ഓർഡിനേറ്റ് ചെയ്ത് e-choupal സിസ്റ്റം കൊണ്ടുവരികയാണെങ്കിൽ സുഗന്ധവിളകൾക്ക് ഉണ്ടായിരിക്കുന്ന വിലത്തകർച്ച ഒരു പരിധി വരെ പിടിച്ചുനിർത്താൻ കഴിയും. കാർഷികമേഖലയിലേയ്ക്ക് ഞാൻ അധികം കടക്കുന്നില്ല കാരണം കാർഷികമേഖലയിൽ വളരെയധികം വളർച്ച ഉണ്ടായിരിക്കുകയാണ്. ഒരുകാലത്ത് തരിശായി കിടന്നിരുന്ന നിലങ്ങളിൽ കൃഷി ചെയ്യാൻ ജനങ്ങൾ സന്നദ്ധരായി തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. കാരണം കാർഷിക മേഖലയിലെ നേട്ടങ്ങൾ തന്നെയാണത്. ഇന്ന് തൊഴിലാളികൾ ഇല്ലാത്ത പ്രശനങ്ങളേ നമുക്കുള്ളൂ. തൊഴിലില്ലാത്ത പ്രശ്നം ആ മേഖലയിലില്ല. ഉണ്ടെന്ന് നിങ്ങൾക്കു സമർത്ഥിക്കാൻ പറ്റുമോ? ഇന്ന് നിങ്ങൾ തന്നെയാണല്ലോ കൊയ്ത്ത് മെഷീനും, മെതി യന്ത്രവും അനുവദിച്ചത്. ഞങ്ങളുടെ പാടശേഖരങ്ങളിൽ മെഷീൻ ഉപയോഗിച്ചാണ് കൊയ്ത്ത് നടത്തുന്നത്. തരിശായിക്കിടക്കുന്ന നിലങ്ങളിൽ One time investment നടത്തി കൃഷിക്ക് ഉപയുക്തമാക്കിക്കൊടുക്കാനുള്ള എന്തെങ്കിലും ഒരു സ്കീം ഗവൺമെന്റ് നടപ്പിലാക്കുകയാണെങ്കിൽ നെൽകൃഷിരംഗത്ത് ഇനിയും മുന്നേറാൻ കഴിയുമെന്നാണ് എനിക്കു പറയാനുള്ളത്. വ്യവസായരംഗത്ത് കാര്യമായ വളർച്ചയില്ല. പക്ഷേ നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. ഈ ലോകത്തിലേയ്ക്ക് നമ്മൾ കണ്ണ് തുറന്നുനോക്കണം. ഈ 500, 1000 ആളുകൾക്ക് ജോലി കൊടുക്കുന്ന വ്യവസായസ്ഥാപനങ്ങളിലെ രീതി എല്ലാം മാറിക്കൊണ്ടിരിക്കുന്ന ഒരു ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. എല്ലാം conveyor belt-കളും production centres-ഉം ആണ്. ഇവിടെ അമേരിക്കയിലെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റഡിയിൽ പറുയുന്നത് എക്സ്പോർട്ട് നടത്തുന്ന 50% കമ്പനികളിലെ പ്രോഡക്ടുകൾ ഉണ്ടാക്കുന്നതിൽ man power വളരെ കുറവാണ്; വെറും 19 ആളുകൾ മാത്രമാണ് അവിടെ പണിയെടുക്കുന്നത് എന്നാണ്. അപ്പോൾ നമ്മളിന്ന് ഈ ലോകം എങ്ങോട്ട് പോകുന്നുവെന്ന് സ്വയം മനസ്സിലാക്കണം എന്നിട്ടുവേണം ഇവിടെ 5000, 10000 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഉള്ള വ്യവസായസ്ഥാപനങ്ങൾ കൊണ്ടുവരണമെന്നു പറയാൻ. ഇന്ന് മാക്രോയിൽ നിന്ന് മൈക്രോയിലേയ്ക്കും miniature പദ്ധതികളിലേയ്ക്കും ലോകം മാറിക്കൊണ്ടിരിക്കുകയാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ലത് സ്മാൾസ്കെയിൽ സെക്ടർ തന്നെയാണ്. ഒരുപാട് ആവലാതികളും പരാതികളും പല പ്പോഴായി ഞാൻ സ്മാൾ സ്കെയിൽ സെക്ടറിനെക്കുറിച്ച് ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഞാൻ അതിലേയ്ക്ക് വിശദമായി കടക്കുന്നില്ല. ഇവിടെ എനിക്കൊരു കാര്യം സൂചിപ്പിക്കാനുണ്ട്. അതായത് പാഴായിപ്പോകുന്ന മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കണം. നമ്മുടെ ഗവൺമെന്റ് നികുതി പണം ഏറ്റവും കൂടുതൽ മുടക്കുന്നത് വിദ്യാഭ്യാസത്തിനും, ആരോഗ്യത്തിനും, ശമ്പളത്തിനുമാണ്. ലിംഗവിത്യാസമില്ലാതെ ആൺകുട്ടികളും, പെൺകുട്ടികളും ഒരേപോലെ സ്കൂളുകളിൽ ചേരുന്നു. ഡിഗ്രിക്കാരായിട്ടാണ് ഭൂരിഭാഗം പെൺകുട്ടികളും പുറത്തുവരുന്നത്. പക്ഷേ വിവാഹം കഴിഞ്ഞാൽ ഇവർ ഹൗസ് വൈഫ് എന്ന ഒരു ടാഗിൽ ഒതുങ്ങുകയാണ്. ഗവൺമെന്റ് ഇവർക്കുവേണ്ടി മുടക്കുന്ന പണത്തിന് ഒരു റിട്ടേൺസും ഇല്ല എന്നതൊരു സത്യമാണ്. അതോടൊപ്പം തന്നെ 50% മനുഷ്യവിഭവശേഷി പാഴായിപ്പോകുന്നു. ഇതിനൊരു പരിഹാരം എന്ന നിലയിലാണ് നമ്മൾ കുടുംബശ്രീയും അയൽക്കൂട്ടങ്ങളും കണ്ടുപിടിച്ചത്. എനിക്ക് പറയാനുള്ളത് ഇന്ന് കാലം മാറി, ചൈന തന്നെ നമ്മുടെ മുന്നിൽ നല്ല ഉദാഹരമാണ്. ചൈനയെക്കുറിച്ചാർക്കും അഭിപ്രായവിത്യാസമില്ലല്ലോ? ചൈന സ്ത്രീകളെ ഇലക്ട്രോണിക് യുഗത്തിലേയ്ക്ക് കൊണ്ടുവന്നിരിക്കുകയാണ് എന്നുവച്ചാൽ ഞാൻ നേരത്തെ പറഞ്ഞു പ്രൊഡക്ഷൻ ഇന്ന് വേറെ രീതിയിലാണ്. ചൈനയിലിന്ന് ടി.വി., വാച്ച്, ക്ലോക്ക്, തുടങ്ങി കമ്പ്യൂട്ടർ വരെയുണ്ടാക്കുന്നത് സ്ത്രീകളാണ്. വീട്ടിലിരുന്ന് അസംബിൾ യൂണിറ്റുകൾ ഉണ്ടാക്കിയാണ് ഇതെല്ലാം ചെയ്യുന്നത്. എന്തുകൊണ്ട് നമുക്ക് അങ്ങനെയൊരു വിപുലമായ പദ്ധതിയെക്കുറിച്ചാലോചിച്ചുകൂടായെന്നാണ് എനിക്ക് ഗവൺമെന്റിനോട് ചോദിക്കാനുളളത്.

ഇതിനകത്ത് ഏറെക്കാലം നമുക്ക് ഇവരെ ഇങ്ങനെ പിടിച്ചുനിർത്താൻ പറ്റില്ല. ഇതിന് നമ്മൾ തന്നെ സ്വയം പഠിക്കാൻ തയ്യാറാകണം. വേണമെങ്കിൽ ആരെങ്കിലും ചൈനയിൽ പോകട്ടെ, ചൈനയിൽ പോയി അവിടെ സ്ത്രീകളുടെ മാൻപവർ എങ്ങനെയാണ് ഉപയോഗിക്കുന്നതെന്ന് കണ്ടുപഠിക്കാൻ അവസരമുണ്ടാകട്ടെ. കാരണം കാലത്തിനൊപ്പം നമ്മൾ മുന്നോട്ടുപോകേണ്ട കാലമായി. നമ്മൾ ഇനിയും പഴഞ്ചൻ രീതിയിൽ എല്ലാം പഴയതുപോലെ, 50 കൊല്ലം മുമ്പുള്ളതുപോലെതന്നെ ഓടിക്കണമെന്നു പറഞ്ഞാൽ അതിൽ അർത്ഥമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. കാരണം നമ്മൾ ഇനി ആഗോളവത്ക്കരണത്തിന്റെ കാലഘട്ടത്തിലാണ്, ഗ്ലോബൽ വില്ലേജിന്റെ ഭാഗമാണ്. ഒരു നിവേദനം ഞാൻ പലവട്ടം ഈ സഭയിൽ ആവർത്തിച്ചതാണ്. വ്യാപാരി വ്യവസായികൾക്കുവേണ്ടിയാണ് ഞാനിത് സമർപ്പിക്കുന്നത്. ഇനി പ്രത്യേകിച്ചും വാറ്റ് ഒക്കെ നടപ്പിൽ വരുന്ന ഒരു കാലഘട്ടത്തിൽ വ്യാപാരി എന്നുപറഞ്ഞാൽ വേറൊരു സ്ഥാപനം, വ്യവസായി എന്നുപറഞ്ഞാൽ വേറൊന്ന്. ഇവർക്ക് കോമണായി ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്ലാറ്റ്ഫോമോ അജണ്ടയോ ഉണ്ടെന്ന് എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല. നമ്മൾ ഡൽഹിയിൽ ചെല്ലുകയാണെങ്കിൽ വ്യാപാരിയും വ്യവസായിയും ഇവിടെ കോമേഴ്സും ഇൻഡസ്ട്രിയുമാണ്. ഇത്തരത്തിലൊരു സംവിധാനം ഉണ്ടാകണം. രണ്ട് വകുപ്പായാലും ഒരു മന്ത്രിയുടെ കീഴിലായാൽ കുഴപ്പമില്ലെന്നുള്ള ഒരു നിവേദനമാണ് വ്യാപാരി വ്യവസായികൾക്കുവേണ്ടി എനിക്ക് സമർപ്പിക്കാനുള്ളത്. ഞാൻ നിർത്തുകയാണ്. ദീർഘനാളത്തെ ഇടവേളയ്ക്കുശേഷമാണ് ഞാൻ ഇന്ന് ഈ ഹൗസിൽ എത്തുന്നത്. ഞാൻ ആദ്യമായി ഹൗസിൽ വന്ന ദിവസം ബഹുമാനപ്പെട്ട സ്പീക്കർ എനിക്കുനൽകിയ ഒരു റോയൽ വെൽക്കം, രാജകീയമായ ഒരു വരവേൽപ്പ്, ഞാൻ അതിന് നന്ദി പറയുകയാണ്. അതുപോലെതന്നെ ഞാൻ മരണവുമായി മല്ലിട്ടു കിടന്ന നാളുകളിൽ കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി രണ്ട് പ്രാവശ്യം എന്നെ കാണാൻ വന്നു. അദ്ദേഹം എന്റെ കൈ പിടിച്ച് "മേഴ്സി പേടിക്കണ്ട, കോട്ടയത്തെക്കുറിച്ചൊന്നും വിഷമിക്കണ്ട, അതൊക്കെ ഞങ്ങൾ നോക്കിക്കോളാം, ധൈര്യമായി രോഗം സുഖപ്പെട്ടുവാ" എന്ന് എന്നോടു പറഞ്ഞു. അദ്ദേഹത്തോട് ഞാൻ നന്ദി പറയുകയാണ്. അതിന് നന്ദി പറയാൻ എനിക്ക് വാക്കുകളില്ലെന്നുള്ളതാണ് സത്യം. അതുപോലെതന്നെ ഈ സഭയിലെ ധാരാളം സഹപ്രവർത്തകർ എന്നെ വന്നുകണ്ടു. പലരും എന്നോട് ഫോണിൽക്കൂടി സംസാരിച്ചു. ധാരാളം പേർ കണ്ടതിൽ ഒരു മെമ്പർ ഒരിക്കൽ എന്നോട് പറഞ്ഞു, മേഴ്സിച്ചേച്ചി ഞാൻ പ്രാർത്ഥിക്കാറില്ല, പക്ഷേ ഞാൻ ചേച്ചിക്കുവേണ്ടി പ്രാർത്ഥിക്കാമെന്ന്. എന്റെ മനസ്സിനെ ഏറ്റവും കൂടുതൽ സ്പർശിച്ച ഒരു വാക്കായിരുന്നു അത്. ഇവിടെ എനിക്ക് ധാരാളം സ്നേഹവും ആവേശവും കരുത്തും പകർന്നുതന്ന എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകരോട് നന്ദി പറയുകയാണ്. അവരുടെ മനുഷ്യമനസ്സുകളുടെ നന്മയുടെ ആഴം കണ്ടറിഞ്ഞ ദിവസങ്ങളായിരുന്നു അത്. എനിക്ക് വേറൊന്നും ഇവർക്ക് നൽകാനില്ല. നിങ്ങളെല്ലാവരും എന്നോട് കാണിച്ച സ്നേഹത്തിനും കാരുണ്യത്തിനും വാത്സല്യത്തിനും എനിക്ക് നിങ്ങൾക്ക് നൽകാനൊന്നുമില്ല, എന്റെ പ്രാർത്ഥനകളും എന്റെ നന്ദിയും സ്നേഹവും മാത്രം. ഒരിക്കൽക്കൂടി ഞാൻ ഈ ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. നന്ദി.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. കെ. ബാലൻ: സർ, ഈ ധനകാര്യ ബില്ലിനെയും, ഈ അപ്രോപ്രിയേഷൻ ബില്ലുകളേയും ഞാൻ എതിർക്കുകയാണ്. ഇന്നലെ ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിത്തന്നിരുന്നു. അതിന്റെ കോപ്പി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കും കൊടുത്തു. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ആയിരിക്കും മറുപടി പറയുന്നതെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്തായാലും ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിൽ നിന്നും നല്ലൊരു മറുപടി ഞാൻ പ്രതീക്ഷിക്കുന്നു. കേരളത്തിലെ 17 വ്യവസായ എസ്റ്റേറ്റുകൾ, 114 ഏക്കർ സ്ഥലം, 50,414 ചതുരശ്ര മീറ്റർ കെട്ടിടം, 200 കോടി രൂപ വിലപിടിപ്പുള്ള ഈ സ്ഥലം എന്നിവ 5 കോടി 68 ലക്ഷം രൂപയ്ക്കാണ് സ്വകാര്യ വ്യക്തികൾക്ക് വിറ്റിട്ടുള്ളത്. അതിൽ ഒരൊറ്റ ഉദാഹരണം മാത്രമേ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഇപ്പോൾ പെടുത്തുന്നുള്ളൂ. പാലക്കാട് ജില്ലയിലെ 'കെൽ'-ന്റെ നിയന്ത്രണത്തിലുള്ള 2.60 ഏക്കർ സ്ഥലം സെന്ററിന് 440 രൂപ വച്ച് 1,14,400 രൂപയ്ക്ക് ഒരു സ്വകാര്യ വ്യക്തിക്ക് വിറ്റു. റവന്യൂ അധികാരികൾ

LIBRARY ARCHIVES Kerala Legislative Assembly

കണക്കാക്കിയ വില ഇതിന് 39 ലക്ഷം രൂപയാണ്. യഥാർത്ഥത്തിൽ ഇതിന്റെ മാർക്കറ്റ് വില ഒരു കോടി 30 ലക്ഷം രൂപയാണ്. അവിടെ എൻ.എച്ച്.ന്റെ ഓരത്ത് സെന്റിന് 50,000 രൂപ കിട്ടും. എന്റെ 12.8.2005-ലെ നക്ഷത്രചിഹ്നമിടാത്ത 3529, 3530 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള ഉത്തരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ എൻ.എച്ച്.നോട് അടുത്തുള്ള 'കെൽ'-ന്റെ നാലരയേക്കർ സ്ഥലം ഒരു സ്വകാര്യ വ്യക്തിക്ക് വിറ്റതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉത്തരം - ജില്ലാ വ്യവസായ കേന്ദ്രം 2.60 ഏക്കർ സ്ഥലവും മെസ്സേഴ്സ് എസ്.എം.എം. സ്റ്റീൽ റോളിംഗ് മിൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വിറ്റു. എന്റെ ചോദ്യം - സെന്റിന് എത്ര രൂപയാണ് കണക്കാക്കിയത്? ഉത്തരം - സെന്റിന് 440 രൂപ നിരക്കിലാണ് വിറ്റത്. ചോദ്യം - മൊത്തം എത്ര തുകയ്ക്കാണ് വിറ്റത്? ഉത്തരം - 1,14,400 രൂപയ്ക്ക് വിറ്റു. എന്റെ ചോദ്യം - റവന്യൂ ഉദ്യോഗസ്ഥരുടെ കണക്കുപ്രകാരം ഈ സ്ഥലത്തിന് സെന്റിന് വിലയെത്രയാണെന്ന് വ്യക്തമാക്കാമോ? ഉത്തരം - ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആധാരങ്ങൾ പരിശോധിച്ചതിൽ സെന്റിന് 15,000 രൂപയോളം വരുന്നതായി അറിയാൻ കഴിഞ്ഞു. ഏറ്റവും ഗ്ലേറിംഗ് ആയിട്ടുള്ള, ഗുരുതരമായിട്ടുള്ള ഒരു ആരോപണമാണ് ഞാൻ ഇതിന്റെ ഭാഗമായി ഉന്നയിക്കുന്നത്. ഇത് ചിലപ്പോൾ മന്ത്രി അറിഞ്ഞിട്ടാണോ പോയതെന്ന് എനിക്ക് അറിയില്ല. അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റിന്റെ ആളുകളാണോ ഇതിന് ഉത്തരവാദിത്വം എടുത്തതെന്ന് എനിക്ക് അറിയില്ല. റവന്യൂ ഉദ്യോഗസ്ഥർപോലും കണക്കാക്കിയ സെന്റിന്റെ വിലയുടെ നൂറിലൊന്നുപോലും എടുക്കാതെ സെന്റിന് 50,000 രൂപ വിലയുള്ള സ്ഥലത്തിന് റവന്യൂ ഉദ്യോഗസ്ഥർ 15,000 രൂപ വില കണക്കാക്കി സെന്റിന് 440 രൂപയ്ക്ക് ഒരു സ്വകാര്യ വ്യക്തിക്ക് ഗവൺമെന്റിന്റെ സ്ഥലം, സിഡ്കോയുടെ സ്ഥലം വിറ്റിരിക്കുന്നു. ഇതുപോലെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഒരു കാര്യംകൂടി പെടുത്താൻ ആഗ്രഹിക്കുകയാണ്. എല്ലാ കാര്യവും ഞാൻ പറയുന്നില്ല. പാപ്പനംകോട് 2.98 ഏക്കർ സ്ഥലം സെന്റിന് 37 രൂപ വച്ചാണ് വിറ്റത്. ചേർത്തല മൂന്നേക്കർ 53 സെന്റ് സ്ഥലം സെന്റിന് 91 രൂപ വച്ചാണ് വിറ്റത്. ഒലവക്കോട് 17 ഏക്കർ 93 സെന്റ് സ്ഥലം സെന്റിന് 13.35 പൈസയ്ക്കാണ് വിറ്റത്. മഞ്ചേരിയിൽ ഒരേക്കർ 88 സെന്റ് സ്ഥലം സെന്റിന് 407 രൂപയ്ക്കാണ് വിറ്റിട്ടുള്ളത്. കാസർഗോഡ് 7 ഏക്കർ 20 സെന്റ് സ്ഥലം സെന്റിന് 53 രൂപയ്ക്കാണ് വിറ്റിട്ടുള്ളത്.

മി. സ്പീക്കർ: എഴുതി തന്നതിൽ അതൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: ഞാൻ ഒലവക്കോടെ കാര്യം പറഞ്ഞിരുന്നു. അതിനുപുറമെ എന്റെ unstarred question-നും ഞാൻ ഇതിനകത്ത് സൂചിപ്പിച്ചിട്ടുണ്ട്.

മി. സ്പീക്കർ: എഴുതി തന്ന ആരോപണം മാത്രം മതി.

ശ്രീ.എ. കെ. ബാലൻ: ഞാൻ ഒലവക്കോടെ കാര്യം മാത്രം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കാരണം കേരളത്തിന്റെ പൊതുസ്വത്ത് കട്ടുമുടിക്കാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് ഞാനിതു പറഞ്ഞത്. എന്റെ രണ്ടാമത്തെ ആരോപണം ഞാൻ ഉന്നയിക്കുന്നു. മലബാർ സിമന്റ്സ് 2003-04 വർഷം ചുണ്ണാമ്പുകല്ല് വാങ്ങാൻ കോയമ്പത്തൂരിലെ ഒരു സ്വകാര്യ കമ്പനിയായ എ.ആർ.കെ. വുഡ് മെറ്റൽ പ്രൈവറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ലിമിറ്റഡിന് 197.68 കോടി രൂപയ്ക്ക് കരാറായി. ഇതിന് ടെണ്ടർ വിളിച്ചില്ല എന്ന് എ.ജി.യുടെ പ്രിലിമിനറി ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചു. ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം മാത്രം ഞാൻ ഇവിടെ വായിക്കുന്നു. കാരണം ഞാൻ പറയുന്നതിന് ഒരു veracity ഉണ്ടാകണം, ഒരു credibility ഉണ്ടാകണമെന്നുള്ളതു കൊണ്ടുമാത്രമാണ് ഞാനിത് വായിക്കുന്നത്. The Report – Being a public sector company execution of a long term contract of the above said magnitude with a canvassing agent, അതൊരു കമ്പനി പോലുമല്ല. ....that too, on the basis of a direct negotiation was highly irregular and not in the best financial interest of the company. It is also notworthy, concurrence of the Government was not obtained. ഇത് എ.ജി.യുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ പ്രസക്തമായിട്ടുള്ള ഭാഗമാണ്. ഒരു പൊതുമേഖലാസ്ഥാപനമായ മലബാർ സിമന്റ്സിനോട് പുറത്തുനിന്നും ചുണ്ണാമ്പുകല്ല് വാങ്ങരുതെന്ന് എ.ജി. നിരവധി പ്രാവശ്യം മുന്നറിയിപ്പ് നൽകിയിട്ടുപോലും, ഗവൺമെന്റിന്റെ കൺകറൻസ് പോലുമില്ലാതെ ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നും ചുണ്ണാമ്പുകല്ല് വാങ്ങിയിരിക്കുന്നു. അങ്ങനെ വാങ്ങാൻ കമ്പനിയെ പ്രേരിപ്പിച്ച ചേതോവികാരം എന്താണ്? ഗവൺമെന്റിന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് മലബാർ സിമന്റ്സ് ഇതു വാങ്ങിയതെങ്കിൽ ബഹുമാനപ്പെട്ട മന്ത്രീ, ഞാൻ അങ്ങയുടെ ക്രഡിബിലിറ്റിയെ ഒരിക്കലും ചോദ്യം ചെയ്യില്ല, ഇതിലിടപെട്ട് ഇത് തെറ്റാണെന്ന് പറഞ്ഞാലെങ്കിലും ഞങ്ങൾ സമാധാനപ്പെടാം. ഈ കാര്യത്തെ സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ രണ്ട് irregularity-യുമാണ് പ്രധാനമായും ഒരു ആരോപണമെന്നുള്ള നിലയിൽ ഈ രണ്ട് ഡോക്യുമെന്റ്സ് വച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്.

ശ്രീ. കെ. സുധാകരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തിന്റെ അവസ്ഥ കാണുമ്പോൾ, ഇനിയും കുത്തി നോവിക്കാൻ മനസ്സു വരുന്നില്ല. ശ്രീ. ബിനോയ് വിശ്വത്തിന്റെ മുഖമെന്നു പറയുന്നത്, ചോര വാർന്ന മുഖംപോലെയാണ്. രക്തപ്രസാദം കാണാനില്ല. അത് അപ്രത്യക്ഷമായിരിക്കുകയാണ്. വിമർശനത്തിന്റെ ശരശയ്യയിൽ കിടന്നുപിടയുന്ന രംഗം ഇവിടെ കണ്ടതല്ലേ? ഇതുവരെ നിയമസഭയിൽ കാണാത്ത ഒരുപാടു രംഗങ്ങളും നമ്മൾ കണ്ടു. ശ്രീ. ടി. എം. ജേക്കബിന്റേയും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെയും പ്രസംഗങ്ങൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. ശ്രീ.കോടിയേരി ബാലകൃഷ്ണന്റെ ഇരുപ്പു കണ്ടാൽ, ഉൽസവപ്പറമ്പിൽ കടല വില്പന നടത്തുന്ന ആളെപ്പോലെ, ഇതൊന്നും തനിക്ക് ബാധകമല്ലെന്നുള്ള മട്ടിലാണ്. ഈ നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ തമാശ, ഞങ്ങളും സി.പി.ഐ.ഉം തമ്മിൽ അഭേദ്യമായ ബന്ധമാണെന്ന പ്രഖ്യാപനമാണ്. ആ വലിയ തമാശ കേട്ടുകൊണ്ട് നിയമസഭ ഇന്നു സമാപിക്കാൻ പോകുകയാണ്. ഈ നിയമസഭയിലെ അവസാനത്തെ പ്രസംഗമാണ് നമ്മുടെയൊക്കെ പ്രസംഗം. ഇന്നു പോകുന്നവരിൽ ആരൊക്കെ തിരിച്ചുവരുമെന്നോ വരാതിരിക്കുമെന്നോ ഒന്നും നമുക്ക് പ്രവചിക്കാൻ സാധ്യമല്ല. നിയമസഭയിൽ നിന്നും നമ്മൾ പിരിഞ്ഞുപോകുമ്പോൾ, കേരളത്തിലെ ജനങ്ങളുടെ മനസ്സിനകത്ത് ഒരു ഉറച്ച തീരുമാനം രൂപപ്പെട്ടിരിക്കും എന്ന പൂർണ്ണ വിശ്വാസം എനിക്കുണ്ട്. ശ്രീ. പിരപ്പൻകോട് മുരളിയുടെ ആരംഭ പ്രസംഗം ഞാൻ ഓർക്കുകയാണ്. ഐക്യജനാധിപത്യ മുന്നണി എന്തു കണ്ടുകൊണ്ടാണ് നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും തിരിച്ചുവരേണ്ടതെന്നാണ് ചോദിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിലേയ്ക്കു കടന്നു വരികയാണ്.

(ദീർഘമായ അവധിക്കുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 9.13-പി.എം.ന് നിയമസഭയിൽ ഹാജരായി)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിയമസഭാ സമ്മേളനത്തിന്റെ അവസാന ദിവസത്തിൽ ഈ സഭയിലേയ്ക്കു കടന്നുവരാൻ കഴിഞ്ഞതിൽ നമുക്കു ദൈവത്തിനോടു നന്ദി പറയാം. അദ്ദേഹത്തെ ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. കെ. സുധാകരൻ: മുഖ്യമന്ത്രിയുടെ വരവിലുള്ള സന്തുഷ്ടി പ്രകടമാക്കിക്കൊണ്ട് എന്റെ വാക്കുകൾ തുടരുകയാണ്. നാലേമുക്കാൽ വർഷക്കാലം ഭരിച്ച ഈ ഗവൺമെന്റ്, ഞാൻ കണക്കുകൾ ഉദ്ധരിക്കാതെ, കേരളത്തിന്റെ ഭൗതിക സാഹചര്യങ്ങളിൽ വന്നിരിക്കുന്ന മാറ്റം വച്ചുകൊണ്ടു മാത്രം പറയാം, ഈ ഗവൺമെന്റിനോട് കിടപിടിക്കാൻ തക്കവണ്ണം മറ്റൊരു ഗവൺമെന്റും കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നു പറയാൻ എനിക്ക് അശേഷം മടിയില്ല. ഈ ഗവൺമെന്റിന്റെ പ്രത്യേകത എന്താണ്? സംസ്ഥാനത്തെ എല്ലാ വിഭാഗം ആളുകളേയും സംതൃപ്തരാക്കിക്കൊണ്ടാണ് നാലേമുക്കാൽ വർഷക്കാലം പിന്നിട്ടത് എന്നതാണ്. ആരുമില്ലാത്തവർ, അഗതികൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, കർഷകർ, വ്യവസായികൾ, സർക്കാർ ജീവനക്കാർ തുടങ്ങി നാനാതുറകളിലെ ആളുകളുടെ കാര്യത്തിൽ ഈ ഗവൺമെന്റ് കാലാകാലങ്ങളിൽ എടുത്തിട്ടുള്ള നടപടികൾ അവരെ സംതൃപ്തരാക്കി എന്ന യാഥാർത്ഥ്യം ആർക്കും വിസ്മരിക്കാൻ സാധിക്കില്ല എന്നതാണ് യാഥാർത്ഥ്യം. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ഒരു മനുഷ്യമുഖം ദർശിക്കാൻ നമുക്കു സാധിക്കും. അടിസ്ഥാനപരമായി ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി സ്വാശ്രയ, അക്ഷയ, കുടുംബശ്രീ, ആരോഗ്യ പരിപാലന രക്ഷ തുടങ്ങിയവയിലൂടെ ഒരുപാടു പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഒരു ഗവൺമെന്റും ചെയ്യാത്ത രീതിയിൽ ഏറ്റവും താഴെത്തട്ടിലെ ജനവിഭാഗങ്ങളുടെ വികാരങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് അവരുടെ വികസനത്തിനുവേണ്ടി, ഈ ഗവൺമെന്റ് പ്രവർത്തിച്ചു എന്നു പറഞ്ഞാൽ നിഷേധിക്കാൻ ഇടുതുപക്ഷത്തിരിക്കുന്ന ഒരു സുഹൃത്തിനും സാധിക്കില്ല എന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ സ്ഥിതി എന്തായിരുന്നു? ഒട്ടുമിക്ക ആളുകളും അതു പരാമർശിച്ചിട്ടുണ്ട്. ഞാൻ ഈ നിയമസഭയിൽ കടന്നുവന്ന രംഗം, വനം - സ്പോർട്ട്സ് വകുപ്പുമന്ത്രിയായി ആദ്യത്തെ ക്യാബിനറ്റിൽ പങ്കെടുത്ത ദിവസം, മനസ്സിനകത്ത് ഇന്നും പച്ചപിടിച്ചു നിൽക്കുന്ന കാര്യങ്ങളാണ്. ഭീതിയോടെ നോക്കിക്കണ്ട ഈ കൊച്ചു കേരളത്തിന്റെ സാമ്പത്തിക സാഹചര്യം, ഒരു പാപ്പർസ്യൂട്ട് സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ പാകത്തിൽ, സാമ്പത്തിക അടിത്തറ തകർന്ന്തരിപ്പണമായ ഒരു സംസ്ഥാനത്തിന്റെ ഭരണാധികാരം, ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഏറ്റെടുത്ത് നാലേമുക്കാൽ വർഷം കഴിയുമ്പോൾ, ഇന്ന് ഈ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? ശമ്പളം കൊടുക്കാതിരുന്ന ഒരു സംസ്ഥാനത്തിന്റെ ഭരണാധികാരം, വികസന രംഗം മുരടിച്ച ഒരു സംസ്ഥാനം, ശമ്പളം കിട്ടുമോ എന്ന് സർക്കാർ ജീവനക്കാർ ഭയന്ന ഒരു കാലം, ക്ഷേമ പെൻഷനുകൾ മാസങ്ങളോളം നിർത്തിവച്ച സംസ്ഥാനം,

LIBRARY ARCHIVES Kerala Legislative Assembly

എന്തിനപ്പുറത്തേയ്ക്കു കടക്കുന്നു, ഒരു സംസ്ഥാന സർക്കാരിന്റെ ക്രഡിബിലിറ്റി, ആ ക്രഡിബിലിറ്റിയെപ്പോലും ചോദ്യം ചെയ്തുകൊണ്ട്, ആയിരം രൂപ കടമെടുക്കാൻ സാധിക്കാത്ത വിധം, ധനകാര്യ ഏജൻസികൾ തള്ളിപ്പറഞ്ഞ ഒരു സംസ്ഥാനമായിരുന്നു കേരളം. അത്രയും ദുർബലമായ, തകർന്നുതരിപ്പണമായ ഒരു സംസ്ഥാനത്തിന്റെ ഭരണാധികാരം കയ്യിലെടുത്ത്, നാലേമുക്കാൽ വർഷം കഴിയുമ്പോൾ ക്ഷേമ പെൻഷനുകൾ മാസാമാസം ഒന്നാംതീയതി വീടുകളിൽ എത്തിക്കാൻ പാകത്തിലുള്ള സാമ്പത്തിക ഭദ്രതയിലേയ്ക്ക് ഈ സംസ്ഥാനത്തെ നയിക്കാൻ ഈ ഗവൺമെന്റിനു സാധിച്ചു. സാമ്പത്തിക രംഗത്തെ ഈ രീതിയിലുള്ള പരിവർത്തനം കാണാതിരിക്കാൻ എങ്ങനെ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ സുഹൃത്തുക്കൾക്കു കഴിയും എന്ന് എനിക്കറിയാൻ താല്പര്യമുണ്ട്. സാമ്പത്തിക രംഗത്ത് മാറ്റങ്ങൾ ഉണ്ടാകുമ്പോൾ, ഒരു കാര്യം നാം ഓർക്കണം; ഒരാളിന്റെ ചുമലിലും ഈ ഗവൺമെന്റ് നികുതി കെട്ടിവച്ചില്ല, അധിക വരുമാന സ്രോതസ്സുണ്ടാക്കാൻ സാധാരണക്കാരെ കഷ്ടപ്പെടുത്തിയില്ല, പാവപ്പെട്ടവനെ ദ്രോഹിച്ച ഒരു നടപടിയും നാലേമുക്കാൽ വർഷത്തിനിടയിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. എന്നിട്ടും സാമ്പത്തിക രംഗത്തെ മാനിച്ചുകൊണ്ട്, മുണ്ട് മുറുക്കിയുടുത്തുകൊണ്ട്, ദുർവ്യയങ്ങൾ ഒഴിവാക്കി, അനാവശ്യ ചെലവുകൾ വെട്ടിക്കുറച്ച്, സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ഊട്ടിയുറപ്പിക്കാൻ സാധിച്ച ഒരു ഗവൺമെന്റിനെതിരെ ചിന്തിക്കാൻ കേരളത്തിലെ ജനങ്ങൾക്കു സാധിക്കുമെന്നുള്ള വിശ്വാസം എന്നെ സംബന്ധിച്ചിടത്തോളമില്ല. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീമതി മേഴ്സി രവി ചൂണ്ടിക്കാണിച്ച കാര്യം, കാർഷിക രംഗത്ത് ഒരു പുതു ജീവൻ ഉണ്ടാക്കി എന്നതാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ച, കർഷക പെൻഷൻ കൊടുത്ത കേരളത്തിലെ ആദ്യത്തെ സർക്കാർ എന്ന ബഹുമതി ആർജ്ജിക്കാൻ ഈ ഗവൺമെന്റിനു സാധിച്ചില്ലേ? പെൻഷൻ എത്ര എന്നതല്ല ചോദ്യം. ഒരു നിയമം ഉണ്ടാക്കുമ്പോൾ, അതിന്റെ ആരംഭദശയിൽ ഒരുപാടു പോരായ്മകൾ ഉണ്ടാകും, കുറവുകൾ ഉണ്ടാകും. കാലക്രമേണ അതു നികത്തിയെടുക്കാൻ സാധിക്കും. തൊഴിലില്ലായ്മവേതനം പ്രഖ്യാപിക്കുമ്പോഴും, കർഷകത്തൊഴിലാളി പെൻഷൻ പ്രഖ്യാപിക്കുമ്പോഴും, നാം ചിന്തിക്കണം, ആരംഭത്തിൽ എത്ര കാശാണ് പ്രഖ്യാപിച്ചത് എന്ന്. അതു കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച്, വർദ്ധിപ്പിച്ച് ഇന്നു സാമാന്യം മോശമല്ലാത്ത തുകയിലേയ്ക്ക് എത്തിക്കാൻ നമുക്ക് സാധിച്ചില്ലേ? ആയിരം രൂപയുടെ വലിപ്പമല്ല, കേരളത്തിലെ കർഷകരെ അംഗീകരിച്ച ഒരു ഗവൺമെന്റ് എന്ന നിലയിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനെ നോക്കിക്കാണാതിരിക്കാൻ കേരളത്തിലെ ജനങ്ങൾക്കു സാധിക്കുമെന്ന് എനിക്കു തോന്നുന്നില്ല. കാർഷിക രംഗത്തെ, വിദ്യാഭ്യാസ രംഗത്തെ നേട്ടം, ശ്രീ. പി.കെ.കെ. ബാവ ഇവിടെ ചൂണ്ടിക്കാണിച്ചു. സ്വാശ്രയ കോളേജുകൾക്കുമപ്പുറത്ത് ഞാൻ വിദ്യാഭ്യാസവകുപ്പു മന്ത്രിയെ അനുമോദിക്കുന്നത്, കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ഗ്രേഡിംഗ് കൊണ്ടു വരിക വഴി, കുട്ടികളുടെ മാനസിക സമ്മർദ്ദം ഒഴിവാക്കാൻ സാധിച്ചു എന്നതിനാണ്. എഡ്യൂസാറ്റ്, വിദ്യാഭ്യാസ രംഗത്ത് ഏറ്റവും ശാസ്ത്രീയമായ, നവീനമായ വിദ്യാഭ്യാസ പഠന സമ്പ്രദായം കേരളത്തിൽ കൊണ്ടു വരാൻ സംസ്ഥാന ഗവൺമെന്റിനു സാധിച്ചിരിക്കുന്നു. ഇന്ത്യാ രാജ്യത്തെ ഒരു സംസ്ഥാന ഗവൺമെന്റും കൈക്കൊള്ളാത്ത നടപടി, Satellite for Education, സാറ്റലൈറ്റ് ഉപഗ്രഹം വിക്ഷേപിച്ചിരിക്കുന്നു. പതിനഞ്ചോളം ഇന്ററാക്ഷൻ ടെർമിനലുകൾ സ്ഥാപിച്ചിരിക്കുന്ന, നാല് ചാനലുകളിലേയ്ക്ക്, തിരുവനന്തപുരത്ത് ആരംഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രക്ഷേപണ നിലയത്തിൽ നിന്നും പ്രതിഭാധനരായ, പ്രതിഭാസമ്പന്നരായ, കഴിവുള്ള, പ്രാപ്തിയുള്ള അദ്ധ്യാപകന്റെ അദ്ധ്യാപനം സ്വീകരിക്കാൻ, കേൾക്കാൻ സ്വന്തം ജില്ലയിലെ, സ്വന്തം ഗ്രാമങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇരുന്നുകൊണ്ട് നമ്മുടെ കുട്ടികൾക്ക് സാധിക്കുമെന്നു പറയുമ്പോൾ, വിദ്യാഭ്യാസ രംഗത്ത് ഈ കൊച്ചു കേരളം എറിടെ എത്തിയെന്നു നാം പരിശോധിക്കേണ്ടതായിട്ടുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയെപ്പറ്റി പ്രതിപക്ഷം ഇറിടെ പറഞ്ഞു. നിങ്ങൾ അധികാരത്തിൽ നിന്നും പോകുമ്പോൾ 36 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു. ആ 36 മാസത്തെ പെൻഷനിൽ പകുതിയോളം ഞങ്ങൾ കൊടുത്തു. ബാക്കിയുള്ള പെൻഷൻ മാസാമാസം കൊടുക്കുന്നു. എന്നിട്ടും പെൻഷൻ കൊടുക്കുന്നില്ലെന്ന് പറഞ്ഞാൽ നിങ്ങളുടെ തൊലിക്കട്ടി എത്ര അപാരമാണ്. ഇത്രയും കാര്യക്ഷമതയോടുകൂടി ഒന്നാം തീയതി പെൻഷൻ കൊടുക്കുന്ന ഒരു സർക്കാരിനെ നിങ്ങൾക്ക് എങ്ങനെ വിമർശിക്കാൻ തോന്നുന്നു. എം.എൽ.എ-മാർ സന്തുഷ്ടരാണ്. അവരുടെ ടി.എ വർദ്ധിപ്പിച്ചു, അലവൻസ് വർദ്ധിപ്പിച്ചു. അതിനുപുറമെ ലോക്കൽ ഫണ്ട് വർദ്ധിപ്പിച്ചു കൊടുത്ത ഒരു ഗവൺമെന്റാണ് യു.ഡി.എഫ് ഗവൺമെന്റ്. എല്ലാ എം.എൽ.എ-മാരുടേയും ആഗ്രഹാഭിലാഷങ്ങൾ ക്കനുസരിച്ച് സ്വന്തം നിയോജകമണ്ഡലത്തിലെ വികസനപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ഫണ്ട് 75 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. എം.എൽ.എ-മാർ സന്തുഷ്ടരല്ലേ? മുൻപ് ഉണ്ടായിട്ടില്ല. ഈ ഗവൺമെന്റല്ലേ ഇത് പ്രഖ്യാപിച്ചത്? 75 ലക്ഷം രൂപ വർഷാവർഷം വാങ്ങി നിയോജകമണ്ഡലത്തിലെ വികസനത്തിനുവേണ്ടി ശ്രീ. പി. സി. ജോർജ് അടക്കം വാങ്ങിക്കൊണ്ട് പോകുന്നില്ലേ? നിങ്ങൾ ഭരിക്കുമ്പോൾ അത് എടുത്തുകളഞ്ഞില്ലേ? അത് നിങ്ങൾക്കുണ്ടാക്കാൻ സാധിച്ചിട്ടില്ല. ആരുടേയും തറവാട്ടിൽ നിന്ന് കൊണ്ടുവന്നതല്ലല്ലോ. സർക്കാരിന്റെ നടപടികളും ഫണ്ടുകളും ആരുടേയും തറവാട്ട് വകയല്ല. നാടിന്റെ ഫണ്ടാണ്. ജനങ്ങളുടെ ഫണ്ടാണ്. പക്ഷെ അങ്ങനെയൊരു സ്കീം കൊണ്ടുവരിക വഴി കേരളത്തിലെ എം.എൽ.എ.മാർ സന്തുഷ്ടരാണെന്നാണ് എന്റെ വിശ്വാസം. നിങ്ങൾ അതിനെ ചോദ്യം ചെയ്താലും മനസ്സിന്റെയുള്ളിൽ സന്തോഷ മായിരിക്കുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. ക്ഷീരകർഷകർക്ക് ക്ഷേമനിധി പദ്ധതി ഏർപ്പെടുത്തിയ ഗവൺമെന്റാണ് ഇത്. ലക്ഷക്കണക്കിന് ക്ഷീര കർഷകർക്ക് ക്ഷേമനിധി നടപ്പിലാക്കുക വഴി ക്ഷീരകർഷകരായ മുഴുവൻ ആളുകളുടേയും സംതൃപ്തി പിടിച്ചുപറ്റാൻ സാധിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങളെ സംതൃപ്തരാക്കി, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ വന്നപ്പോൾ എല്ലാപേരും അതിന്റെ പേരിൽ യു.ഡി.എഫ് ഗവൺമെന്റ് തകരുമെന്ന് കണക്കുകൂട്ടിയിരുന്ന എല്ലാ ആളുകളേയും അത്ഭുതസ്തബ്ധരാക്കിക്കൊണ്ട് ഒരു മായാജാലം കാണിക്കുന്ന രീതിയിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ഗവൺമെന്റിന് സാധിച്ചു. ന്യൂനപക്ഷങ്ങളെ സംതൃപ്തരാക്കി, ന്യൂനപക്ഷ ഭൂരിപക്ഷങ്ങളെ സംതൃപ്തരാക്കി എല്ലാ സമുദായങ്ങളേയും സംതൃപ്തരാക്കിക്കൊണ്ട് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രതികൂലമാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിരിക്കുന്നുവെന്ന് പറയുമ്പോൾ ന്യൂനപക്ഷങ്ങളോടും ഭൂരിപക്ഷ സമൂഹത്തോടുമുള്ള ഈ സർക്കാരിന്റെ സമീപനത്തെ നല്ല മനസ്സോടെ നോക്കിക്കാണാൻ പ്രതിപക്ഷത്തിന് സാധിക്കണം. ഉദ്യോഗസ്ഥരും അദ്ധ്യാപകരും സന്തുഷ്ടരാണ്. ഈ ഗവൺമെന്റിന്റെ ഭരണത്തിൽ ആറാം ശമ്പള കമ്മീഷനെ നിയമിച്ചു. ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നപ്പോൾ ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ റദ്ദാക്കിയെങ്കിൽ ആ ആനുകൂല്യങ്ങളൊക്കെ ഈ ഗവൺമെന്റിന്റെ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനനു സരിച്ച് തിരിച്ചുകൊടുത്തു. ആറാം ശമ്പള കമ്മീഷൻ പ്രഖ്യാപിച്ചു. ആറാം ശമ്പള കമ്മീഷൻ കുറച്ച് വൈകിയെന്ന് കണ്ടപ്പോൾ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഒരു ഗവൺമെന്റും ചെയ്യാത്ത രീതിയിൽ ഇടക്കാലാശ്വാസം നൽകി. ഇതിനുമുൻപ് ഇടക്കാലാശ്വാസം പരമാവധി കൂട്ടിയത് 100 രൂപയാണ്. എന്നാൽ ഈ ഗവൺമെന്റ് 300 രൂപ ഇടക്കാലാശ്വാസം നൽകി. മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം പുതിയ ശമ്പളം വാങ്ങാമെന്ന് കേരളത്തിലെ മുഖ്യമന്ത്രി ഈ രാജ്യത്തിലെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും വാക്ക് നൽകുകയുണ്ടായി. ജീവനക്കാർ സംതൃപ്തരാണ്. അദ്ധ്യാപകർ സംതൃപ്തരാണ്. ഈ രാജ്യത്തെ വ്യവസായികൾ സംതൃപ്തരാണ്. കേരളത്തിൽ ഒരു വ്യാവസായിക സംസ്ക്കാരമുണ്ടാക്കി നിക്ഷേപിക്കാൻ സാധിക്കുന്ന സംസ്ഥാനമാണ് കൊച്ചു കേരളമെന്ന് വരുത്തിത്തീർക്കാൻ സാധിച്ചു. ഗ്ളോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് കൊച്ചിയിൽ സംഘടിപ്പിച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ ഇടതുപക്ഷം ഇവിടെ പ്രസംഗിച്ച് നടന്നില്ലേ ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലെ എം.ഒ.യു-വിൽ ഒപ്പുവച്ച എല്ലാ വ്യവസായങ്ങളും പാറിപ്പോയെന്ന്? എന്നാൽ നിങ്ങൾ മനസ്സിലാക്കേണ്ടത് 33,000 കോടി രൂപയുടെ സ്വകാര്യ മുതൽമുടക്ക് കേരളത്തിൽ പ്രവർത്തിപഥത്തിലെത്തിച്ച് മുക്കാൽ ഭാഗം പ്രവർത്തിയും കേരളത്തിൽ പിന്നിട്ടിരിക്കുന്നു. സ്വകാര്യമേഖലയിൽ 33,000 കോടി രൂപയുടെ മൂലധനം ഉണ്ടായിരിക്കുന്നു. ഏതാണ്ട് 50,000 കോടി രൂപയുടെ മുതൽമുടക്ക് കൊച്ച് കേരളത്തിന്റെ വ്യാവസായിക മണ്ഡലത്തിൽ കടന്നുവന്നിരിക്കുന്നു. 50,000 കോടി രൂപയുടെ വ്യവസായമെന്നു പറയുമ്പോൾ ഈ രാജ്യത്തെ വ്യാവസായിക രംഗത്തുണ്ടാകാവുന്ന അനുസ്യൂതമായ വളർച്ചയും വികാസവും അതിലൂടെ കിട്ടാൻ പോകുന്ന തൊഴിൽ സാദ്ധ്യതകളും കണക്കുകൂട്ടാൻ ഇടതുപക്ഷ പ്രവർത്തകർക്ക് സാധിക്കണം. ആദിവാസി സമൂഹം സംതൃപ്തരാണ്. ആദിവാസികൾക്ക് കേരളത്തിൽ ആദ്യമായി ഭൂമി കൊടുക്കണമെന്ന് ഇവിടെ ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടത്...........

ശ്രീ. രാജു എബ്രഹാം: കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ആദിവാസിയെ വെടിവച്ച് കൊന്നത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലല്ലേ?

ശ്രീ. കെ. സുധാകരൻ: ശ്രീ. രാജു എബ്രഹാം, ഈ നിയമസഭയിൽത്തന്നെ മുത്തങ്ങാ സംഭവത്തിന്റെ നഗ്നമായ ചിത്രം ഞാൻ വരച്ചുകാട്ടിയിട്ടുണ്ട്. കേരളത്തിൽ ആദിവാസികൾക്ക് ഭൂമി കൊടുക്കുമെന്ന് പറഞ്ഞ് പറ്റിച്ചവരാണ് നിങ്ങൾ. ഒരു തുണ്ട് ഭൂമി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ആദിവാസികൾക്ക് കൊടുത്തിട്ടുണ്ടോ? കിട്ടിയിരിക്കുന്ന ഭൂമി, available revenue land-ന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ....

ശ്രീ. എ. ഡി. മുസ്തഫ: കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി 1957-ലെ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ കാലത്താണ്

LIBRARY ARCHIVES Kerala Legislative Assembly

തോട്ടം തൊഴിലാളിയായ പപ്പൻ പാതിരിയേയും മൽസ്യത്തൊഴിലാളിയായ ഗർഭിണിയായ ഫ്ളോറിയേയും വെടിവച്ച് കൊന്നതെന്ന് നിങ്ങൾ ഓർക്കുന്നുണ്ടോ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപോലും ആദിവാസിയെ വച്ചിരിക്കുന്നത് ഈ ഗവൺമെന്റല്ലേ?

ശ്രീ. പി. ടി. തോമസ്: മുത്തങ്ങാ സമരം നടത്തിയ ജാനുവും അതുപോലെ ഈ സമരത്തിന് നേതൃത്വം നൽകിയ ഗീതാനന്ദനും ഐക്യമുന്നണിയാണ് തമ്മിൽ ഭേദമെന്ന് അടുത്ത കാലത്ത് പറഞ്ഞത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: ശ്രീ. കെ. സുധാകരൻ ഒരു കാര്യം ഇവിടെ ആദിവാസികളുടെ ഭൂമിയുമായി ബന്ധപ്പെട്ട് പറഞ്ഞു. ആകെ 5902 ഏക്കർ ഭൂമി 2600 കുടുംബങ്ങൾക്ക് വിതരണം നടത്തി 30,000 കുടുംബങ്ങൾക്ക് ഭൂമിയില്ല. അഞ്ച് ഏക്കർ കൊടുക്കുമെന്നാണ് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. ഇത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സുധാകരൻ: ശ്രീ. പി. ടി. തോമസ് പറഞ്ഞു സി. കെ. ജാനുവും ഗീതാനന്ദനും യു.ഡി.എഫ്-നുവേണ്ടി ഇപ്പോൾ സംസാരിച്ചു നടക്കുന്നുവെന്ന്. മുത്തങ്ങയിൽ ആദിവാസിയെ വെടിവച്ചുകൊന്നുവെന്ന് പറഞ്ഞ് ആ സമരത്തിന് നേതൃത്വം കൊടുത്ത ഗീതാനന്ദനും സി. കെ. ജാനുവും എന്തുകൊണ്ടാണ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് താരതമ്യേന നല്ലതെന്ന് പറയാനുള്ള കാരണമെന്തെന്ന് നിങ്ങൾ പരിശോധിക്കണം. ശ്രീ. എ. കെ. ബാലൻ ചൂണ്ടിക്കാണിച്ചത് ഇവിടെ available revenue land ആണ് ഇതുവരെ വിതരണം ചെയ്തത് എന്നാണ്. ഇനി അവശേഷിക്കുന്ന ആദിവാസികൾക്ക് ഭൂമി കൊടുക്കാനുള്ള സംവിധാനം കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തി വനഭൂമി വിട്ടുകിട്ടാനുള്ള നടപടിക്രമങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ആറളം ഫാം തിരിച്ചെടുത്തു. ആ ആറളം ഫാമിൽ ഏതാണ്ട് 6,000 ഏക്കർ സ്ഥലം ഈ വരുന്ന മാസത്തിനുള്ളിൽ വിതരണം ചെയ്യാൻ പോകുന്നു. ഈ രാജ്യത്തുള്ള ഭൂമി കൊടുക്കാനുള്ള ആത്മാർത്ഥത ഈ ഗവൺമെന്റ് കാണിച്ചില്ലേ? ആദിവാസികൾക്കുവേണ്ടി വിലാപകാവ്യമല്ലാതെ നിങ്ങൾ ഏതെങ്കിലും കാലത്ത് ആദിവാസികൾക്കുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ? കേരളത്തിൽ മാത്രമല്ല ഇൻഡ്യയുടെ രാഷ്ട്രീയ ചരിത്രത്തിലാദ്യമായി ആദിവാസികളെ ഫോറസ്റ്റ് ഗാർഡായി സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തി 300 പേർക്ക് സർക്കാർ നിയമനം കൊടുത്ത ഒരു ഗവൺമെന്റാണ് ഇത്. ഞങ്ങൾ ആദിവാസികൾക്കുവേണ്ടി പ്രവർത്തിക്കുന്നവരാണ്. നിങ്ങളോ? ഹൈക്കോടതി ജഡ്ജുമെന്റു പോലും തള്ളിയില്ലേ? ആദിവാസികൾക്കുവേണ്ടി പ്രവർത്തിച്ച ഒരു ഗവൺമെന്റെന്ന നിലയ്ക്ക് കേരളത്തിലെ ആദിവാസി സമൂഹം ഈ ഗവൺമെന്റിനോടൊപ്പം നിൽക്കുമെന്ന ഉറച്ച വിശ്വാസം എനിക്കുണ്ട്. ഞങ്ങൾക്കറിയാം ജോഗിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചത്. ശ്രീ. ബിനോയ് വിശ്വത്തിനറിയില്ല ജോഗിയുടെ കാര്യമാണ് നേരത്തെ ഇവിടെ പറഞ്ഞത്. സീതയും രാമനും തമ്മിലുള്ള ബന്ധമറിയാത്തതുപോലെ മുത്തങ്ങാ സമരവും, സി. കെ. ജാനുവും, ഗീതാനന്ദനും ജോഗിയും തമ്മിലുള്ള ബന്ധവും നിങ്ങൾക്കറിയില്ല. ഞങ്ങൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തിലെ ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യ നീതി ഉറപ്പാക്കിക്കൊണ്ട് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ നിങ്ങളുടെ പ്രിയപ്പെട്ട പാർട്ടി സി.പി.ഐ.(എം) ഈ രാജ്യത്ത് സാമൂഹ്യനീതിക്കുവേണ്ടി മാർച്ച് നടത്തുന്നു. സമഗ്ര വികസനം സാമൂഹ്യ നീതി; കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ രാഷ്ട്രീയ ചരിത്രത്തിൽ ഇന്നേവരെ അവകാശപ്പെടാൻ സാധിക്കാത്ത രണ്ട് പദങ്ങൾ. ആ രണ്ട് പദങ്ങൾ ഉപയോഗിച്ചുകൊണ്ട് കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേയ്ക്ക് നിങ്ങൾ മാർച്ച് നടത്തി. സാമൂഹ്യ നീതിക്കും സമഗ്ര വികസനത്തിനും വേണ്ടി. ഞാൻ ചോദിക്കട്ടെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൻമേൽ ഈ സംസ്ഥാനത്ത് തലങ്ങ് വിലങ്ങ് ചർച്ച നടക്കുകയാണ്. സിംബോസ്സിയങ്ങളും സെമിനാറുകളും നടക്കുകയാണ്. ശ്രീ. പിണറായി വിജയൻ നടത്തിയ മാർച്ചിൽ സമഗ്ര വികസനം സാമൂഹ്യ നീതി എന്നാണ് മുദ്രാവാക്യം വിളിച്ചിരുന്നത്. കേരളത്തിൽ സാമൂഹ്യ നീതിക്കുവേണ്ടി ഏറ്റവും അടിസ്ഥാനപരമായി വിനിയോഗിക്കാൻ സാധിക്കുമായിരുന്ന നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി എവിടെയെങ്കിലും ഒരു പരാമർശം നടത്താൻ ആത്മധൈര്യം നിങ്ങൾക്കുണ്ടായോ? ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ഈ നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ച് ചോദിച്ചിരുന്നു; നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനോട് നിങ്ങളുടെ പാർട്ടിയുടെ സമീപനം എന്താണെന്ന്. മുന്നണി സമീപനം എന്താണെന്ന്. മറുപടി പറഞ്ഞോ ശ്രീ. കോടിയേരീ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു ഭരണം കൈയിൽ കിട്ടിയാൽ എന്ത് വേണമെന്ന് ഞങ്ങൾ തീരുമാനിക്കുമെന്നുപറഞ്ഞ് തടി തപ്പി. പറയാൻ ആർജ്ജവത്വം വേണം, ആണത്തം വേണം, നയം വേണം, കാഴ്ചപ്പാട് വേണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പിന്നോക്ക സമുദായത്തിന് സംവരണ പ്രകാരം കിട്ടേണ്ട നിയമനങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തുമെന്ന് യു.ഡി.എഫ്. മാനിഫെസ്റ്റോയിൽ നിങ്ങളാണല്ലോ പറഞ്ഞത്. അത് എന്തുകൊണ്ട് നടപ്പിലാക്കാൻ സാധിച്ചില്ല?

ശ്രീ. കെ. സുധാകരൻ: ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെ പറയാത്തതു പലതും പറഞ്ഞുവെന്നു പറയുന്നത് നിങ്ങളുടെ ആശയ പാപ്പരത്വംകൊണ്ടാണ്, രാഷ്ട്രീയ പാപ്പരത്വം കൊണ്ടാണ്. നിങ്ങൾക്ക് രക്ഷപ്പെടാനൊരു മാർഗ്ഗം മാത്രമാണിത്.

ശ്രീ.സി.പി. മുഹമ്മദ്: അലീഗർ മുസ്ളീം യൂണിവേഴ്സിറ്റിയിലെ മുസ്ളീങ്ങൾക്ക് 50 ശതമാനം സംവരണം ലഭിച്ചപ്പോൾ ശ്രീ. എൽ. കെ. അദ്വാനിയുടെ കൂടെ ഇൻഡ്യൻ പാർലമെന്റിൽ അതിനെ ചോദ്യം ചെയ്ത പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടിയെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. സുധാകരൻ: ഒരുപാട് വിഡ്ഢിത്തം കാണിച്ച ഒരു പ്രസ്ഥാനത്തിന്റെ ആകെത്തുകയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. അത് സി.പി.ഐ(എം) ആയാലും സി.പി.ഐ. ആയാലും ശരി; രണ്ടു സി.പി.യും കൂടുമ്പോഴുള്ള ആനവിഡ്ഢിത്തരം ഇൻഡ്യയിലെ രാഷ്ട്രീയ രംഗത്ത് ഒരുപാട് ദർശിച്ചവരാണ് ഇൻഡ്യൻ ജനകോടികൾ. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് ഞാൻ ഒരു കാര്യം പറയാം, ഈ ഗവൺമെന്റ് നാലേമുക്കാൽ വർഷം ഭരിച്ചിട്ട് എന്ത് ഉണ്ടാക്കിയെന്ന് ചോദിക്കുന്ന നിങ്ങളോട് ഞങ്ങളെന്തു പറയാനാണ്? ഞാനും നിങ്ങളും ജീവിക്കുന്ന കണ്ണൂർ ജില്ലയും തൊട്ടടുത്ത് ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

ബിനോയ് വിശ്വത്തിന്റെ കോഴിക്കോട് ജില്ലയുടെ വടക്കൻ ഭാഗങ്ങളിലുമൊക്കെ അന്നത്തെ കാലഘട്ടത്തിൽ നടന്ന ആക്രമണത്തെ ഭീതിയോടെയല്ലാതെ നോക്കിക്കാണാൻ എനിക്കും നിങ്ങൾക്കും സാധിക്കുമോയെന്ന് ഞാൻ അങ്ങോട്ട് ചോദിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ ഭാഗങ്ങളിലൊക്കെ സമാധാന അന്തരീക്ഷം സംജാതമായിരിക്കുക യാണ്. ബഹുമാനപ്പെട്ട കോടിയേരിയുടെ പാർട്ടിയിലെ പ്രിയപ്പെട്ട സഖാക്കൾ, ബി.ജെ.പി.യുടെ പ്രവർത്തകൻമാർ, കോൺഗ്രസ്സിന്റെ പ്രവർത്തകൻമാർ തുടങ്ങി എത്ര പ്രവർത്തകൻമാരാണ് രാഷ്ട്രീയ അതിക്രമത്തിന്റേയും കൊലപാതകത്തിന്റേയും രക്തസാക്ഷികളായി കണ്ണൂർ ജില്ലയുടെ മണ്ണിൽ മരിച്ചുവീണിട്ടുള്ളത്? സ്വന്തം അച്ഛന്റേയും അമ്മയുടേയും കൺമുന്നിൽവച്ച് എസ്.എഫ്.ഐ. വിദ്യാർത്ഥി സുധീഷിനെ വെട്ടിക്കൊന്ന മണ്ണാണ് കണ്ണൂരിലെ മണ്ണ്. സ്വന്തം ഭാര്യയുടേയും സ്വന്തം അച്ഛന്റേയും കൺമുന്നിൽവച്ച് വെട്ടിക്കൊലപ്പെടുത്തിയ പന്ന്യന്നൂർ ചന്ദ്രനെ എനിക്കും നിങ്ങൾക്കും മറക്കാൻ സാധിക്കുമോ? ക്ളാസ്സ് മുറിക്കകത്തിരുന്ന് ക്ളാസ്സെടുക്കുന്ന അധ്യാപകനെ ക്ളാസ്സ് മുറിയിൽ കുട്ടികളുടെ കൺമുന്നിലിട്ട് വെട്ടിനുറുക്കിക്കൊന്ന കണ്ണൂരിലെ ഭീകരത എനിക്കും നിങ്ങൾക്കും വിസ്മരിക്കാൻ സാധിക്കുമോ? തളിപ്പറമ്പ് പന്നിയൂരിലെ 48 വീടുകൾ ഇന്നും എന്റെ മനസ്സിന്റെ അകക്കണ്ണിൽ ജീവിക്കുകയാണ്. പോലീസിനെ നോക്കുകുത്തിയാക്കി പട്ടാപ്പകൽ ആഭരണങ്ങളും പണവും ടി.വി.യും വി.സി.ആറും വി.സി.പി.യുമെല്ലാം കൊള്ളയടിച്ചുകൊണ്ടുപോകപ്പെട്ട പന്നിയൂരിലെ 48 വീടുകൾ എന്റെ കൺമുന്നിലുണ്ട്. ആ ചിത്രം ബഹുമാനപ്പെട്ട കോടിയേരിയുടെ മനസ്സിലും ഉണ്ടാകും. നാദാപുരത്ത് കൊള്ളയടിക്കപ്പെട്ട മുസ്ളീം വീടുകൾ ശ്രീ. ബിനോയ് വിശ്വം സന്ദർശിച്ചിട്ടുണ്ടാകുമല്ലോ. ഞാനും സന്ദർശിച്ചിട്ടുണ്ട്. ആ ആക്രമണങ്ങളുടെയെല്ലാം തേർവാഴ്ചകൾ നടന്ന മലബാറിന്റെ മണ്ണിൽ ഇന്ന് നിലനിൽക്കുന്ന ശാശ്വതമായ സമാധാനം ആരുടെ സംഭാവനയാണ്? ആ സംഭാവന നൽകിയത് ഈ സർക്കാരാണ്. ശാന്തിയും സമാധാനവും ആഗ്രഹിക്കുന്ന ജനം ഈ സർക്കാരിനെ വീണ്ടും രണ്ടു കയ്യും നീട്ടി സ്വീകരിക്കുമെന്നുള്ളത് എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി മനസ്സിലാക്കണം. അതിനെ മറികടക്കാൻ നിങ്ങളുടെ സമഗ്ര വികസനവും സാമൂഹ്യനീതിയുംകൊണ്ട് സാധിക്കുമെന്ന് പ്രിയപ്പെട്ട കോടിയേരി കരുതണ്ട. ഇപ്പോൾ സി.പി.ഐ.(എം) നടത്തിയ മാർച്ചിന്റെ വ്യത്യാസം അറിയാമോ? വർഷങ്ങൾക്കുമുമ്പ് എ. കെ. ഗോപാലന്റെ ഒരു മാർച്ച് ഉണ്ടായിരുന്നു. ഉത്തര മലബാറിലെ ജനങ്ങൾ ആ മാർച്ച് കണ്ടവരാണ്. അന്ന് അദ്ദേഹം തോർത്തുടുത്ത് പാളത്തൊപ്പിയിട്ട് ഒരു തോർത്ത് ചുമലിലിട്ട്, ടയറിട്ട ചെരുപ്പിട്ട് പാതയോരത്തുകൂടെ നടന്നുപോയി. അദ്ദേഹം അന്ന് അന്തിയുറങ്ങിയത് സാധാരണ കർഷകത്തൊഴിലാളികളായ രാമന്റേയും കൃഷ്ണന്റേയും രാഘവന്റേയും കുഞ്ഞിരാമന്റേയും നാണിയുടേയും മാണിക്യത്തിന്റേയും വീടുകളിലാണ്. കഞ്ഞികുടിച്ച് കപ്പ തിന്ന് അന്ന് അന്തിയുറങ്ങിയ എ. കെ. ഗോപാലന്റെ മാർച്ചും വർഷങ്ങൾക്കുശേഷം ശ്രീ. പിണറായി വിജയൻ നടത്തിയ മാർക്സിസ്റ്റ് പ്രസ്ഥാനത്തിന്റെ മാർച്ചും തമ്മിലൊന്ന് താരതമ്യം ചെയ്തുനോക്കണം. നിങ്ങൾ മാറിയിട്ടുണ്ട്. നിങ്ങൾക്ക് പരിവർത്തനം വന്നിട്ടുണ്ട്. നിങ്ങൾ 5000 കോടി രൂപയുടെ ആസ്തിയിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്. അതിന്റെ പ്രൗഢിയും അഹങ്കാരവും നിങ്ങളുടെ മാർച്ചിൽ കണ്ടു. എയർ കണ്ടീഷൺഡ് ക്വാളീസ് വണ്ടിയിലിരുന്ന് ശ്രീ. പിണറായി വിജയൻ മാർച്ച് നടത്തി. സ്റ്റാർ ഹോട്ടലുകളിലും ഗസ്റ്റ് ഹൗസുകളിലും എ.സി. മുറികളിലും താമസിച്ചു. ഓരോ ജില്ലയിലും എത്തുമ്പോൾ ആ ജില്ലകളിലെ വ്യവസായികളേയും വ്യാപാരികളേയും വിളിച്ചുചേർത്ത് ചർച്ച നടത്തിയ ആധുനിക

GPM.2/571/2015—48

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കർഷക തൊഴിലാളികളേയും കൂലി കിട്ടാത്ത തൊഴിലാളികളേയും തൊഴിൽ ഇല്ലാത്തവരേയും വിളിച്ചുചേർത്തുകൊണ്ട് എ.കെ.ജി. നടത്തിയ ചർച്ചയും തമ്മിലുള്ള അന്തരം ഈ 50 വർഷക്കാലത്തെ നിങ്ങളുടെ പ്രസ്ഥാനത്തിന്റെ വളർച്ചയുടെ ജീവിക്കുന്ന തെളിവായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിലെ ജനം നിങ്ങൾക്കെതിരെ ശബ്ദിക്കും. നിങ്ങളുടെ സ്വന്തം അനുയായികൾ നിങ്ങൾക്കെതിരെ ശബ്ദിക്കും. നിങ്ങളുടെ സ്വന്തം പാർട്ടി അനുഭാവികൾ നിങ്ങൾക്കെതിരെ ശബ്ദിക്കും. നിങ്ങൾക്ക് എന്താണ് സമഗ്ര വികസനം? എന്നാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സമഗ്ര വികസനത്തിന്റെ വക്താക്കളായത്? ക്യാൻസർ സെന്ററിനെക്കുറിച്ച് രാവിലെ സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട കോടിയേരിക്ക് ആയിരം നാവായിരുന്നു. സമഗ്ര വികസനത്തിന്റെ നാവ്. ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് വേണം. ക്യാൻസർ രോഗികളോട് നിങ്ങൾക്കുള്ള സ്നേഹ പ്രപകടനം കണ്ടപ്പോൾ വാസ്തവത്തിൽ എനിക്കുതന്നെ അത്ഭുതം തോന്നി. ഉത്തര മലബാറിൽ ഒരു മെഡിക്കൽ കോളേജ് വരുമ്പോൾ അതിനെ ശ്വാസം മുട്ടിച്ച് കൊല്ലാൻ നോക്കിയ പാർട്ടിയാണ് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി. ആ മെഡിക്കൽ കോളേജ് എന്തിനാണ് എന്ന് ചോദിച്ച് ആ മെഡിക്കൽ കോളേജിനെതിരെ സമരം ചെയ്തവരാണ്. ആ മെഡിക്കൽ കോളേജിനെ തകർക്കാൻ ശ്രമിച്ചവരാണ്. യൂണിവേഴ്സിറ്റി വരുമ്പോൾ എന്തിനാണ് യൂണിവേഴ്സിറ്റിയെന്ന് ചോദിച്ച് യൂണിവേഴ്സിറ്റിക്കെതിരെ പ്രക്ഷോഭം നടത്തിയ നിങ്ങൾക്ക് എപ്പോഴാണ് സമഗ്ര വികസനത്തിന്റെ ബോധോദയം കടന്നുവന്നത്? എസ്.എൻ.സി.യിലേയ്ക്ക് ഞാൻ പോകുന്നില്ല. വൈദ്യുതി പ്രോജക്ടിലേയ്ക്ക് പോകുന്നില്ല. പക്ഷേ ഒന്ന് പറയാതെ പോകാൻ എനിക്ക് ആകുന്നില്ല. അങ്ങയുടെ പാർട്ടി സെക്രട്ടറി, കേരളത്തിലെ ജനങ്ങൾ നോക്കിക്കണ്ട ഏറ്റവും നല്ല കമ്മ്യൂണിസ്റ്റുകാരൻ, ചടയൻ ഗോവിന്ദൻ ക്യാൻസറോട് മല്ലിട്ട് ഓരോ ദിവസവും മരണത്തെ മുഖാമുഖം കണ്ടുകൊണ്ട് ഇഞ്ചിഞ്ചായി മരിക്കുമ്പോഴാണ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ ഈ വൻ തട്ടിപ്പ് നടന്നത്. ആ നിങ്ങളോട് ഈ രാജ്യത്തെ ജനങ്ങൾ സഹിക്കുമോ, പൊറുക്കുമോ, ക്ഷമിക്കുമോയെന്ന് നിങ്ങൾ പരിശോധിക്കണം. ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി എസ്.എൻ.സി. ലാവ്ലിൻ കമ്പനിയുടെ കനേഡിയൻ സാമ്പത്തിക ഏജൻസിയായ 'സിഡ'യിൽനിന്ന് പണം സ്വീകരിക്കാൻ നിങ്ങൾ എസ്.ബി.ടി.യിൽ 300 രൂപയുടെ അക്കൗണ്ട് തുടങ്ങി. അവിടെ ഇന്ന് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടായിരിക്കുന്നു. ആ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ഏതാണ്ട് 8 കോടി ഉറുപ്പിക ചെലവഴിച്ചുവെന്ന് പറയുന്നു. ആ 8 കോടി രൂപ ഈ അക്കൗണ്ടിൽ എന്തുകൊണ്ട് വന്നില്ല. ഞാൻ അതിനെക്കുറിച്ച് സംസാരിക്കണമെന്ന് കരുതിയതല്ല. പക്ഷേ ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം കേട്ടപ്പോൾ എനിക്കുതോന്നി 'സിഡ'യെന്നുപറയുന്നത് അത്ര മോശക്കാരല്ലല്ലോയെന്ന്. കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം വാഗ്ദാനം പാലിച്ചവർ, എം.ഒ.യു. പ്രാവർത്തികമാക്കിയവർ എന്തേ ഈ കാര്യത്തിൽ മാത്രം വാക്കു പാലിച്ചില്ല എന്നുള്ളതാണ് എന്റെ സംശയം. അപ്പോഴാണ് ഞാൻ ഓർത്തത്, ഈ അക്കൗണ്ടിൽ അഞ്ചു രൂപ വന്നില്ല. ഈ സ്ഥാപനം എങ്ങനെയാണ് ഉയർന്നത്? ഈ സ്ഥാപനത്തിന് ചിലർ കൊടുത്ത പണം ആരാണ് വാങ്ങിയത്? ഗവൺമെന്റ് വാങ്ങിയോ, ഇലക്ട്രിസിറ്റി വകുപ്പ് വാങ്ങിയോ, ലാവ്ലിൻ കമ്പനി വാങ്ങിയോ? അവിടെ ടെക്നിക്കാലിയാ എന്നു പറയുന്ന മദിരാശിയിലെ ഒരു കൺസൾട്ടൻസിക്ക് ഈ പണം ഹാൻഡോവർ ചെയ്തത് ആരാണ്? ഇതു സംബന്ധിച്ച് ശ്രീ. കോടിയേരി മറുപടി പറയണം. ഇതിന്റെ നിർമ്മാണം നടത്തിയ ടെക്നിക്കാലിയയ്ക്ക് ഈ പണം ഹാൻഡോവർ ചെയ്തത് ആരാണ്? നിങ്ങൾ പറയുന്നതുപോലെ ഈ ബിസിനസ്സ്

LIBRARY ARCHIVES Kerala Legislative Assembly

സുതാര്യമാണെങ്കിൽ ആ പണം അക്കൗണ്ടിൽ വരണ്ടേ? അക്കൗണ്ടിൽ പണം വരാതെ ഈ പണം ആരു കൊടുത്തു, ആര് ചെലവഴിച്ചു? ഈ പണം ആരു കണ്ടു, ഇതിന് ഉത്തരവാദി ആരാണ്? ഇതു സംബന്ധിച്ച് ഉത്തരം പറയണ്ടേ? ആ പണം പോയതുപോലെതന്നെ ബാക്കി പണവും പോയിയെന്ന് നമ്മൾ സംശയിച്ചാൽ നമ്മളെ കുറ്റം പറയാൻ നിങ്ങൾക്ക് സാധിക്കുമോ? അതാണ് ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞത്; പണം വന്നിട്ടുണ്ട്, പണം പോയിട്ടുണ്ട്, ചെലവഴിച്ച പണംപോലും ഞങ്ങളാരും കണ്ടിട്ടില്ല, ഗവൺമെന്റ് കണ്ടിട്ടില്ല, എസ്.എൻ.സി. ലാവ്‌ലിൻ കണ്ടിട്ടില്ലായെന്ന്. അതുപോലെ 90 കോടി രൂപയും പോയിയെന്ന് ബഹുമാനപ്പെട്ട ഹസ്സൻ പറയാനുള്ള കാരണം അതാണ്. ഈ അഴിമതി ആരോപണത്തിന്റെ വിഴുപ്പുഭാണ്ഡം പേറുന്ന ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യത്തെ സെക്രട്ടറിയാണ് ശ്രീ.പിണറായി വിജയൻ. കുംഭകോണത്തിൽ, അഴിമതിയിൽ, കേരളത്തിന്റെ മനസ്സ് വിറങ്ങലിച്ചുപോയ ഈ ധൂർത്തിന്റെ ഏറ്റവും വലിയ ശരവ്യൂഹത്തിൽ ശ്രീ. പിണറായി വിജയൻ കിടക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ഇത് നോക്കിക്കാണും. ഞാനും നിങ്ങളും തെരഞ്ഞെടുപ്പ് രംഗത്തേയ്ക്ക് പോകുകയാണ്. ഇതിന്റെ യാഥാർത്ഥ്യവും സത്യവും എന്താണെന്ന് ജനത്തിന് അറിയാം. അത് മനസ്സിലാക്കാൻ ജനം അവരുടെ അധികാരം വിനിയോഗിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഐക്യജനാധിപത്യ മുന്നണി അടിസ്ഥാനപരമായി ഈ സംസ്ഥാനത്ത് നടത്തിയ വികസനം ഒരു ഭാഗത്ത്, മറുഭാഗത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തിയിട്ടുള്ള അഴിമതിയുടെ പടുകൂറ്റൻ കഥകൾ. അത് ഓർക്കുന്ന ജനം ഐക്യജനാധിപത്യ മുന്നണിക്ക് അനുകൂലമായി ശബ്ദിക്കും. നമുക്ക് നിയമസഭയിൽ ഒരു പോരാട്ടം വേണ്ട. നമുക്ക് ഇന്ന് പിരിഞ്ഞുപോകാം. തിരിച്ചുവരുമ്പോൾ ആര് വരും, ആര് എവിടെയിരിക്കും എന്നുള്ളത് നമുക്ക് കാണാം എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ വാക്കുകൾ ചുരുക്കുന്നു, നമസ്കാരം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുകയാണ്. പതിനൊന്നാം കേരള നിയമസഭയുടെ അവസാന ദിവസത്തെ അവസാന പ്രാസംഗികനാകാനാണ് എനിക്ക് നിയോഗം ഉണ്ടായത്. ഈ സഭാസമ്മേളനം സന്തോഷകരമായി പിരിയണമെന്ന് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവരോട് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് അഭ്യർത്ഥിക്കുന്നുണ്ട്. അവസാനം പ്രസംഗിച്ച ശ്രീ. കെ. സുധാകരനോ മറ്റാർക്കെങ്കിലുമോ ലാവ്‌ലിൻ എന്ന വിഷയം ആളുകളുടെ മനസ്സിലേയ്ക്ക് അടിച്ചേൽപ്പിച്ച് പുകമറ സൃഷ്ടിക്കാൻ കഴിഞ്ഞോ എന്നുള്ള സംശയം ഉണ്ട്. അവസാനം കറങ്ങിത്തിരിഞ്ഞ് എന്റെ അടുത്തെത്തി നിൽക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് പലപ്രാവശ്യം ആടിത്തകർത്ത വിഷയമാണ് ഇന്ന് കഥാപ്രസംഗ രൂപത്തിൽ കലാക്ഷേപമായി ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ നടത്തിയത്. എന്നിട്ടും ബഹുമാന്യനായ കെ. സുധാകരന് സംശയം അവശേഷിക്കുകയാണ്. ഞാൻ ഇവിടെ വ്യവസ്ഥാപിതമായി എന്റെ പ്രസംഗത്തിന്റെ അവസാനം വരെയുള്ള കാര്യങ്ങളും നടപടി ചട്ടങ്ങളുമൊക്കെ സ്വീകരിച്ചുകൊണ്ടാണ് നിൽക്കുന്നത്. പ്രസംഗവും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത സർക്കാരിന്റെ ധനവിനിയോഗ ബില്ലുകളെ എങ്ങനെ പിൻതുണയ്ക്കാൻ കഴിയും! പ്രസംഗത്തിലൂടെ വ്യാമോഹം സൃഷ്ടിച്ച് ജനങ്ങളെ വഞ്ചിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എന്റെ പ്രസംഗം ശ്രദ്ധിക്കുമെന്ന് വിചാരിക്കുന്നു. ശ്രീ. ആന്റണിയുടെ മെല്ലെപ്പോക്കിനുപകരം ബഹുമാന്യനായ മുഖ്യമന്ത്രി മുദ്രാവാക്യം ആവിഷ്ക്കരിച്ച് അതിവേഗം ബഹുദൂരം ജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

മുന്നിലേയ്ക്ക് വച്ചു. അപേക്ഷകൾക്കും നിവേദനങ്ങൾക്കും അതിവേഗം മറുപടി കിട്ടും. ഹരിപ്പാട് ഐ.എൻ.ടി.യു.സി.ക്കാരും ബി.എം.എസ്-കാരും എ.ഐ.ടി.യു.സി.-ക്കാരും സി.ഐ.ടി.യു.ക്കാരും അടങ്ങുന്ന വെയർഹൗസിംഗ് കോർപ്പറേഷനിലെ തൊഴിലാളികളുടെ തൊഴിൽപ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരണമെന്ന് പറഞ്ഞ് ഒരു നിവേദനം എനിക്ക് തന്നു. ആ നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തു. അതിവേഗം എനിക്ക് മറുപടിയും കിട്ടി. ഞാൻ ആ മറുപടി വായിക്കാം. "9684/05 സി.എം./വി.ഐ.പി. തീയതി:14/11/05. പ്രിയപ്പെട്ട ശ്രീ. ദേവകുമാർ, താങ്കളുടെ കത്തിനോടൊപ്പം സമർപ്പിച്ച ഹരിപ്പാട് സംസ്ഥാന വെയർഹൗസിലെ തൊഴിലാളികളുടെ നിവേദനം അനന്തര നടപടികൾക്കായി കാസർഗോഡ് ജില്ലാ കളക്ടറേറ്റിലേയ്ക്ക് അയച്ചിട്ടുണ്ട്." പക്ഷേ ഞാൻ ഐ.എൻ.ടി.യു.സി.ക്കാരേയും സി.ഐ.ടി.യു.ക്കാരേയും കൊണ്ട് കാസർഗോഡ് വരെ പോകണം. ഇത് വ്യാജരേഖ ചമച്ചതല്ല. ശ്രീ. വി.കെ.സി. മമ്മത്കോയയ്ക്ക് കിട്ടിയ കത്താണിത്. അദ്ദേഹം ഇല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ നിവേദനത്തിന് ഒരു മറുപടി അയച്ചുകൊടുത്തു. അടിയന്തിരമായി തിരുവനന്തപുരം ഉപതെരഞ്ഞെടുപ്പിലെ യു.ഡി.എഫ് സ്ഥാനാർത്ഥിയെ വിജയിപ്പിക്കാനായി രംഗത്ത് ഇറങ്ങിക്കൊള്ളണമെന്ന് പറഞ്ഞുകൊണ്ടുള്ളതാണ് ഈ കത്ത്. ശ്രീ. വി.കെ.സി. മമ്മത്കോയ ഇല്ലാത്തതുകൊണ്ടാണ് ഞാൻ മന്ത്രിയുടെ പേര് പറയാത്തത്. എന്തു നല്ല സർക്കാർ. ധനകാര്യ വകുപ്പുമന്ത്രിക്ക് വേണമെങ്കിൽ പരിശോധിക്കാൻ തരാം. എനിക്ക് കിട്ടിയ കത്തിൽ ഞാൻ അവരേയുംകൊണ്ട് കാസർഗോഡ് പോകണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ അവരോടൊക്കെ എന്തു ചെന്ന് പറയും? എന്തു പിടിപ്പുള്ള ഭരണമാണിത്? ഈ ഭരണത്തിന്റെ ധനവിനയോഗ ബിൽ അല്ലേ അങ്ങ് അവതരിപ്പിച്ചിരിക്കുന്നത്? ഇവിടെ ബഹുമാനപ്പെട്ട ശങ്കരനാരായണൻ സർ വളരെ സരസലളിതമായി ഒരു പ്രസംഗം നടത്തി. അദ്ദേഹത്തിന്റെ സാഹിത്യ സംപുഷ്ടമായ ആ പഴയ പ്രസംഗത്തിലെ രണ്ടു വരി ഞാൻ ഒന്ന് വായിച്ചോട്ടെ. ഗിരിശൃംഗത്തിൽനിന്ന് അഗാധഗർത്തത്തിലേയക്ക് അതിലോലമായ നൂലിഴയിൽ ആഴ്ന്നിറങ്ങുന്ന നിലയിലാണ് നമ്മുടെ ഇന്നത്തെ ധനസ്ഥിതി. 2001-ലേതാണ്. അതുകൊണ്ട് വിഷമിക്കേണ്ട. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ രണ്ടാമത്തെ പാരഗ്രാഫിലേതാണ്. മൂന്നാമത്തെ പാരഗ്രാഫിൽ ലക്കും ലഗാനുമില്ലാതെ മദിച്ചുല്ലസിച്ച് പണം ചെലവിട്ട സർക്കാരിന്റെ സ്വാഭാവിക പരിണാമമാണ്. ദൗർഭാഗ്യവശാൽ നമുക്ക് കാണേണ്ടിവന്നത്. 1957-ൽ ഐക്യകേരളം രൂപപ്പെട്ട് സഖാവ് ഇ.എം.എസ് മുഖ്യമന്ത്രിയായിരുന്ന കാലം മുതൽ 2001-ൽ സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രി പദം ഒഴിയുന്നതുവരെ ഗിരിശൃംഗത്തിൽനിന്നും അഗാധഗർത്തത്തിലേയ്ക്കെന്നപോലെ കടം 23,000 കോടി രൂപയായി മാറിയിരിക്കുകയാണ്. ഇപ്പോൾ എന്താണ് സ്ഥിതി? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ പറഞ്ഞിരിക്കുന്നത് ഞങ്ങൾ മിടുക്കൻമാരാണ്, മെച്ചപ്പെട്ട ധനസ്ഥിതി ഉണ്ടാക്കി എന്നൊക്കെയാണ്. നാല് കൊല്ലം കഴിഞ്ഞ് നമ്മൾ ഇന്ന് സഭ പിരിയുമ്പോൾ ഇപ്പോഴത്തെ കണക്ക് പ്രകാരം 43,000 കോടി രൂപയാണ് കടം. എന്തു വാചകമാണ് ഞങ്ങൾ ഇവിടെ ചേർക്കേണ്ടത്? 1957 മുതൽ 2001 വരെ 23,000 കോടി രൂപ മാത്രമേ കടം ഉണ്ടായിരുന്നുള്ളൂ. മദിച്ചുല്ലസിച്ച് ലക്കും ലഗാനുമില്ലാതെ ഭരിച്ച ഒരു സർക്കാരിനുവേണ്ടി കാലം കരുതി വച്ചിരിക്കുന്ന പരിണാമം എത്രയോ ദുർഘടമായിരിക്കും എന്ന് തിരിച്ചറിയാൻവേണ്ടി മാത്രം ഞാൻ വായിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ഇൻഡ്യാ രാജ്യത്ത് എല്ലാ സംസ്ഥാനത്തും കടം കൂടി. അതുകൂടി ശ്രീ. ദേവകുമാർ ഒന്ന് നോക്കണം. നാലേമുക്കാൽ കൊല്ലം ഈ സംസ്ഥാനത്ത് നടന്ന വികസന പ്രവർത്തനങ്ങളുടെ കണക്ക് പറഞ്ഞിട്ട് ഈ കടംകൂടി പറഞ്ഞാൽ മതി.

ശ്രീ. ടി. കെ. ദേവകുമാർ: പറയാം. അദ്ദേഹം വിചാരിക്കും എല്ലാവരും വായനശാലയ്ക്ക് തീയിടുന്ന സംസ്കാരം ഉള്ളവരാണെന്ന്. ഈ സാധനങ്ങളൊക്കെ സൂക്ഷിക്കുന്നവരാരും ഈ നാട്ടിൽ കാണില്ല എന്നു വിചാരിച്ചാണ് ഇതൊക്കെ അവതരിപ്പിച്ചത്. 2001 വരെ 23,000 കോടി രൂപ കടമുണ്ടാക്കിവച്ചിട്ട് അദ്ദേഹം ഈ ചോദ്യം എന്നോട് ചോദിച്ചുകളഞ്ഞല്ലോ. നിങ്ങളുടെ കണക്കനുസരിച്ച് 20,000 കോടി രൂപ. തൊലിചൂടായാൽ തൊട്ടാൽ അറിയുമോ സാറേ? അതിനപ്പുറം ഞാൻ അതിനൊരു മറുപടി പറയുന്നില്ല. മെച്ചപ്പെട്ട ധനസ്ഥിതി ഉണ്ടാക്കി എന്നു പറഞ്ഞുകൊണ്ടല്ലേ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വോട്ട് ചോദിക്കാൻ പോകുന്നത്. ഒരു കാര്യം ഞാൻ ആമുഖമായി പറയുന്നു; കേരളത്തിൽ ഇത്രയും വലിയ സാമ്പത്തിക ബാദ്ധ്യതകൾ വരുത്തിവച്ച ധനകാര്യവകുപ്പുമന്ത്രി വഴി പിരിയുന്നു. യു.ഡി.എഫിന്റെ രാഷ്ട്രീയ നേതൃത്വം മേയ് മാസത്തെ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ എഴുതിത്തള്ളും. നിങ്ങൾക്കുണ്ടാകുന്ന സ്വാഭാവിക പരിണാമം ഈ രാജ്യം കാണാൻ പോകുന്നു. ഞാൻ ഒന്നുരണ്ടു കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ സഭ സമ്മേളിച്ചതിനുശേഷം ഈ സഭയിൽ കൊണ്ടുവന്ന ഒരു വിഷയമുണ്ട്. ആസ്സാം റൈഫിൾസിൽ ജവാനായിരുന്ന അനിൽകുമാർ തീവ്രവാദികളുടെ വെടിയേറ്റ് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ മരിച്ചു. അത് ഞാൻ ഇവിടെ സബ്മിഷനിലൂടെ കൊണ്ടുവന്നു. സർക്കാരിന്റെ സഹായങ്ങൾ അഭ്യർത്ഥിച്ചു. ധനകാര്യ വകുപ്പുമന്ത്രി എന്റെ സബ്മിഷന് മറുപടിയായി പറഞ്ഞത് കഴിയുന്ന സഹായങ്ങൾ ചെയ്യാൻ ശ്രമിക്കുമെന്നാണ്. അതിനുശേഷം മന്ത്രിസഭാ യോഗങ്ങൾ പലതും നടന്നു. അങ്ങയുടെ വിനീതമായ സഹായം ഈ അവസരത്തിൽ ഞാൻ ആവർത്തിച്ച് അഭ്യർത്ഥിക്കുകയാണ്. 23,000 രൂപ ശവസംസ്കാര ചടങ്ങിന് കൊടുത്തതല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ രണ്ടു പിഞ്ചു കുഞ്ഞുങ്ങളും ഒരു ചെറുപ്പക്കാരിയായ വിധവയുമാണ് ഇന്നുള്ളത്. മറ്റൊരു ആശ്രയവും അവർക്കില്ല. ആ കുടുംബത്തെ സഹായിക്കാൻ ഒരു തൂപ്പുജോലിയെങ്കിലും ആ വിധവയ്ക്കു നൽകണമെന്ന് മനുഷ്യത്വത്തിന്റെ പേരിൽ ഞാൻ അഭ്യർത്ഥിക്കുന്നു. എനിക്ക് രാഷ്ട്രീയമായി ആ കുടുംബവുമായി യാതൊരു ബന്ധവുമില്ല. ഗവൺമെന്റ് ഗൗരവമായി പരിശോധിച്ച് ആ പെൺകുട്ടിക്ക് എവിടെയെങ്കിലും ഒരു തൂപ്പുജോലിയെങ്കിലും കൊടുക്കണം എന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. അതുപോലെ ഈ സഭ തുടങ്ങിയ ദിവസം അടിയന്തിര പ്രമേയത്തിലൂടെ സുനാമിയുമായി ബന്ധപ്പെട്ട വിഷയം ഞാൻ ഇവിടെ അവതരിപ്പിച്ചു. അന്ന് മാണിസാർ പറഞ്ഞത്, ദേവകുമാർ ഒരു പരാതി തന്നിരുന്നുവെങ്കിൽ ഈ കുട്ടികൾക്ക് എന്തെങ്കിലും കൊടുക്കാമായിരുന്നല്ലോ എന്നാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പിറ്റേദിവസം തന്നെ പരാതി എഴുതിയിട്ടുണ്ട്. അച്ഛനും അമ്മയുമില്ലാത്ത ആ കുട്ടികൾക്ക് എന്തെങ്കിലും ചെയ്യുമെന്ന് പത്ര സമ്മേളനത്തിൽ വന്നപ്പോൾ ഞാൻ പ്രതീക്ഷിച്ചു. ഉണ്ടായില്ല. നേരത്തെ കൊടുത്ത അപേക്ഷ ലഭ്യമായില്ല എന്നു പറഞ്ഞ സാഹചര്യത്തിൽ സഭ പിരിയുന്ന ഈ സന്ദർഭത്തിൽ അവരുടെ അപേക്ഷ വീണ്ടും തന്നിട്ടുണ്ട്. സുനാമി ബാധിതരുടെ പ്രശ്നത്തിന് പരിഹാരം

LIBRARY ARCHIVES Kerala Legislative Assembly

കാണാനുള്ള പൊതുവായ സമീപനം സ്വീകരിക്കുന്നതോടൊപ്പം ആരും ഇല്ലാതെ അനാഥരായി കഴിയുന്ന ആ കുഞ്ഞുങ്ങൾക്ക് എന്തെങ്കിലും സഹായം ചെയ്തുകൊടുക്കാൻ ഈ നിയമനിർമ്മാണ സഭയ്ക്ക് കഴിയണം എന്ന് ഞാൻ ആവർത്തിച്ച് അഭ്യർത്ഥിക്കുന്നു. മറ്റൊന്ന് ഇവിടെ നന്ദിപ്രമേയ ചർച്ച നടന്നു, അതുകഴിഞ്ഞ് ബഡ്ജറ്റ് ചർച്ച നടന്നു. ഭരണകക്ഷിയംഗങ്ങളിൽ പ്രമുഖരായവർ സംസാരിച്ചു. ശ്രീ. ജി. കാർത്തികേയന്റെ മാനസികാവസ്ഥയും മൗനം പാലിക്കാനുള്ള അദ്ദേഹത്തിന്റെ മഹനീയമായ കഴിവും അഭിനന്ദിക്കാതിരിക്കാൻ കഴിയുന്നില്ല. ഇന്നത്തെ കാര്യമാണ് ഞാൻ പറഞ്ഞത്, ഇന്നലത്തെ കാര്യമല്ല.

(......................ബഹളം......................)

ഇവിടെ പ്രസംഗിച്ച ഭരണകക്ഷി നേതാക്കൻമാരൊക്കെ വിട്ടുപോയ ഒരു വിഷയമുണ്ട്, കേരളത്തിലെ ആഭ്യന്തര ഭരണത്തെ സംബന്ധിച്ച്, മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്ന വിഷയം. ഇവിടെ ചർച്ച ചെയ്തവരെല്ലാം എന്തോ മറന്നുപോയി. സാധാരണയായി ഓരോരുത്തരും പ്രസംഗിക്കുമ്പോൾ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചാണ് പറയുന്നത്. ആഭ്യന്തര വകുപ്പിന്റെ ഗുണഗണങ്ങൾ വിശദീകരിച്ചുകൊണ്ട്, എന്തുകൊണ്ടോ എനിക്ക് അറിഞ്ഞുകൂടാ ആരും പറയാൻ തയ്യാറായില്ല. വിട്ടുപോയതായിരിക്കാം. എന്താ സ്ഥിതി? ആഭ്യന്തര ഭരണത്തെക്കുറിച്ച് ഗുണഗണങ്ങൾ പറയാൻ കഴിയില്ല എന്നുള്ളതായിരിക്കാം സത്യം. അതിന്റെ വലിയ സാക്ഷിപത്രം ഞാൻ ചൂണ്ടിക്കാണിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭ കൂടാൻപോലും കാത്തുനിൽക്കാതെ ഒരു ഓർഡിനൻസ് കൊണ്ടുവന്നു, ഗുണ്ടാ നിരോധന നിയമം ഇല്ലെങ്കിൽ ഇവിടെ നിൽക്കാൻ പറ്റില്ല. ഞാൻ നിയമസഭാ ലൈബ്രറിയിൽ പോയി നോക്കി, അഞ്ച് കൊല്ലം നായനാർ കേരളം ഭരിച്ചപ്പോൾ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണിയായിരുന്നു. അദ്ദേഹത്തിന്റെ മുഴുവൻ പ്രസംഗങ്ങളും ഞാൻ കുത്തിയിരുന്ന് വായിച്ചു. ഒരൊറ്റ പ്രാവശ്യവും അദ്ദേഹം ഈ നിയമസഭയിൽ ഇങ്ങനെയൊരു നിയമം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടില്ല, ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന സഖാവ് നായനാർ കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സ്വൈരത കിട്ടാൻ ഒരു ഗുണ്ടാ സംരക്ഷണ നിയമം കൊണ്ടുവരണമെന്ന് ശ്രീ. എ. കെ. ആന്റണി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ ഒരിക്കലും ആവശ്യപ്പെട്ടില്ല. (.............. ബഹളം ....) ഇപ്പോൾ എന്താണ് സ്ഥിതി? ഇതിനെക്കാൾ വലിയ സാക്ഷിപത്രം വേണ്ടല്ലോ. നിയമസഭാ സമ്മേളനം കൂടുന്നതുവരെ ശ്രീ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഗുണ്ടകളായിരുന്നു ആളുകളെ വെട്ടുന്നതും, കൊല്ലുന്നതും. സാക്ഷാൽ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി ക്കഴിഞ്ഞപ്പോൾ ആ ജോലി പോലീസ് ഓഫീസർമാർ തന്നെ ഏറ്റെടുത്തു. അദ്ദേഹത്തിന്റെ നാട്ടിൽ നിന്നുതന്നെ ഒരു കൊച്ചിനെ പിടിച്ച് കാല് വെട്ടി വൈക്കത്തിട്ടു, കൈ വെട്ടി തണ്ണീർ മുക്കത്തിട്ടു, തലവെട്ടി വേറൊരിടത്തിട്ടു. ഇങ്ങനെയിരിക്കുന്നു സ്ഥിതി. അന്നേരം അദ്ദേഹത്തിന് ബോദ്ധ്യം വന്നു ഇത് പോലീസ് ഉദ്യോഗസ്ഥരിൽ ചിലരൊക്കെത്തന്നെ ഏറ്റെടുത്തിരിക്കുന്നു എന്ന്. പോലീസിന്റെ സ്ഥിതി എങ്ങനെയാ? ഒരു ദിവസം ഞാൻ സൂപ്പർ ഫാസ്റ്റ് ബസ്സിൽ എറണാകുളത്തേയ്ക്ക് പോകുമ്പോൾ മാരാരിക്കുളത്തുവച്ച് പോലീസ് ബസ് കൈ കാണിച്ച് നിർത്തി. ഞാൻ വിചാരിച്ചു ബോംബ് വല്ലതും ഉണ്ടെന്ന് വിവരം കിട്ടിയതായിരിക്കും എന്ന്. കണ്ടക്ടർ തിരിച്ചുവന്നപ്പോൾ ഞാൻ ചോദിച്ചു എന്താണെന്ന്. അത് ബസ് ഓവർ സ്പീഡാണ്, വേഗം കുറച്ച് പോകണം

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയാനായിരുന്നു എന്ന്. ഞാൻ വിചാരിച്ചു എന്തൊരു നല്ല എസ്.ഐ. എന്ന്. മൂന്നു ദിവസം കഴിഞ്ഞപ്പോൾ മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജിൽ ഒരു പടം; മാരാരിക്കുളം പോലീസ് സ്റ്റേഷനിലെ എസ്.ഐ. മൃഗം സാജുവിന്റെ മുനിൽ പെറോട്ടയും ഇറച്ചിയുമായി നിൽക്കുന്നു. ആരാ ഈ മൃഗം സാജു? നമ്മുടെ ഹിമാലയക്കാരന്റെ ഗുണ്ട. ഇതല്ലേ പോലീസുകാരിൽ ഒരു വിഭാഗം? കണ്ണൂർ ജില്ലയിൽ രണ്ട് ഡിവൈ.എസ്.പി. മാർ തമ്മിലാണ് അടി നടത്തിയത്. കണ്ണൂർ ജില്ലയിൽ ഡിവൈ.എസ്.പി. മാർ തമ്മിൽ തോക്ക് എടുത്തുവച്ച് വെടി നടത്തുകയാണ്. കേരളത്തിലെ പോലീസ് ഭരണത്തിന് ഒരു സാക്ഷിപത്രം പറയട്ടെ, കേരളത്തിലെ ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷയെഴുതുന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്രൈം ബ്രാഞ്ചിനെ അന്വേഷണം എൽപ്പിച്ചു. നിരവധി ആരോപണങ്ങൾ സഭയ്ക്കകത്തും പുറത്തും വന്നു, അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ കേരള നിയമസഭയിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചുകൊണ്ട് അങ്ങ് പറഞ്ഞു; കൃത്യമായി സത്യസന്ധമായി ക്രൈം ബ്രാഞ്ചിന്റെ അന്വേഷണം നടക്കുന്നു എന്ന്. ഹൈക്കോടതി ഫയൽ വരുത്തി, ഹൈക്കോടതി പറഞ്ഞു നിങ്ങളുടെ അന്വേഷണം തൃപ്തികരമല്ല സി.ബി.ഐ. യെ ഏൽപ്പിക്കുന്നു എന്ന്. എന്തായിരുന്നു ക്രൈം ബ്രാഞ്ച് കണ്ടെത്തിയത് മൂന്നു വിഷയത്തിന്റെ ചോദ്യപേപ്പർ ചോർന്നു എന്ന്. ബാക്കിയൊന്നും കുഴപ്പമില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ, ഇന്നലെ കേട്ടത് എന്താണ് ആ ഒന്നാം പ്രതി സി.ബി.ഐ. യുടെ മുമ്പിൽ 12 വിഷയത്തിന്റെ ചോദ്യപേപ്പർ ചോർന്നു എന്ന് സമ്മതിച്ചു. ഇത് റിപ്പോർട്ട് ചെയ്തത് ഏഷ്യാനെറ്റ്. കള്ളമാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി പോയി ചോദിക്കൂ. സി.ബി.ഐ. യുടെ മുമ്പിൽ ഒന്നാംപ്രതി 12 വിഷയത്തിന്റെ ചോദ്യപേപ്പർ ചോർന്നു എന്ന് സമ്മതിച്ചിരിക്കുന്നു. ഏഷ്യാനെറ്റ് ഇന്നലെ രാത്രി റിപ്പോർട്ട് ചെയ്തു. ഇതല്ലേ നിങ്ങളുടെ സാക്ഷിപത്രം? എനിക്ക് ഒറ്റക്കാര്യത്തിന് ബഹുമാനപ്പെട്ട ധനകാര്യകാര്യ വകുപ്പു മന്ത്രിയിൽ നിന്ന് വിശദീകരണം കിട്ടിയാൽ മതി കേരളത്തിലെ തൊഴിലില്ലായ്മയെ മുതലെടുത്തുകൊണ്ട് 1000, 1200 രൂപ പ്രതിമാസം ശമ്പളം കൊടുത്തിട്ട് കേരളത്തിലെ പതിനായിരത്തോളം പെൺകുട്ടികളെ ഉപയോഗിച്ച് ചെറായിൽ പെട്ടിക്കട നടത്തിയിരുന്ന രണ്ട് ചെറുപ്പക്കാർ കേരളത്തിൽ കോടീശ്വരൻമാരായി. അവർ നടത്തിയ കൊള്ളരുതായ്മയെ സംബന്ധിച്ചൊന്നും ഞാൻ വിശദീകരിക്കുന്നില്ല. എനിക്ക് അങ്ങയിൽ നിന്ന് അറിയേണ്ട ഒരു കാര്യം ദിവസം രണ്ടരക്കോടി രൂപ വച്ച് അവർ സമാഹരിച്ചിരുന്നു എന്ന് മലയാള മനോരമയും മാതൃഭൂമിയും ഉൾപ്പെടെയുള്ള കേരളത്തിലെ പ്രമുഖ ദിനപ്പത്രങ്ങൾ പ്രസിദ്ധീകരിച്ചല്ലോ. ഈ ഹിമാലയ ഗ്രൂപ്പിന്റെ കൈയിൽനിന്നും കേരളത്തിന്റെ ഖജനാവിലേയ്ക്ക് എത്ര രൂപ നികുതി ഇനത്തിൽ വന്നിട്ടുണ്ട് എന്ന് അങ്ങേക്ക് പറയാമോ? പാവപ്പെട്ട കൃഷിക്കാരന്റെ വീട്ടുവാതിൽക്കൽ ചെണ്ടകൊട്ടാൻ പോകുന്ന യു.ഡി.എഫ്. സർക്കാരിന് ബുദ്ധിമുട്ടുണ്ടാകും, കാരണം കേരളത്തിലെ ഒരു പ്രമുഖന്റെ ചിത്രം പതിച്ചുകൊണ്ട് ഈ ചെറുപ്പക്കാരുടെ പ്രസ്സിൽ അടിച്ച പോസ്റ്റർ കേരളത്തിന്റെ ചുമരുകളിൽ ഒട്ടിച്ചത് നമ്മൾ കണ്ടതാണ്. സഭയ്ക്ക് പുറത്തുള്ളവരെക്കുറിച്ച് പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ പേര് പറയുന്നില്ല. പത്ര സമ്മേളനം നടത്തിയാൽ ഞാൻ പേരുപറയാം. നിഷേധിക്കാമോ? ഇതല്ലേ കേരളത്തിലെ മാഫിയാ സംഘവും ഈ രാഷ്ട്രീയ നേതൃത്വവും തമ്മിലുള്ള ബന്ധം. "എമ്പ്രാൻ അൽപ്പം കട്ടു ഭുജിച്ചാൽ..............." അതല്ലേ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഞാൻ ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അടുത്ത് കുറച്ച് കൃഷിക്കാരുമായിട്ട് പോയി. മട വീണിട്ടുണ്ട്. കൃഷി വകുപ്പ് ചെന്ന് ലക്ഷക്കണക്കിന് രൂപയ്ക്ക് എസ്റ്റിമേറ്റ് എടുത്തു. രണ്ട് വർഷമാകുന്നു. പാവപ്പെട്ട പാടശേഖര സമിതിക്കാർ കാശ് മുടക്കി മട അടച്ചു. ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതുവരെ പറഞ്ഞു; എല്ലാം റെഡിയാക്കി വച്ചിരിക്കുന്നു ഫിനാൻസിന്റെ സാംങ്ഷൻ മതിയെന്ന്. ഇന്നലെ നിവേദനം കൊണ്ടുകൊടുത്തപ്പോൾ കൃഷി വകുപ്പു സെക്രട്ടറി പറഞ്ഞ മറുപടി, ഈ ബഡ്ജറ്റിൽ അങ്ങനെ ഒരു ഹെഡ്ഡേ ഇല്ല; പോയി പണി നോക്കിക്കോ. മൂന്ന് മാസം കഴിയട്ടെ എന്ന്. മൂന്നു മാസം കഴിയട്ടെ എന്നുപറയാൻ അങ്ങേർ വേണമോ? ഈ സർക്കാർ വേണമോ? മാജിക് സർക്കാർ ആണ്. എന്റെ അനുഭവമാണ് ഞാൻ പറഞ്ഞത്. മെമ്മോറാണ്ടം ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി അപ്പോൾത്തന്നെ കൃഷിവകുപ്പ് സെക്രട്ടറിക്കു കൊടുത്തു. ഇങ്ങനെ ഒരു ഹെഡ്ഡേ ബഡ്ജറ്റിൽ ഇല്ല. കഴിഞ്ഞ രണ്ട് കൊല്ലമായി ഞാൻ ഈ കൃഷിക്കാരേയും കൊണ്ട് നടക്കുകയാണ് പാടശേഖര സമിതിക്കുവേണ്ടി. അതേപോലെ തന്നെ സമൃദ്ധിയുടെ നെറുകയിൽ നിൽക്കുന്ന കാർഷിക മേഖലയിൽ കൃഷിക്കാർ സന്തോഷംകൊണ്ട് ആത്മഹത്യ ചെയ്യുന്ന സ്ഥിതിയാണല്ലോ നമ്മുടെ നാട്ടിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരി ക്കുന്നത്. ശ്രീമതി ഗൗരിയമ്മയോട് ഒരു കാര്യം പറയട്ടെ, അവരുടെ കുടുംബാംഗങ്ങളേയും നാം അന്ന് ആക്ഷേപിക്കരുതായിരുന്നു. ഞങ്ങൾ പറഞ്ഞത് കള്ളക്കണക്കാണെങ്കിൽ, ആ കണക്കിൽ തർക്കമുണ്ടെങ്കിൽ ആ കണക്ക് ശരിയല്ല എന്ന് പറയാമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷ നേതാവിന്റെ ഉപചോദ്യത്തിന് ഇങ്ങനെ പറഞ്ഞത് ഖേദകരമല്ലേ? അർഹരല്ലാത്ത വരെല്ലാം ആത്മഹത്യ ചെയ്തിട്ട് കാശിനു നടക്കുകയാണ് എന്നാണ് പറഞ്ഞത് അങ്ങനെ പറയാമോ? കേരളത്തിലെ കാർഷിക മേഖലയുടെ സമ്പുഷ്ടിയും സമൃദ്ധിയും കണ്ട് സന്തോഷം കൊണ്ടാണോ കടംകൊണ്ട് പൊറുതിമുട്ടിയ കൃഷിക്കാർ ആത്മഹത്യ ചെയ്തത്. അവർക്ക് അർഹതപ്പെട്ടത് കേന്ദ്രത്തിൽ നിന്നും വാങ്ങിക്കൊടു ക്കാൻ കഴിഞ്ഞില്ല എന്ന സ്വയം വിമർശനം ഉൾക്കൊള്ളാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ? കഴിഞ്ഞില്ല എന്നുള്ളതല്ലേ സത്യം?

സർ, ആരോഗ്യ രംഗത്തെക്കുറിച്ച് അധികമാരും മിണ്ടിയില്ല. സുഖ്ദേവ്സിംഗ്കാംഗിനെക്കൊണ്ട് പറയിച്ചു. 2002 മാർച്ച് 1-ാം തീയതിയിലെ നയ

10.00 P.M] പ്രഖ്യാപന പ്രസംഗത്തിലെ 28-ാം പേജിലെ 54-ാമത്തെ പാരഗ്രാഫിൽ ആരോഗ്യപരിപാലനം കൂടുതൽ നീതിപൂർവകമാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിന് അടിസ്ഥാന മൂലധനമായി ഇതുവരെ നേടിയ സാമൂഹ്യ മുതൽ എന്റെ സർക്കാർ ഉപയോഗപ്പെടുത്തുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽത്തന്നെ 29-ാമത്തെ പേജിൽ 55-ാമത്തെ പാരഗ്രാഫിൽ "ആരോഗ്യരക്ഷാ സേവനം എന്നു തുടങ്ങുന്ന വാചകത്തിൽ സ്വകാര്യമേഖല , മനുഷ്യസ്നേഹികൾ, ധർമ്മസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിക്ഷേപം പ്രോൽസാഹിപ്പിക്കുക വഴിയായി വികസിപ്പിക്കാവുന്നതാണ്" എന്നും പറഞ്ഞിരിക്കുന്നു. എന്നിട്ട് "സ്വാശ്രയ മെഡിക്കൽ കോളേജുകളും ആയുർവേദ മെഡിക്കൽ കോളേജുകളും സിദ്ധ കോളേജുകളും സ്ഥാപിക്കുന്നതാണ്" എന്നും പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രി സ്ഥാനം ഒഴിഞ്ഞപ്പോൾ അദ്ദേഹം കൊല്ലത്തെ കോൺഗ്രസ് മീറ്റിംഗിൽ വച്ചുപറഞ്ഞു; ചൊക്കൻ ആപ്പൂരിയതുപോലെ ആയിപ്പോയി എന്ന്, ഞാൻ കൂടുതൽ കാര്യമൊന്നും

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. ശ്രീ. എ. കെ. ആന്റണി തന്നെ പറഞ്ഞതാണ്. ഞങ്ങൾ അന്ന് പറഞ്ഞിട്ട് പുള്ളി അംഗീകരിച്ചിട്ടില്ല. മുഖ്യമന്ത്രി സ്ഥാനം കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, രണ്ട് സ്വാശ്രയ കോളേജ് വരുമ്പോൾ ഒരു ഗവൺമെന്റ് കോളേജ് എന്ന് എന്നെ പറഞ്ഞ് പറ്റിച്ചു എന്ന്, അതല്ലേ? ആരോഗ്യത്തിന്റെ സ്ഥിതി എന്താണ്? നേട്ടങ്ങളെക്കുറിച്ച് ആരും പറഞ്ഞ് കേട്ടില്ല. അധികം കടക്കാൻ കഴിയില്ല; കാരണമെന്താണ്? കന്നുകാലി തൊഴുത്തിനേക്കാൾ കഷ്ടമായ സർക്കാർ ആശുപത്രിയിൽ തെക്കോട്ട് തലവച്ച് കിടക്കുന്നവനും ഫീസ്, വടക്കോട്ട് തലവച്ച് കിടക്കുന്നവും ഫീസ്, താഴെ കിടക്കുന്നവും ഫീസ് ഇതല്ലേ സ്ഥിതി? ഞാൻ ഇപ്പോൾ യു.ഡി. എഫ് ഭരണത്തെക്കുറിച്ചാണ് പറയുന്നത്. ശ്രീ. സതീശൻ എൽ.ഡി.എഫ്. ഭരണത്തെക്കുറിച്ച് പറയണ്ടായിരുന്നോ? സർ, ഒറ്റ ക്കാര്യം മാത്രം പറയട്ടെ. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് സമസ്തമേഖലയിലേയും സജീവ സാന്നിദ്ധ്യമുണ്ട്. കോൺഗ്രസുകാരുടേയും യു.ഡി.എഫ് കാരുടേയും ഈ നാട്ടിലെ കമ്മ്യൂണിസ്റ്റുകാരുടേയും എൽ.ഡി.എഫ്. കാരുടേയും അദ്ധ്വാനമുണ്ട്. ആ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി നിങ്ങൾ എന്താണ് ചെയ്തത്? ഈ വർഷത്തെ ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒന്ന് പരിശോധിച്ചുനോക്കണം. തൊഴിലാളി സഹകരണ സംഘങ്ങൾക്ക് സഹായമില്ല. മറിച്ച് സ്വാശ്രയ സംഘങ്ങളെ നിങ്ങൾ പ്രോൽസാഹിപ്പിക്കുന്നു. സർവതന്ത്ര സ്വതന്ത്രമായ സ്വാശ്രയ സംഘം തലമുറകൾ കാത്ത് സൂക്ഷിച്ചുകൊണ്ടുവന്ന കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ തായ്‌വേര് അറുക്കുന്നതായിരിക്കും അത്. നിങ്ങൾ ഈ സ്വാശ്രയ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുന്ന നടപടികളിൽനിന്ന് പിൻതിരിയണമെന്നു പറഞ്ഞാൽ രാജ്യദ്രോഹമാകുമോ? വികസനവിരുദ്ധമാകുമോ? ഒരു വിഷയവും കൂടി ഞാൻ എഴുതിത്തന്നു. എഴുതിത്തന്നത് വളരെ ചുരുങ്ങിയ സമയംകൊണ്ട് ഞാൻ അവതരിപ്പിച്ചു. അത് ഒരു അഴിമതിയുമായി ബന്ധപ്പെട്ട സംഭവമാണ്. ആ അഴിമതി വൈദ്യുതിയുമായി ബന്ധപ്പെട്ടത് തന്നെയാണ്. ഇവിടെ ഒരുപാട് കാര്യങ്ങൾ ചർച്ച ചെയ്തു. ഈ വിഷയം ഈ സഭയിൽ ഒരിക്കൽ അവതരിപ്പിച്ചു, ഞാൻ അത് വളരെ ചുരുങ്ങിയ വാക്കുകളിൽ പറയാം. 2005 ജൂലായ് 19-ന് കേരള നിയമസഭയിൽ അവിശ്വാസ പ്രമേയ ചർച്ചയിൽ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ എച്ച്.സി.സി ആൻഡ് ബി.എച്ച്.ഇ.എൽ കൺസോർഷ്യത്തിന് 2000-ത്തിൽ എസ്കലേഷൻ ആവശ്യപ്പെടാതെ ഫിനാൻഷ്യൽ പാക്കേജിന്റെ അടിസ്ഥാനത്തിൽ എല്ലാ വർദ്ധനവും പ്രതീക്ഷിച്ചുകൊണ്ട് 414.22 കോടി രൂപ ആവശ്യപ്പെടുകയും 50 ലക്ഷം രൂപ ഡിസ്കൗണ്ട് സമ്മതിച്ച് 413.72 കോടി രൂപയ്ക്ക് അന്ന് അവാർഡ് ചെയ്യുകയും ചെയ്തു. എന്നാൽ കെ.എസ്.ഇ.ബി. അവാർഡ് ചെയ്തത് 2005-ൽ കേസ് പോയി. വിവാദങ്ങളെല്ലാം കഴിഞ്ഞു, 2005 ആയപ്പോൾ എച്ച്.സി.സി ആവശ്യപ്പെട്ടത് 598.97 കോടി രൂപയാണ്. 185.25 കോടി രൂപ എക്സസാണ്. ഈ തുക കൊടുക്കണമോ വേണ്ടയോ എന്ന് ബോർഡ് തീരുമാനിച്ചിട്ടില്ല എന്നാണ് വൈദ്യുതി വകുപ്പുമന്ത്രി അന്ന് സഭയിൽ എന്റെ അവിശ്വാസപ്രമേയത്തിന്റെ പ്രസംഗത്തിന് മറുപടിയായി പറഞ്ഞത് ഇവിടെ എന്റെ ബഹുമാന്യരായ സീനിയറായിട്ടുള്ള ഒരുപാട്

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കൻമാർ എന്നോട് അപ്പുറത്തുനിന്ന് പറഞ്ഞതുപോലെ വാക്ക് തെറ്റാണെങ്കിൽ ഞാൻ പിൻവലിക്കാം. ഒരു വിവരക്കേട് ഞാൻ പറയുന്നില്ല. പദ്ധതി അടങ്കലിന്റെ മുഴുവൻ തുകയും അഴിമതി നടത്തി, സ്വന്തമാക്കിയെന്ന് പറയുന്നു. 374 കോടി രൂപയുണ്ടല്ലോ പള്ളിവാസൽ, ശെങ്കുളം, പന്നിയാർ പദ്ധതിയുടെ മുഴുവൻ തുകയായ 374 കോടി രൂപ ശ്രീ. പിണറായി വിജയൻ മോഷ്ടിച്ച് വീട്ടിൽക്കൊണ്ടുപോയി എന്നുപറയുന്ന ബഹുമാനപ്പെട്ട എം. എം. ഹസ്സന്റെ അഭിപ്രായം പറയുന്നില്ല. പറയുന്നത് വിവരക്കേട് ആയതുകൊണ്ട് പറയുന്നില്ല. ഒരു പദ്ധതിയുടെ അടങ്കൽ തുക മോഷ്ടിച്ചുകൊണ്ടുപോയി എന്നാണ് പറഞ്ഞിരിക്കുന്നത്. തിരുവിതാംകൂറിൽ രാജഭരണകാലത്ത് ആരംഭിച്ച അൻപത് അറുപത് വർഷമായ ജലവൈദ്യുത പദ്ധതികൾ കാലഹരണപ്പെട്ട സാഹചര്യത്തിലാണ് അതിനെ നവീകരിക്കാൻ ഒരു പദ്ധതി ആവശ്യമാണെന്ന ചിന്ത വന്നത്. പള്ളിവാസൽ, ശെങ്കുളം, പന്നിയാർ എന്നിവയുടെ നവീകരണത്തിനും കുറ്റ്യാടി പദ്ധതിയുടെ വിപുലീകരണത്തിനും വേണ്ടിയുള്ള ധന സഹായത്തിനായിട്ടാണ് കാനഡ സർക്കാരിനെ സമീപിക്കുന്നത് 1991-92-ലെ യു. ഡി.എഫ്. സർക്കാർ ആണ്. ഈ 374 കോടി രൂപയും ശ്രീ. പിണറായി വിജയൻ മോഷ്ടിച്ച് വീട്ടിൽ കൊണ്ടുപോയി എന്നും ബക്കിംഗ്ഹാം കൊട്ടാരത്തിലോ എങ്ങാണ്ടോ ഒരു യൂണിവേഴ്സിറ്റിയിൽ മോനെ പഠിപ്പിക്കുന്നു എന്നും ഒക്കെ ഇവിടെ പറഞ്ഞു. ഇങ്ങനെയൊന്നും ഞാൻ വിവരക്കേട് പറയാൻ തയ്യാറല്ല. പക്ഷെ ഞാൻ ഒരു ആരോപണം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി കൃത്യമായി മറുപടി പറയുമെന്ന് പ്രതീക്ഷിക്കുന്നു. വേണമെങ്കിൽ ഞാനൊരു സ്റ്റേറ്റ്മെന്റ് തരാം. 27-12-2005-ലെ കെ.എസ്.ഇ.ബി.യിലെ ബോർഡ് നോട്ടാണ്. ഈ ബോർഡ് നോട്ടിന്റെ നമ്പർ സംശയമുണ്ടെങ്കിൽ ഉദ്യോഗസ്ഥർ അടുത്തുതന്നെയുണ്ടല്ലോ, അവരോട് ഒന്നു ചോദിക്കൂ ഞാൻ പറയുന്നത് കള്ള രേഖയാണോയെന്ന്? അങ്ങേയ്ക്ക് കൃത്യമായി അറിയാമല്ലോ. നം. ജി.പി.സി. 2/സി.സി ഡബ്ല്യു/298 27-12-2005-ലെ ബോർഡ് നോട്ടാണ്. ഇത് ഈ ബോർഡ് നോട്ടിൽ കെ.എസ്. ഇ.ബി.യുടെ ശുപാർശ പ്രകാരം 101,66,25,000 രൂപ സംസ്ഥാന ഖജനാവിന് നഷ്ടം ഉണ്ടാകുന്ന തരത്തിൽ നഗ്നമായ അഴിമതി നടത്തുന്നതിനുള്ള തീരുമാനമാണ് ബോർഡ് എടുത്തിരിക്കുന്നത്. അതായത് 570 കോടി രൂപയ്ക്ക് ഈ പദ്ധതി അവാർഡ് ചെയ്യാനാണ് ഈ ബോർഡ് യോഗം തീരുമാനിച്ചിട്ടുള്ളത്. 156.58 കോടി രൂപ അധികം. അതിരപ്പിള്ളി പദ്ധതിയുടെ എസ്കലേഷൻ വർക്കൗട്ട് ചെയ്തിട്ടുള്ളത് ശരിയായ രീതിയിലല്ല. തെറ്റായ രീതിയിൽ കണക്കുകൂട്ടി 101 കോടി രൂപയിൽപ്പരം അധികം കൊടുക്കാനുള്ള നീക്കമാണ് നടത്തുന്നത്. അതിരപ്പിള്ളി പ്രോജക്ടിന് സമാനമായിട്ടുള്ള പ്രോജക്ട് എന്ന് പറഞ്ഞിട്ടുള്ളത് കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പ്രോജക്ടിനെയാണ്. ഞാൻ ശ്രീ. സതീശനെ സാക്ഷി നിറുത്തുന്നു. ശ്രീ. സതീശൻ മുമ്പ് ചർച്ചയിൽ പറഞ്ഞല്ലോ ശ്രീ. ആര്യാടനെ രക്ഷിക്കാൻ; മാതൃകാപരമായിട്ടുള്ള പ്രോജക്ടായി കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പ്രോജക്ട് (100 മെഗാവാട്ട്) തന്നെ എടുക്കുന്നു. ഇതാണ് കേരള ഹൈക്കോടതി ഒ.പി നം.177/01-ന്റെ ഒബ്സർവേഷനിൽ പറഞ്ഞിരിക്കുന്നത്. കെ.എസ്.ഇ.ബി.യുടെ 11-8-2003-ലെ ബോർഡ് നോട്ടിന്റെ കോപ്പിയാണ് ഇത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് നോട്ടിന്റെ കോപ്പിയിൽ കെ.എസ്.ഇ.ബി. ബോർഡ് നോട്ട് നമ്പർ B.O(F.B)No.1088/03 dated 11/8/03 ഇതിന്റെ എട്ടാമത്തെ പാരഗ്രാഫിൽ ഞാൻ അടയാളപ്പെടുത്തിയിരിക്കുന്നത് ഇതാണ്. Government vide its letter No.720/B2/01/PD dated 5/1/02 directed to review the above decision in tune with the observations of the Honourable High Court in O.P. No. 1774/01 in a similar tender on Athirappally Hydro Electrical Project. അങ്ങയുടെ 2003-ലെ ബോർഡ് നോട്ടാണ്. ഈ ഉത്തരവിൽ പറയുന്ന പ്രകാരമുള്ള താരതമ്യ പരിശോധനയല്ല ഇപ്പോൾ അതിരപ്പിള്ളിക്കുവേണ്ടി കെ.എസ്.ഇ.ബി. 27-12-2005-ൽ തയ്യാറാക്കിയിരിക്കുന്നത്. K.S.E.B Note No.GPC.2/C/CCW2/98 dated 27/12/2005 പാര അൻപത് വായിച്ചുതീർക്കുകയാണ്. പാരഗ്രാഫ് അൻപതിൽ അടുത്തകാലത്ത് പൂർത്തിയാക്കിയ 5 ചെറുകിട പ്രോജക്ടുകളും ആയിട്ടാണ് ഇതിനെ താരതമ്യം ചെയ്തിരിക്കുന്നത്. അതിരപ്പിള്ളി പ്രോജക്ട് ഒരു പീക്ക്‌ലോഡ് പ്രോജക്ടാണ്. താരതമ്യം ചെയ്തിരിക്കുന്ന 5 പ്രോജക്ടുകളിൽ ഒന്നുപോലും പീക്ക്‌ലോഡ് സ്റ്റേഷനല്ല. താരതമ്യപഠനത്തിൽ കുറ്റ്യാടി അഡീഷണൽ പ്രോജക്ട് 100 മെഗാവാട്ടിനെ ഒഴിവാക്കിയിരിക്കുന്നു. പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ടുകൾ ചെറുകിട പദ്ധതികളാണ്. എന്നേക്കാൾ നന്നായി വൈദ്യുതി വകുപ്പുമന്ത്രിക്ക് അത് അറിയാമല്ലോ. ചെമ്പുകടവ് (1) 2.70 മെഗാവാട്ട്, ചെമ്പുകടവ് (2) 3.75 മെഗാവാട്ട്, ഉറുമി (1) 3.75 മെഗാവാട്ട്, ഉറുമി (2) 2.40 മെഗാവാട്ട് ഇതാണ് താരതമ്യ പഠനത്തിന് ഉപയോഗിച്ചിരിക്കുന്നത് The average cost per megawatt for Athirappally scheme at the cost proposed by M/s WAPCOS [Water and Power Consultancy Service (India Ltd)].

അങ്ങ് അവരുടെ സാക്ഷി പിടിച്ചിട്ടുണ്ട്. Rs. 570 crores workout to 3.49 Rehabilitation scheme ഉൾപ്പെടെ 3.24 കോടിക്ക് കൊടുത്ത പന്നിയാർ ശെങ്കുളത്തിൽ ശ്രീ. പിണറായി വിജയൻ അഴിമതി കാണിച്ചു എന്ന് ആടിത്തകർത്ത യു.ഡി.എഫ്. നേതാക്കൻമാരെ, ഓരോ മെഗാവാട്ടിനും 3.49 കോടി രൂപ വേണ്ടിവരും എന്നുള്ള നോട്ടാണ് ഇപ്പോൾ നിങ്ങൾ തയ്യാറാക്കിവച്ചിരിക്കുന്നത്. കുറ്റ്യാടി അഡീഷണൽ പ്രോജക്ടിന് (100 മെഗാ വാട്ട് പീക്കിംഗ് സ്റ്റേഷൻ) പുറമേ അതിരപ്പിള്ളിക്കും അതേ ദിവസം തന്നെ ടെണ്ടർ ചെയ്തു. 15.4.2000-ന് ഒരേ ദിവസമാണ് രണ്ടും ടെണ്ടർ ചെയ്തത്. മാത്രമല്ല, അവാർഡ് ചെയ്യാൻ 40 മാസം വൈകുകയും ചെയ്ത പദ്ധതിക്ക് നിങ്ങൾ കൊടുത്ത എസ്കലേഷൻ എത്ര? വൻകിട പദ്ധതികൾക്ക് പെർ മെഗാവാട്ട് കുറയുന്നു എന്ന വസ്തുത മറച്ചുപിടിച്ചുകൊണ്ടല്ലേ, അതിരപ്പിള്ളി പ്രശ്നത്തിൽ പഠനം നടത്തിയിട്ടുള്ളത്; ബോർഡിന്റെ നോട്ടിൽ താരതമ്യ പഠനം നടത്തിയിട്ടുള്ളത്. കുറ്റ്യാടി അഡീഷണൽ പ്രോജക്ടിന്റെ എക്സ്റ്റൻഷൻ പ്രോജക്ടിനു വേണ്ടി പദ്ധതിച്ചെലവ് മെഗാവാട്ട് 16.68 കോടി രൂപ ആയിരിക്കുമ്പോൾ ഇത് നിങ്ങൾ ഈ നോട്ടിൽ മന:പൂർവ്വം മറച്ചുവച്ചിരിക്കുന്നു. ഒ.പി. 1774/2001-ന്റെ കേരള ഹൈക്കോടതി കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പ്രോജക്ട് അതിരപ്പിള്ളി പ്രോജക്ടിന്റെ സമാന പദ്ധതിയായി വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലോ? എന്തേ ഈ പഠന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ നോട്ട് മാറ്റി വച്ചു? മാർക്കറ്റ് സ്റ്റാറ്റിസ്റ്റിക്സ് പരിശോധിച്ചാൽ ആതി അതിരപ്പിള്ളി പദ്ധതിയുടെ എസ്കലേഷൻ കണക്കാക്കിയിരിക്കുന്ന 70 മാസത്തിൽ ഏറിയ പങ്കും വിലവർദ്ധനയ്ക്ക് കാരണം കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പ്രോജക്ടിന് ബാധകമായ ആദ്യത്തെ 40 മാസത്തിലാണ് സംഭവിച്ചിരിക്കുന്നതെന്ന് ശ്രീ. ആര്യാടൻ മുഹമ്മദിന് എന്നേക്കാൾ മുമ്പേ ബോദ്ധ്യപ്പെടാൻ കഴിയുമല്ലോ? കെ.എസ്.ഇ.ബി. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിക്ക് അനുവദിച്ച എസ്കലേഷൻ നിരക്ക് 7.5 ശതമാനമാണ്. അതേ നിരക്കിൽ അതിരപ്പിള്ളിക്ക് അർഹമായ എസ്കലേഷൻ അനുവദിച്ചാൽ അതിന്റെ കണക്ക് ഫെബ്രുവരി മാസത്തിൽ വച്ച് കൂട്ടുമ്പോൾ 13.125 ശതമാനം വരും. കുറ്റ്യാടിക്ക് 40 മാസം. അതിരപ്പിള്ളിക്ക് 70 മാസം. 15.4.2000-ൽ രണ്ടും ഒരേ ദിവസം ടെണ്ടർ ചെയ്തു. കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിനും അതേ കണക്കിൽ താരതമ്യം ചെയ്താൽ അതിരപ്പിള്ളി എസ്കലേഷൻ കോൺട്രാക്ട് തുകയും കൂടി 468,33,75,000/- രൂപ വരും. നിങ്ങൾ കൊടുത്ത എസ്കലേഷൻ വച്ച് കൂട്ടിയാൽ 101,66,25,000/- രൂപയുടെ നഗ്നമായ അഴിമതിക്കുവേണ്ടിയല്ലേ ഈ പഠനറിപ്പോർട്ട് നടത്തിയത്? അതിന്റെ അടിസ്ഥാനത്തിൽ എന്ന് പറഞ്ഞ് റിപ്പോർട്ട് തയ്യാറാക്കി വർക്ക് അവാർഡ് ചെയ്യാൻ പോകുന്നു. 2006 ജനുവരി ആദ്യത്തെ ആഴ്ചയിൽ കെ.എസ്.ഇ.ബി. ഗവണ്മെന്റിന് സമർപ്പിച്ച ഈ പ്രൊപ്പോസലിൻമേൽ തീരുമാനം എടുക്കാതെ വച്ചിരിക്കുന്നു. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഉടൻ തീരുമാനിക്കും. വകുപ്പുമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും ഈ തുകയുടെ ആനുപാതിക വിഹിതം നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സംസ്ഥാനത്തിന്റെയും കെ.എസ്.ഇ.ബി.-യുടെയും ഉത്തമ താൽപര്യം പരിഗണിച്ചുകൊണ്ട് ഈ വർക്ക് റീ-ടെണ്ടർ ചെയ്യാൻ ബഹുമാനപ്പെട്ട ഗവണ്മെന്റും മന്ത്രിയും തയ്യാറാകുമോ? സർ ഒരൊറ്റ കാര്യം. Date of submission of tender 15/04/2000 രണ്ടും Date of award of work 14/8/2003. കുറ്റ്യാടി ഞാൻ ഇത് ഫെബ്രുവരിയിൽ ഇവിടെ അസ്യൂം ചെയ്തു. Period counted for escalation കുറ്റ്യാടിക്ക് 40 മാസം. ആതി അതിരപ്പിള്ളിക്ക് 70 മാസം. Percentage escalation granted കുറ്റ്യാടിക്ക് കൊടുത്തത് 7.5. അതിരപ്പള്ളിക്ക് 13.125. അത് വച്ച് കണക്കുകൂട്ടുക. Tender amount of submission എത്ര? 151,08,19,000. കുറ്റ്യാടി അഡീഷണൽ പ്രോജക്ടിന്. Amount for eligible നിങ്ങളുടെ കണക്കുവച്ച് കൂട്ടിയപ്പോൾ 368 കോടി 28 ലക്ഷം രൂപ കുറ്റ്യാടിക്ക് നിങ്ങൾ കൊടുത്തു. അതേ കണക്കുവച്ച് കൂട്ടുമ്പോൾ 468,33,75,000 രൂപ ഇപ്പോൾ കിട്ടും. അതിൽനിന്നും കൊടുക്കുന്നത് 570 ലക്ഷം രൂപ. 101,66,25,000 രൂപ കേരളത്തിന്റെ ഖജനാവിന് നഗ്നമായ നഷ്ടം വരുത്തുന്ന ബോർഡ് നോട്ട് തീരുമാനം എടുത്ത് ഗവണ്മെന്റിന് കിട്ടിയിട്ട് 45 ദിവസത്തിലേറെയായി. ഈ നിയമസഭാ സമ്മേളനം തീരാൻ കാത്തിരിക്കുന്നു. ഈ ഫയൽ ഒരു മന്ത്രിയുടെ മേശപ്പുറത്തുണ്ട്. അത് എവിടെയാണെന്ന് ഇപ്പോൾ പറയുന്നില്ല. ഇന്നത്തേതിനുശേഷം പറയാം. ഞാൻ ഈ ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു, ഖജനാവിന് 374 കോടി രൂപയുടെ നഷ്ടം ഉണ്ടായിരിക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് തിന്നെന്ന് പറയുന്നില്ല. 66 ലക്ഷം രൂപ കേരളത്തിലെ പൊതുഖജനാവിന് നഷ്ടം വരുന്ന ഈ പ്രൊപ്പോസൽ തള്ളിക്ക

ളയാൻ, റീ-ടെണ്ടർ ചെയ്യാൻ ഗവണ്മെന്റിന് ആർജ്ജവമുണ്ടോയെന്ന് ചോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കട്ടെ. കേരളത്തിലെ ഒരുപാട് രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞു. അതിലേയ്ക്കൊന്നും പോകുന്നില്ല. സി.പി.ഐ. മാത്രമല്ല, സിപി.ഐ (എം)-ഉം ഡി.ഐ.സി.-യുടെ കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ഇടതുപക്ഷജനാധിപത്യമുന്നണിയെന്നത് സമരമുഖങ്ങളിലൂടെ ഊതിക്കാച്ചി തെളിച്ചുവന്ന പ്രസ്ഥാനമാണ്. നിങ്ങൾക്ക് പുച്ഛമുണ്ടാകാം. ഒരു കാര്യത്തിൽ ഞങ്ങളെ ബഹുമാനിക്കണം. നിങ്ങളുടെ അഖിലേന്ത്യാ നേതൃത്വം ഈ കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് പാർട്ടിയുടെ മുന്നിൽ കേന്ദ്ര മന്ത്രിസ്ഥാനം വച്ചുനീട്ടിയിട്ട് വേണ്ടെന്ന് പറഞ്ഞ് പുറത്തുനിന്ന് പിന്താങ്ങുന്ന പ്രസ്ഥാനമാണ് ഞങ്ങളുടേത്. ആ മാന്യത ഈ പ്രസ്ഥാനത്തിന് നൽകണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി റിടയർ യുക യാണ്. ആരൊക്കെ വിട പറയുമെന്നറിഞ്ഞുകൂടാ. പക്ഷേ ഇടതുപക്ഷമുന്നണിയെന്ന, ഈ കാലഘട്ടത്തിന്റെ രാഷ്ട്രീയ പ്രതിഭാസം ഒറ്റക്കല്ലിൽത്തീർത്ത ശിൽപംപോലെ കേരളത്തിലെ ജനമനസ്സുകളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എല്ലാവരും ഒന്നിച്ചുനിന്നപ്പോൾ പോരാട്ടത്തിന്റെ പടിചവിട്ടി കടന്നുവന്ന ശ്രീ. എ.സി. മൊയ്തീൻ ഈ വേദിയിൽ എം.എൽ.എ. ആയി ഇരിക്കുന്നു. ത്രിവർണ്ണപതാക കയ്യിലില്ലെങ്കിലും ഗ്യാലറിയിൽ ഇരിക്കുന്നവരോട് ആദരപൂർവ്വം ഞാൻ പറയുന്നു, ഇടതപക്ഷ ജനാധിപത്യമുന്നണിയുടെ മുഖ്യമന്ത്രി കേരളത്തിൽ സത്യപ്രതിജ്ഞ ചെയ്യുന്നത് കാണാൻ കാഴ്ചക്കാരായി നിങ്ങൾ ഗ്യാലറിയിൽ ഉണ്ടാകണം. ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ പ്രസംഗിച്ചപ്പോൾ ആരോപണം പറഞ്ഞില്ലെങ്കിലും എഴുതിത്തന്ന കാര്യം ഞാൻ വായിക്കാം. നിയമസഭാ നടപടി ചട്ടം 285 പ്രകാരം ഇന്നത്തെ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ ബഹു. വൈദ്യുതി വകുപ്പുമന്ത്രിക്കെതിരെ താഴെപ്പറയുന്ന ആരോപണം ഉന്നയിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനുള്ള അനുവാദത്തിനായി ഇതിനാൽ നോട്ടീസ് നൽകുന്നു; എന്നാണ്. അതിരപ്പിള്ളി പദ്ധതിയുടെ നിർമാണ കരാറുമായി ഒത്തുകളിച്ച് അഴിമതി നടന്നതിനെ സംബന്ധിച്ചാണ്. ഇതിൽ ഒരു കാര്യം ഞാൻ ആദ്യം പറയട്ടെ. അഴിമതി ഞാൻ നടത്തിയെന്നോ ഗവണ്മെന്റ് നടത്തിയെന്നോ ബോർഡ് നടത്തിയെന്നോ ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞില്ല. അത്രത്തോളം നന്ദി. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ, അവിശ്വാസ പ്രമേയ ചർച്ചയിൽ അദ്ദേഹം പറഞ്ഞതെന്താണെന്ന് ചോദിച്ചാൽ ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിരപ്പിള്ളിക്ക് 150 കോടി രൂപ കൂടുതൽ കൊടുക്കാൻ തീരുമാനിച്ചു. 100 കോടി രൂപ ഞങ്ങൾ കൈക്കൂലിയായി വാങ്ങി എന്ന് പറഞ്ഞു. അതിൽനിന്നും വലിയ മാറ്റം ഇപ്പോൾ വന്നിരിക്കുന്നു. ഞങ്ങൾ ഇത്ര വാങ്ങിയെന്ന് ഇപ്പോൾ പറഞ്ഞിട്ടില്ല. എന്നു മാത്രമല്ല, മറ്റൊരു ഫയൽ അവിടെ നിൽക്കുന്നു എന്നൊക്കെയേ പറഞ്ഞുള്ളൂ. ഞാൻ എന്തു ചെയ്തു? ഗവണ്മെന്റ് എന്തു ചെയ്തു? ഈ ഫയലിൽ എന്ത് ഓർഡർ ഇട്ടു എന്ന് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടില്ല. അദ്ദേഹത്തിന് പറയാൻ ഈ നിമിഷംവരെ കഴിയുന്നില്ല. ആ ഫയലിൽ ഞാനോ ഗവണ്മെന്റോ ഓർഡർ ഇട്ടു എന്നു പറയാൻ സാധിച്ചാൽ ഞാൻ അടുത്ത ഇലക്ഷനിലോ രാഷ്ട്രീയത്തിലോ ഇല്ല. അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? അതൊന്നും വേണ്ട. പ്രശ്നമല്ല എനിക്ക്. ഏതായാലും പറഞ്ഞ സ്ഥിതിക്ക് സാധാരണയുള്ള സമ്പ്രദായം, ഈ എഴുതിത്തന്ന ആരോപണം പറഞ്ഞപ്പോൾ പറഞ്ഞിട്ടില്ല. ഈ ആരോപണം ഞാൻ പൂർണ്ണമായും നിഷേധിക്കുന്നു. അദ്ദേഹം പറയാനുണ്ടായ കാരണം, എനിക്ക് വ്യക്തമായി മനസ്സിലായി. ശ്രീ. പിണറായി വിജയൻ 374 കോടി രൂപയുടെ അഴിമതി നടത്തിയെന്ന് ഞാൻ പറഞ്ഞിട്ടില്ല. ചിലരൊക്കെ പറഞ്ഞു. 316 കോടി രൂപ അതിൽ നഷ്ടം വരുത്തിയെന്നുള്ളതിന് ആനുപാതികമായ പ്രയോജനം ഉണ്ടായിട്ടില്ല. 324 കോടി രൂപയിൽ 316 കോടി രൂപയുടെ നഷ്ടം വരുത്തി എന്നുള്ളത് പകൽവെളിച്ചംപോലെ സത്യമാണ്. അത് രണ്ടുമൂന്നു പ്രാവശ്യം വന്നപ്പോൾ അതിനെ മറികടക്കാൻ ഇന്ന് കണ്ടെത്തിയതാണ് ഈ അഴിമതി ആരോപണം. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ ഭാഗത്തുനിന്നു പ്രവർത്തിച്ചവരൊക്കെ പറഞ്ഞു, സി.&എ.ജി. റിപ്പോർട്ടിന്റെ കൊമേഴ്സ്യൽ റിപ്പോർട്ട് ധൃതിപിടിച്ചുകൊണ്ടാണ് ഈ ഗവണ്മെന്റ് കൊണ്ടുവന്നത്; അത് ബോധപൂർവ്വമാണ്; ഡൽഹിയിൽ ചില ആളുകളെ ഏർപ്പാട് ചെയ്തതുകൊണ്ടാണെന്നൊക്കെ പറഞ്ഞു.

ഞങ്ങളുടെ ഭാഗത്തുനിന്ന് അതിന് മറുപടി വന്നിട്ടില്ല. 31-01-06-ലാണ് എ.ജി. ഇവിടെ നിന്ന് ഡൽഹിക്ക് അയയ്ക്കുന്നത്. സി.&എ.ജി. ഒപ്പിടുന്നത് 03-02-06-ലാണ്. മൂന്ന് ദിവസമേ എടുത്തിട്ടുള്ളൂ. സി.&എ.ജി.യേയും എ.ജി.യേയും കുറ്റപ്പെടുത്തി ദുരുദ്ദേശം വച്ചു പറഞ്ഞതാണ്. സിവിൽ റിപ്പോർട്ടിൽ എപ്പോഴായാലും ഓഡിറ്റ് ഒബ്ജക്ഷൻ വരും. അത് നിങ്ങളുടെ കാലത്തും ഞങ്ങളുടെ കാലത്തും വന്നു. ഇനി നാളെ ആര് വന്നാലും വരും. അതാണ് ഗവൺമെന്റിനെ കൂടുതൽ ബാധിക്കുന്നത്. അതാണല്ലോ ഇപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചതൊക്കെ. അത് വന്നത് എന്നാണ്? അതുംകൂടി ശ്രീ. കോടിയേരി ബാലകൃഷ്ണന് പറയാമായിരുന്നു. തിരുവനന്തപുരത്ത് നിന്ന് ഡൽഹിയിലേക്ക് പോയത് ഫെബ്രുവരി 6-ാം തീയതിയാണ്. സി.&എ.ജി. ഒപ്പിട്ടത് 8-ാം തീയതി. രണ്ട് ദിവസമേ എടുത്തുള്ളൂ. മറ്റേതിന് മൂന്ന് ദിവസമെടുത്തു. ....(ബഹളം)............ അങ്ങേയ്ക്ക് സൗകര്യമുള്ളത് മാത്രം വായിച്ചാൽ പോരല്ലോ. സി.&എ.ജി.യെ കുറ്റപ്പെടുത്തുമ്പോൾ എല്ലാം നോക്കണ്ടേ? റവന്യൂ റസീപ്റ്റ്. അതും ഇതുപോലെ തന്നെ ഫെബ്രുവരി 6-ാം തീയതി ഡൽഹിക്ക് പോയി. 8-ാം തീയതി ഒപ്പിട്ടു. രണ്ട് ദിവസമേ എടുത്തുള്ളൂ. അറ്റേത് 3 ദിവസമെടുത്തു. ഞാൻ പറയുന്നില്ലല്ലോ നിങ്ങൾ സ്വാധീനിച്ച് അവിടെ ഒരു ദിവസം വച്ചു എന്ന്. പറഞ്ഞോ? ....(ബഹളം).........................നിങ്ങൾ പറഞ്ഞത് എന്താണ്? അപ്പോൾ അതുമുതൽ എന്നാണോ? SNC ലാവ്ലിൻ വന്നത് .... (ബഹളം)..........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് ഞാൻ രാവിലെ ഉന്നയിച്ച ആക്ഷേപമാണ്. സാധാരണ ഇങ്ങനെയുള്ള സി.&എ.ജി. റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് ജൂൺ-ജൂലായ് മാസത്തെ സമ്മേളനത്തിലാണ്. ഇത്തവണ അതിന് വിപരീതമായി വരാനുള്ള കാരണമെന്താണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സാധാരണ സി.&എ.ജി. റിപ്പോർട്ട് അപ്പോഴാണ് വയ്ക്കുന്നത്. അത് ജൂൺ-ജൂലൈ മാസത്തിൽ ആവാം, ഓഗസ്റ്റ്-സെപ്റ്റംബറിലും ആവാം. വോട്ട് ഓൺ അക്കൗണ്ട്സ് പാസ്സാക്കിക്കഴിഞ്ഞാൽ പിന്നെ ജൂലായ് മാസത്തിലേ അസംബ്ലി കൂടുകയുള്ളൂ. അതുകൊണ്ട് എന്നും ജൂലൈയിലാണ് എന്നു ധരിച്ചാൽ ശരിയാകുമോ? സി.&എ.ജി. റിപ്പോർട്ട് വന്നാലുടൻ അത് ധനകാര്യ വകുപ്പിലേക്ക് അയയ്ക്കും. അവിടെ നിന്ന് ഗവർണ്ണർക്ക് അയച്ചുകൊടുക്കും. ഗവർണ്ണറുടെ കയ്യിൽ നിന്നും ധനകാര്യ വകുപ്പിൽ വരും. അത് ഇവിടെ ലേ ചെയ്യും. ....(ബഹളം).................ഏത് വർഷമാണ് ചെയ്യാത്തത്? .... (ബഹളം)..........അതിന് മുമ്പുള്ള വർഷങ്ങളിൽ ചെയ്തിട്ടുണ്ട്. ഞാനൊരു കാര്യം പറയട്ടെ. സിവിൽ റിപ്പോർട്ട് രണ്ടു ദിവസം കൊണ്ട് വച്ചതോ? അത് നിങ്ങളുടെ സ്വാധീനം കൊണ്ടാണ്. അത് ആവാം..........(ബഹളം)....................

മി. സ്പീക്കർ: പ്ലീസ്.............. പ്ലീസ്

ശ്രീ. ആര്യാടൻ മുഹമ്മദ്: കുഴപ്പം എന്താണെന്നുവച്ചാൽ അവർക്കെതിരായി ഉള്ളതൊക്കെ അതിൽ കാണും. അത് ജനങ്ങൾ കാണും. നമുക്കെതിരായി വന്നാൽ കുഴപ്പമില്ല. സി.&എ.ജി. റിപ്പോർട്ട് പോലുള്ള റിപ്പോർട്ട് ഗവൺമെന്റിന്റെ കയ്യിൽ കിട്ടിയിട്ട് ജൂലൈ വരെ ഞങ്ങൾ പൂഴ്ത്തിവയ്ക്കുന്നത് എന്തിനാണ്? ഇതുപോലുള്ള രേഖകൾ വന്നാൽ ഒരു ദിവസം മുമ്പ് ജനങ്ങളെ അറിയിക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പോളിസി. മനസ്സിലായോ? ....(ബഹളം)................ഞാൻ വഴങ്ങുകയില്ല. അങ്ങനെയൊന്നും എന്നെ പേടിപ്പിക്കാൻ നോക്കേണ്ട. ഇതു കഴിഞ്ഞ് വഴങ്ങാം. ....(ബഹളം).................. ഞാൻ മറുപടി പറയട്ടെ. ....(ബഹളം)............

മി.സ്പീക്കർ: പ്ലീസ്...... ശ്രീ. കോടിയേരി ബാലകൃഷ്ണൻ, പ്ലീസ്...

ശ്രീ. ആര്യാടൻ മുഹമ്മദ്: വഴങ്ങുകയില്ല. ഞാൻ വഴങ്ങുമ്പോൾ പറഞ്ഞാൽ മതി.............................(ബഹളം)........................

മി.സ്പീക്കർ: പ്ലീസ്........പ്ലീസ്.........ശ്രീ. എ.കെ. ബാലൻ, please take your seat. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഇരിക്കൂ. ശ്രീ. ടി.കെ.ദേവകുമാർ, പ്ലീസ്..........പ്ലീസ്........ പറയുന്നത് കേൾക്കൂ. നമ്മൾ ശബ്ദം കൊണ്ട് ജയിക്കാൻ നോക്കരുത്. ....(ബഹളം)............

ശ്രീ. എ.കെ.ബാലൻ, അങ്ങ് ഇത്രയും മോശമായി സംസാരിക്കരുത്. ഇരിക്കൂ. നിങ്ങൾ അവിടെ ഇരിക്കണം. അതാണ് മാന്യത. ശ്രീ. ടി. കെ. ദേവകുമാർ,

LIBRARY ARCHIVES Kerala Legislative Assembly

പ്ലീസ്.... ഈ അഞ്ച് കൊല്ലത്തെ നിയമസഭാ പ്രവർത്തനത്തിന്റെ സമാപനം ഇങ്ങനെയാക്കാൻ ശ്രീ.ടി.കെ.ദേവകുമാറും ശ്രീ. എ.കെ.ബാലനും ശ്രമിച്ചത് വളരെ ഖേദകരമായിപ്പോയി. .....(ബഹളം)....നോ, നോ. ചെയർ എഴുന്നേറ്റ് നിൽക്കുമ്പോൾ നിങ്ങൾ അനുസരിക്കണം. ഇവിടെ നിങ്ങളെല്ലാവരും സംസാരിച്ചു. നിങ്ങൾക്കൊക്കെ പ്രൊട്ടക്ഷൻ തന്നു. ചെയറിന്റെ നിർദ്ദേശം അനുസരിച്ചില്ലെങ്കിൽ നിയമസഭാ പ്രവർത്തനം ഭംഗിയായി നടക്കുകയില്ല. ഒരാൾ സംസാരിക്കുമ്പോൾ ചോദ്യം ചോദിക്കാൻ അധികാരമുണ്ട്. സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരാൾ വഴങ്ങിയില്ലെങ്കിൽ വഴങ്ങിക്കാൻ വകുപ്പില്ല. പിന്നെ മുഷ്ടിബലം കൊണ്ടും ശക്തിബലം കൊണ്ടും വഴങ്ങിക്കാൻ നിയമസഭയിൽ പറ്റില്ല.....................(ബഹളം)................... വിരട്ടേണ്ട വാക്ക് ഇവിടെയല്ല. പുറത്താണ്. പ്ലീസ്......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഈ ഗവൺമെന്റിന് കിട്ടുന്ന എല്ലാ റിപ്പോർട്ടുകളും പിറ്റേദിവസം ഇവിടെ ലേ ചെയ്യാറുണ്ടെന്നാണ്. മാറാട് കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിനെ ഏൽപ്പിച്ചു. ഇതുവരെ ഈ സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. ഇത്തരത്തിലുള്ള അവാസ്തവമായ പ്രസ്താവനകൾ നടത്തുന്നത് ഓർഡറിൽ ആണോ? വിജിലൻസ് റിപ്പോർട്ട് ഗവൺമെന്റിന് കിട്ടി. ഈ സഭയുടെ മേശപ്പുറത്ത് അത് വച്ചിട്ടില്ല. റിപ്പോർട്ട് കിട്ടിയാൽ പിറ്റേദിവസം വയ്ക്കാറുണ്ടെന്ന് പറഞ്ഞ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: മാറാട് കമ്മീഷൻ റിപ്പോർട്ട് എൻക്വയറി കമ്മീഷൻ ആക്ട് അനുസരിച്ചുള്ള റിപ്പോർട്ടാണ്. ക്യാബിനറ്റിൽ നിന്ന് ഒരു ആക്ഷൻ ടേക്കൺ നോട്ട് കൊണ്ടുവന്നിട്ടാണ് സാധാരണ ആ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നത്. സി.&എ.ജി. റിപ്പോർട്ട് അങ്ങനെയല്ല. ഇത് രണ്ടും രണ്ടാണ്. ഞാൻ പ്രകോപിപ്പിക്കാൻ പറഞ്ഞതല്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന് ഞാൻ ആദ്യം വഴങ്ങി. ഒരു സെന്റൻസും കൂടി കഴിഞ്ഞ് വഴങ്ങാമെന്നേ ഉദ്ദേശിച്ചുള്ളൂ. ഞാൻ പ്രസംഗിച്ച് തുടങ്ങി രണ്ടു മിനിട്ട് ആയപ്പോൾ ചോദ്യമായി. ഞാൻ വഴങ്ങിക്കൊടുത്തു. ഇനിയും ശ്രീ. കോടിയേരി ബാലകൃഷ്ണന് വഴങ്ങിക്കൊടുക്കും. എല്ലാവർക്കും വഴങ്ങില്ല.

ഇത് 2000-ൽ ടെൻഡർ ചെയ്ത ഒരു മാറ്ററാണ്. അത് ടെൻഡർ ചെയ്തത് L.D.F-ന്റെ കാലത്താണ്. അതിനുശേഷം കോടതിയിൽ കേസും ബഹളവും ഒക്കെ വന്നു. പിന്നെ അതെല്ലാം ശരിയായി കോടതിയിലെ കേസ് തീർന്നു വന്നപ്പോൾ അഞ്ച് കൊല്ലം കഴിഞ്ഞു. ഇത് 2006 ആണ്. അവിശ്വാസ പ്രമേയത്തിന്റെ സന്ദർഭത്തിൽ, ശ്രീ. ടി. കെ. ദേവകുമാർ ഇവിടെ പറഞ്ഞു. അന്ന് ബോർഡിന്റെ മുമ്പിൽ ഈ പ്രശ്നം വന്നിട്ടില്ല. ബോർഡ് ഇക്കാര്യം ആലോചിച്ചിട്ടില്ല. ബോർഡിൽ ഇത് ചർച്ചയ്ക്ക് വന്നിട്ടില്ല. ഇവിടെ ശ്രീ. ടി. കെ. ദേവകുമാർ തന്നെ പറഞ്ഞത് ബോർഡിൽ ഈ മാറ്റർ വന്നത് 27.12.2005-ലാണ് എന്നാണ് പറഞ്ഞത്. അവിശ്വാസ പ്രമേയം വന്നത് എന്നാണ്? 27.12.2005-ന് ബോർഡിൽ വന്നു. ബോർഡിൽ വന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുശേഷം അതുസംബന്ധിച്ച് ബോർഡ് ഒരു ആലോചന നടത്തി. ബി.എച്ച്.ഇ.എൽ. ആണ് പ്രധാന പങ്കാളി. ബി.എച്ച്.ഇ.എൽ-ന് കൊടുക്കുന്നില്ല എന്നായിരുന്നു ഇവിടെ ഡോക്ടർ തോമസ് ഐസക്ക് രാവിലെ വാദിച്ചത്. ബി.എച്ച്.ഇ.എൽ.നെയും എച്ച്.സി.സി.യെയും വിളിച്ച് ബോർഡ് സംസാരിച്ചു. സംസാരിച്ച സന്ദർഭത്തിൽ അവർ ഒരു വലിയ സംഖ്യ ചോദിച്ചു. അതിന് കാരണം അവർ പറയുന്നത്. 2000-ന്റെ എസ്റ്റിമേറ്റിന് ഇത് ചെയ്യാൻ പറ്റില്ല. അത് 99-ലെ ഷെഡ്യൂളാണ്. അത് കഴിഞ്ഞതിനുശേഷം ഷെഡ്യൂൾ മാറി എന്നു മാത്രമല്ല അന്നത്തെ കമ്പിയുടെ വില 11 രൂപയായിരുന്നു; ഇന്ന് ഇരുപത്തിയാറോ ഇരുപത്തിയേഴോ രൂപയാണ് വില എന്നൊക്കെയാണ്. ഇതിന്റെ പ്രധാന ആൾ ബി.എച്ച്.ഇ.എൽ ആണ്. അവർ ഇത് സംസാരിച്ചു., എച്ച്.സി.സി-ക്കാണ് അതിന്റെ സിവിൽ വർക്ക്. ഇവരെ രണ്ടുകൂട്ടരെയും വിളിച്ചു സംസാരിച്ചപ്പോൾ വലിയ സംഖ്യ പറഞ്ഞു. പക്ഷേ 'വാപ്ക്കോസ്' (ഇൻഡ്യാ ഗവൺമെന്റിന്റെ വാട്ടർ ആന്റ് പവ്വർ കൺസൾട്ടൻസി സർവ്വീസ്). ഇതെല്ലാം അവർക്ക് അയച്ചു. അവർ സ്റ്റഡി ചെയ്തു. ആ സ്റ്റഡിക്ക് അയച്ചത് മിനി ഇലക്ട്രിക് പ്രോജക്ടിന്റേതാണ് എന്നാണ് ശ്രീ. ടി. കെ. ദേവകുമാർ പറയുന്നത്. എനിക്കത് അറിയില്ല. ഞാനത് കണ്ടിട്ടില്ല. എന്നാൽ ഞാൻ ഒരു കാര്യം പറയാം. അത് പ്രകാരം ഒരു മെഗാവാട്ടിന് 3 കോടി 49 ലക്ഷം രൂപ വരുമെന്നാണ് ഇദ്ദേഹത്തിന്റെ വാദം. എന്നിട്ട് 2000-ലെ ബാക്കിയുള്ള കാര്യത്തെക്കുറിച്ചാണ് പറയുന്നത്. അന്ന് അതിന് 7 ശതമാനം വർദ്ധനവ് കൊടുത്തു. ഇതിന് 13 ശതമാനം വർദ്ധനവ് വന്നു. അത് 40 മാസം കഴിഞ്ഞാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. അവാസ്തവ പ്രസ്താവനയാണ് മന്ത്രി നടത്തുന്നത്. 40 മാസത്തിനുശേഷമുള്ള എസ്ക്കലേഷനാണ് ഏഴര ശതമാനത്തിന് കൊടുത്തതെന്നു പറഞ്ഞു. എന്നാൽ അന്നത്തെ 40 മാസത്തേതിന് ഏഴര ശതമാനം എസ്ക്കലേഷനാണെങ്കിൽ 70 മാസത്തേയ്ക്ക് പതിമൂന്നര ശതമാനം എസ്ക്കലേഷനാണെന്നാണ് ശ്രീ. ടി.കെ.ദേവകുമാർ പറഞ്ഞത് എന്നു പറയുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കലാണ്. അങ്ങനെ തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാനത് പറഞ്ഞ് കംപ്ലീറ്റ് ചെയ്തില്ലല്ലോ. അദ്ദേഹം 40 മാസത്തേത് പറഞ്ഞു. ഇത് ആറ് കൊല്ലമായി എന്നേ ഞാൻ പറഞ്ഞുള്ളു. ഞാൻ പറയുന്നതിനു മുമ്പുതന്നെ തോക്കിനകത്ത് കയറി വെടി വയ്ക്കാൻ നോക്കിയതാണ്. അപ്പോൾ ഇത് വന്നു ബോർഡ് ചർച്ച ചെയ്തു. അദ്ദേഹം പറഞ്ഞമാതിരിയൊന്നും ഞാൻ കണ്ടിട്ടില്ല. അതാണ് വാപ്ക്കോസിന് അയച്ചതെന്നു പറയുന്നത്. എന്നാൽ വാപ്ക്കോസ് അതൊക്കെ നോക്കിയല്ല, അവർക്ക് ദേശീയാടിസ്ഥാനത്തിൽ ഈ കാര്യങ്ങളെക്കുറിച്ചൊക്കെ ഒരു കാഴ്ചപ്പാടുണ്ട്. അത് അനുസരിച്ചാണ് അവർ ചെയ്യുന്നത്. ഇതിനകത്തുള്ള വേറൊരു പ്രശ്നമാണ് ഞാൻ പറഞ്ഞുവരുന്നത്, ഇപ്പോൾ ലേറ്റസ്റ്റായിട്ട് ബോർഡ് ടെൻഡർ ചെയ്തിട്ടുണ്ട്. ലേറ്റസ്റ്റ് ആയി 60 മെഗാവാട്ടിന് പള്ളിവാസലാണ് ഞങ്ങൾ ടെൻഡർ ചെയ്തിരിക്കുന്നത്. അതിന്റെ ടെൻഡർ കിട്ടി, അതിപ്പോൾ പരിശോധിച്ചുകൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ആ ടെൻഡറിലെ ഒരു സവിശേഷത അതിന് ഡാമില്ല എന്നുള്ളതാണ്. ഇവിടെ ആ ഡാമില്ലാതെ വന്നതിനുതന്നെ മെഗാവാട്ടിന് നാലരക്കോടി രൂപയാണ് ചെലവ് വന്നിരിക്കുന്നത്. ചൈനീസ് കമ്പനിയും, എസ്.ആർ എന്നു പറയുന്ന ഒരു കമ്പനിയുംകൂടി മിനിമത്തിൽ ക്വോട്ട് ചെയ്ത ലോവസ്റ്റ് റേറ്റ് ഒരു മെഗാവാട്ടിന് നാലരക്കോടിരൂപയാണ് ഇവിടെ ഇപ്പോൾ ഇവർ പറഞ്ഞ 570 കോടി രൂപ തന്നെ കൊടുത്താൽ, കൊടുക്കാൻ തീരുമാനിച്ചിട്ടില്ല; അതവർ ഗവൺമെന്റിലേയ്ക്ക് അയച്ചിരിക്കുകയാണ്, ഗവൺമെന്റ് അത് കൊടുക്കണമോ വേണ്ടയോ എന്നുള്ള തീരുമാനം എടുത്തിട്ടില്ല. യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട. ഇന്നുവരെ തീരുമാനം എടുത്തിട്ടില്ല. അത് എടുക്കുന്നതിനു മുമ്പാണ് ഇത് പറയുന്നത്. അതിരപ്പിള്ളിക്ക് ഡാം വേണം; ടണൽ വേണം; രണ്ട് പവർ ഹൗസ് വേണം. അതുപോലെ തന്നെ പെൻസ്റ്റോക്ക് വേണം. പള്ളിവാസൽ ആണെങ്കിൽ അതിന് ഡാമേ വേണ്ട. ഡാം വേണ്ടാത്തതിനു ഒരു മെഗാവാട്ടിന് നാലരക്കോടി രൂപ. ഇവിടെത്തന്നെ അദ്ദേഹം പറഞ്ഞു അതിരപ്പിള്ളിക്ക് ഡാം കൂടി വേണം. ഒരു മെഗാവാട്ടിന് അവിടെ 3.49 കോടി രൂപയാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് വാസ്തവത്തിൽ നീട്ടിക്കൊണ്ട് പോകാനാണെങ്കിൽ ഒരു വിരോധവുമില്ല. ഞാൻ തീർത്തുപറയുന്നു ഇത് റീടെൻഡർ ചെയ്യണം. ഇനിയും രണ്ടോ മൂന്നോ കൊല്ലം കഴിഞ്ഞാൽ ഇതിന്റെ മൂന്നിരട്ടി വരും. അത് ഉദ്ദേശിച്ച് ഇത് ഉടനെ കൊടുക്കണമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. ഞങ്ങൾ തീരുമാനിച്ചിട്ടില്ല. ഇതിന്റെ മുഴുവൻ മെറിറ്റും നോക്കിക്കഴിഞ്ഞതിനുശേഷം ഇത് ബോർഡിന് ഗുണം ചെയ്യുമോ, ഇത് സ്റ്റേറ്റിന് ഗുണം ചെയ്യുമോ എന്നു നോക്കി മാത്രമെ തീരുമാനിക്കുകയുള്ളു. ഗവൺമെന്റ് ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നു മാത്രമല്ല ഞാൻ ഒന്നുകൂടി പറയുകയാണ് ഇക്കാര്യത്തിൽ ഒരു തീരുമാനം നൽകണമോ അതോ തള്ളണമോ, റീ ടെൻഡർ വിളിക്കണമോ എന്നുള്ള തീരുമാനം ഞങ്ങൾ എടുക്കുന്നതിനു മുമ്പ് നിങ്ങൾ ചെയ്യാത്ത കാര്യം ഞങ്ങൾ ചെയ്യുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് കൺസൾട്ട് ചെയ്യും; എന്നു മാത്രമല്ല ശ്രീ. കോടിയേരി ബാലകൃഷ്ണനോടും കൺസൾട്ട് ചെയ്യും. കാരണം ഡെപ്യൂട്ടി ലീഡറാണല്ലോ; നിങ്ങൾ രണ്ടാളോടും ചർച്ച ചെയ്തില്ലെങ്കിൽ കുഴപ്പമാകും. അതുകൊണ്ട് രണ്ടുപേരോടും ചർച്ച ചെയ്യും. അങ്ങനെ ഒരു നിലപാട് ഞങ്ങൾ എടുക്കും. അതുകൊണ്ട് ഒരു കാര്യം ഞാൻ പറയുന്നു, യാതൊരു സംശയവും വേണ്ട എസ്.എൻ.സി. ലാവ്‌ലിനിൽ വന്ന ആരോപണം................. എസ്.എൻ.സി. ലാവ്‌ലിന് 316 കോടി രൂപയുടെ നഷ്ടം വരുത്തിയതിന്റെ ഉത്തരവാദിത്വം ഞങ്ങളുടെ ചുമലിൽ കൊണ്ടുവരാൻ ഞങ്ങൾ സമ്മതിക്കുകയില്ല. അതുപോലുള്ള തീരുമാനം ഉണ്ടാവുകയില്ല. അതുകൊണ്ട് ആരോപണവുമായിട്ട് വരണ്ട. അത് ഞാൻ തീർത്തു പറയുന്നു. ഒന്നുകൂടി ഞാൻ ആവർത്തിച്ചു പറയുന്നു, ഇതിൽ ഏത് തീരുമാനം എടുക്കുകയാണെങ്കിലും ഇത് ഞങ്ങൾ അംഗീകരിക്കും എന്നു ഞാൻ പറയുന്നില്ല. ഇത് ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞതുകൊണ്ട് തള്ളിക്കളയും എന്നും ഞാൻ പറയുന്നില്ല. എന്ത് വേണമെന്നു ഞങ്ങൾ ആലോചിക്കും. സർക്കാർ ആലോചിക്കും. മന്ത്രിമാരുടെ അടുത്ത് വന്നിട്ടില്ല. അത് വന്നാൽ ആലോചിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ആ ഫയൽ ഇതുവരെ ഞാൻ കണ്ടിട്ടില്ല. എന്നാൽ ഈ കാര്യങ്ങളൊക്കെ എനിക്ക് അറിയാം. അതുകൊണ്ട് ആ തീരുമാനം എടുക്കുന്നതിനു മുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് കൺസൾട്ട് ചെയ്യും. അത് ശ്രീ. ടി. കെ. ദേവകുമാറിന് മതിയാവുകയില്ല. അതുകൊണ്ട് പ്രതിപക്ഷ ഉപനേതാവിനോടും കൺസൾട്ട് ചെയ്യും. ഒരു സംശയവും വേണ്ട. ഇതിൽ ഒരു കാര്യം ഞാൻ പറയാം. ഇതിൽ ഞങ്ങളുടെ പേരിൽ ചെളിവാരി എറിഞ്ഞ്; അത് തെരഞ്ഞെടുപ്പിനുകൊണ്ടുപോകാം എന്നു നിങ്ങൾ ധരിക്കണ്ട; അതുണ്ടാകുകയില്ല.

XVII വ്യക്തിപരമായ വിശദീകരണം

സി.&എ.ജി. റിപ്പോർട്ടിലെ കെ. എസ്. ടി. പി.-യെ സംബന്ധിച്ച പരാമർശം

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഒരു പേഴ്സനൽ എക്സ്പ്ലനേഷനു വേണ്ടി മാത്രമാണ് ഞാൻ ഇവിടെ നില്ക്കുന്നത്. ഇവിടെ പ്രിയപ്പെട്ട മൊയ്തീൻ എം.എൽ.എ സംസാരിച്ച സമയത്ത് ഏകദേശം 500-ലധികം കോടി രൂപയുടെ നഷ്ടം കെ.എസ്.ടി.പി.-ൽ ഉണ്ടായെന്ന് സി.&എ.ജി. റിപ്പോർട്ടിലുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. സി.&എ.ജി. റിപ്പോർട്ടിൽ ഇത്രയും വലിയ ഒരു തുകയുടെ പ്രശ്നമുണ്ടായി എന്ന് എവിടെയും സൂചിപ്പിച്ചിട്ടില്ല. അത് തെറ്റിദ്ധാരണ ഉണ്ടാക്കുവാനുള്ള സാധ്യതയുണ്ട്. സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ചുള്ള എല്ലാ കാര്യവും ഇവിടെ ഞാൻ ചോദ്യോത്തരവേളയിൽ പറയുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അത്തരം കാര്യങ്ങൾ രേഖയിൽ കിടക്കുന്നതുകൊണ്ട് ഈ എക്സ്പ്ലനേഷൻ കൂടി ഉണ്ടാകണമെന്നുള്ള നിലയ്ക്ക് ഞാൻ ഇതുംകൂടി ഇവിടെ വിശദീകരിക്കുകയാണ്. അതുപോലെ ബഹുമാനപ്പെട്ട കോടിയേരി സംസാരിച്ചപ്പോൾ ഹൈക്കോടതി വിധിയുടെ ഒരു കാര്യം പറയുകയുണ്ടായി. ഹൈക്കോടതി നമുക്കെതിരെ ഒരു വിധിയും അങ്ങനെ പുറപ്പെടുവിച്ചിട്ടില്ല. ഹൈക്കോടതിയിൽ ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷനും അതു പോലെ മറ്റുള്ള കാര്യങ്ങളും അടിസ്ഥാനപ്പെടുത്തിയുള്ള പരാതി കോൺട്രാക്ടേഴ്സ് അസ്സോസ്സിയേഷൻ കൊടുത്തിരുന്നു. പക്ഷേ ഹൈക്കോടതിക്ക് ഈ രീതിയിൽ ചില ഘട്ടങ്ങളിൽ ഇങ്ങനെ ചെയ്യേണ്ടിവരും. In exceptional cases the execution of a work departmentally cannot be ruled out എന്നു പറയുകയും, ആ കേസുമായി ബന്ധപ്പെട്ടിട്ടുള്ള കേസ്സുകളിൽ ഇപ്പോൾ ഇടപെടുന്നത്, it will be against public interest now to interfere with the same എന്നു പറയുകയും, ഇപ്പോൾ തുടരുന്ന സംവിധാനം തന്നെ തുടരാമെന്ന് അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അതിനു പുറമേ ലോക്കലായി രണ്ടു പത്രങ്ങളിൽക്കൂടി കൊടുക്കുന്നത് കുറച്ചുകൂടി സുതാര്യതയ്ക്ക് നല്ലതായിരിക്കും എന്നുള്ള ഒരു പരാമർശം പറയുകയും മാത്രമല്ലാതെ ഇതു സംബന്ധിച്ച് വളരെ മോശമായിട്ടുള്ള ഒരു പരാമർശവും കോടതിയിൽ നിന്ന് ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

XVIII നിയമ നിർമ്മാണ കാര്യം (തുടർച്ച)

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞുവന്ന കൂട്ടത്തിൽ ആ പ്രസംഗത്തിന്റെ ഭാഗമെന്നുള്ള നിലയിൽ അതിന്റെ ശൈലിയിൽ പറഞ്ഞതാണ് എന്ന് എനിക്ക് തോന്നുന്നു. ജപ്പാൻ കുടിവെള്ള പദ്ധതിയെക്കുറിച്ച് ചെറിയ പരാമർശം നടത്തി. നേരത്തേ സഭയിൽ പറഞ്ഞതായതുകൊണ്ട് ഞാൻ അത് ആവർത്തിക്കുവാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിൽ അത് ഏറ്റവും ഭംഗിയായി കൊണ്ടുപോകുന്നതിനു വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മാർച്ച് മാസത്തോടുകൂടി അത് ആരംഭിക്കുവാനെങ്കിലും കഴിയണമെന്നുള്ള ആഗ്രഹ ത്തോടുകൂടിയാണ് നീങ്ങുന്നത്. അതിൽ പാക്കേജ് നമ്പർ - 3നെക്കുറിച്ചാണ് ഒട്ടേറെ തർക്കങ്ങൾ വന്നത്. രണ്ട് കമ്പനികൾ തമ്മിലുള്ള ഒരു തർക്കം വന്നു. ലോകായുക്തയിൽ ഒരു കേസ് കൊടുത്തു. ആ കേസ് അവിടെനിന്നും തള്ളിപ്പോയി. ഹൈക്കോടതിയിൽ ഒരു കേസ് കൊടുത്തു. ഹൈക്കോടതിയിലും അത് തള്ളിപ്പോയി. എനിക്ക് ദീർഘകാലത്തെ രാഷ്ട്രീയ പാരമ്പര്യമില്ല. പക്ഷേ എന്റെ അനുഭവത്തിൽ ഇത് ആദ്യമായിട്ടാണ്, ആ കമ്പനിക്കാർ നേരിട്ടു വന്ന് എന്നോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മാപ്പ് പറഞ്ഞുകൊണ്ട് തടിതപ്പി പോയതാണ്. ഇതുപോലുള്ളതൊക്കെ മെഗാ പ്രോജക്ട് ആണ്. ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഇവിടെ സഭയിൽ ഇല്ല. മാഷുതന്നെ എന്നോട് വളരെ രഹസ്യമായി എങ്ങനെയെങ്കിലും ഇത് നടത്താനായി ശ്രമിക്കണമെന്നു പറഞ്ഞു. എങ്ങനെയെങ്കിലും നടത്താൻ വേണ്ടി നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനിടയ്ക്ക് ഇതുപോലുള്ള വാദ വിവാദങ്ങൾ നടത്തി കേരളത്തിന്റെ ഒരു മെഗാ പ്രോജക്ട് കേരളത്തിന് നഷ്ടപ്പെടുന്ന രൂപത്തിൽ ആക്കരുത്. അതുകൊണ്ട് ബഹുമാനപ്പെട്ട മൊയ്തീൻ പറഞ്ഞ കൂട്ടത്തിൽ ഒരു ശൈലിയിൽ പറഞ്ഞതാണെങ്കിൽ എനിക്ക് ഒരു വിരോധവുമില്ല. പക്ഷേ ഇതിന്റെ യാഥാർത്ഥ്യം ഇതാണ്.

വ്യവസായവകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ വ്യവസായ വകുപ്പിലെ മൂന്നു കാര്യങ്ങളെ സംബന്ധിച്ച് എഴുതിത്തന്നിരുന്നു. അത് അദ്ദേഹം സംസാരിക്കുകയും ചെയ്തു. അദ്ദേഹം ഇതിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ അടിസ്ഥാനരഹിതമാണ്; വസ്തുതകളുമായി യാതൊരു ബന്ധവും ഇല്ലാത്തതാണ്. അതുകൊണ്ടുതന്നെ ആ മൂന്നു കാര്യങ്ങളും ശക്തമായി നിഷേധിക്കുകയാണ്. അദ്ദേഹം പറഞ്ഞിട്ടുള്ള ഒരു സംഗതി സിഡ്കോയിലെ വ്യവസായികളുടെ അട്ടിമറിയെ സംബന്ധിച്ചാണ്. കേരളത്തിലെ 17 വ്യവസായ സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം 1975-ൽ താല്ക്കാലിക വില എന്നുള്ള നിലയിൽ 1,54,00,000 രൂപയ്ക്ക് പി.ഡബ്ലിയു.ഡി റി-അസ്സെസ്സ്മെന്റ് ചെയ്യുമെന്ന കണ്ടീഷന് വിധേയമായി സിഡ്കോയ്ക്ക് ഗവൺമെന്റ് കൊടുത്തിരുന്നു. അതിൽ പി.ഡബ്ലിയു.ഡി. റി-അസസ്മെന്റ് ചെയ്ത പ്രകാരമായിരിക്കുമെന്നുള്ള വ്യവസ്ഥയുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപ്രകാരം അത് റി-അസസ്സ് ചെയ്തു. റി-അസസ്സ് ചെയ്തിട്ട് 3,42,00,000 രൂപ എന്ന് നിജപ്പെടുത്തി അതിനനുസരിച്ച് ഗവൺമെന്റ് ഉത്തരവ് കൊടുത്തു. പ്രസ്തുത ഉത്തരവ് പ്രകാരം സിഡ്കോ മുമ്പോട്ട് പോയ സമയത്ത്, അവിടെ കൊല്ലങ്ങളായി വ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന വ്യവസായികൾക്ക് ഈ വ്യവസ്ഥകളിൽ പലതും ബുദ്ധിമുട്ടാകും; പിന്നെ നടത്തിക്കൊണ്ടുപോകുവാൻ പറ്റുകയില്ല എന്ന കാര്യത്തെ സംബന്ധിച്ച് നിരന്തരമായി നിവേദനം വന്നു. ആ നിവേദനം വന്നതിൽ അവിടത്തെ അസോസിയേഷന്റെ പ്രസിഡന്റ് ആയിരുന്ന ശ്രീ. കെ. ഇ ഇസ്മയിൽ (മുൻ റവന്യു വകുപ്പു മന്ത്രി) വളരെ താല്പര്യമെടുത്തു പറഞ്ഞത്, അത് ശരിയാകുകയില്ല. ഇത് പുന:പരിശോധിക്കണം. ഈ നിലയിൽ മുന്നോട്ടു പോകുവാൻ ഒക്കുകയില്ല എന്നാണ്. അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഒരു ഏകാംഗ കമ്മിഷനെ നിയമിച്ചു. ആ ഏകാംഗ കമ്മിഷൻ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം നിരന്തരമായി നിവേദനങ്ങൾ വന്നുകൊണ്ടിരുന്നു. ഏകാംഗ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് അത് മോണിട്ടർ ചെയ്യാൻ ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സിഡ്കോയുടെ ഡയറക്ടർ ബോർഡ് മെമ്പർമാർ, വ്യവസായ-വാണിജ്യ ഡയറക്ടർ, ചെറുകിട വ്യവസായ അസ്സോസ്സിയേഷൻ പ്രസിഡൻറ്, സിഡ്കോ മാനേജിംഗ് ഡയറക്ടർ എന്നിവർക്കു പുറമേ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് യൂണിറ്റ്, ഓണേഴ്സ് അസ്സോസിയേഷേൻ ഒക്കെയുണ്ടായിരുന്നു. ശ്രീ. ഇസ്മയിലും മറ്റും തന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നാല് മീറ്റിംഗ് അവർ വിളിച്ചു കൂട്ടി. എന്നിട്ട് ചർച്ച ചെയ്ത് അവർക്ക് പട്ടയം കൊടുക്കുവാനുള്ള ഒരു ക്രൈറ്റീരിയ ഉണ്ടാക്കി. ആ ക്രൈറ്റീരിയ 1975-ലെ വില + 121 % + 6% പലിശ - 75% അടച്ച വാടക എന്ന ഒരു ഫോർമുല വച്ചുകൊണ്ടുണ്ടാക്കിയതാണ്. ആ ഒരു ഫോർമുല വച്ചുകൊണ്ടാണ് ഈ കമ്മിറ്റിയുടെ തീരുമാനപ്രകാരം ഇവർക്ക് ഭൂമി കൊടുത്തിട്ടുള്ളത്. അതു വളരെ ട്രാൻസ്പേരൻസി യുള്ള നടപടിക്രമമാണ്. അതിൽ യാതൊരു അഴിമതിയുമില്ല. ഇനി ഇപ്പോൾ ഞാൻ പറയട്ടെ, നിങ്ങളുടെ സംശയം ദൂരീകരിക്കുവാൻ ഏറ്റവും കൂടുതൽ തെളിവു തന്നാൽ നിങ്ങളുടെ കൺഫ്യൂഷൻ തീരും. ഞാൻ ഈ പറയുന്നത് വിശ്വാസ മില്ലെങ്കിൽ അതിനെ സംബന്ധിച്ച് ശ്രീ. ബാലന്റെ നേതാവ്, നമ്മുടെ പ്രതിപക്ഷ നേതാവ്

ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇതിൽ ഒരു ആരോപണം ഉന്നയിച്ചിട്ടുണ്ട്. അതിന് ശ്രീ. കെ. ഇ. ഇസ്മായിൽ കൊടുത്ത ഒരു മറുപടി വായിച്ചാൽ നിങ്ങൾക്കു കൺഫ്യൂഷനാകെ മാറും. ശ്രീ. അച്ചുതാനന്ദന്റെ ആരോപണം കാര്യമറിയാതെ യാണ്. സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി വർഷങ്ങളോളമായി ഇവിടെ വ്യവസായം നടത്തുന്നവർക്ക് പതിച്ചുനല്കുവാനുള്ള നീക്കത്തിനു പിന്നിൽ അഴിമതിയുണ്ടെന്ന് പ്രതിപക്ഷ നേതാവു പറയുന്നത് കാര്യമറിയാതെയാണെന്ന് സി.പി.ഐ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറിയും ആൾ കേരള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് യൂണിയൻ (അസ്സോസ്സിയേഷൻ) പ്രസിഡൻറുമായ ശ്രീ. കെ. ഇ. ഇസ്മായിൽ പറഞ്ഞു. വ്യവസായ എസ്റ്റേറ്റുകളുടെ നടത്തിപ്പുചുമതല മാത്രമുള്ള സിഡ്കോയ്ക്കോ സംസ്ഥാന സർക്കാരിനോ അതിൽ ഒരു മുതൽ മുടക്കുമില്ല. 50

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വർഷം മുമ്പ് പണിത കെട്ടിടങ്ങളാണ് ഇവിടെയുള്ളത്. പഴയ വില ഈടാക്കിയ ശേഷം വീണ്ടും കാലാകാലങ്ങളിൽ വില പുതുക്കി നിശ്ചയിക്കുകയും ഇങ്ങനെ വ്യത്യാസമുള്ള തുക സിഡ്കോ വാങ്ങിക്കൊണ്ടിരിക്കുകയുമാണ്. ഇത് ലാന്റ് അലോട്ട്മെന്റ് റൂളിന് വിരുദ്ധമാണ്. പട്ടയമോ ഉടമസ്ഥാവകാശമോ നല്കാത്തതിനാൽ വ്യവസായ എസ്റ്റേറ്റുകൾ നടത്തുന്നവർക്ക് വായ്പ എടുക്കുവാൻ പോലും കഴിയുന്നില്ല. കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്താൻ സിഡ്കോ തയ്യാറായില്ല. ഈ കെട്ടിടങ്ങളും അനുബന്ധ സ്ഥാപനങ്ങളും വ്യവസായികൾക്ക് നല്കണമെന്ന് മുഖ്യമന്ത്രിയോടും വ്യവസായ വകുപ്പുമന്ത്രിയോടും പലവട്ടം ആവശ്യപ്പെട്ടിരുന്നു. വ്യവസ്ഥ പാലിച്ചുകൊണ്ടാണ് സ്ഥലം നല്കുവാൻ തീരുമാനിച്ചത്. ഇതിൽ കോഴയുടേയോ അഴിമതിയുടേയോ പ്രശ്നമേ ഉദിക്കുന്നില്ല. നിങ്ങൾക്ക് ബോധ്യപ്പെടുവാൻ വേണ്ടിയാണ് ഞാൻ പറയുന്നത്, പാലക്കാട്ടുകാരനായ ശ്രീ. ബാലനും ശ്രീ. ഇസ്മായിലും തമ്മിൽ ഇത്ര കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് ഉണ്ടെന്ന് ഞാൻ ആദ്യം മനസ്സിലാക്കിയില്ല. നിങ്ങൾ തമ്മിൽ കുറച്ച് അകൽച്ചയുണ്ടെന്ന് എനിക്ക് അറിയാം. പക്ഷേ അത് ഇത്രയും എക്സ്റ്റന്റ് ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞത് ഇപ്പോഴാണ്. രണ്ടാമത്തെ ഒരു കാര്യം ശ്രീ. ബാലൻ പറഞ്ഞത്, അതായത്, കെല്ലിന്റെ ഭൂമി സംബന്ധിച്ചാണ്. പാലക്കാട് ജില്ലയിൽ സെൻട്രൽ വില്ലേജിൽ വ്യവസായാവശ്യത്തിന് കെല്ലിന് ഭൂമി കൊടുത്തിരുന്നു. ഈ ഭൂമി 4.59 ഏക്കർ ആണ് ഉണ്ടായിരുന്നത്. ഇത് 19 വർഷമായി ഉപയോഗിക്കാതെ കിടക്കുന്നതിനാൽ ജില്ലാ വ്യവസായ കേന്ദ്രം ഇത് തിരിച്ചെടുത്തു. തിരിച്ചെടുത്തതിൽ നിന്ന് 2.60 ഏക്കർ സ്ഥലം M/S. SMM Steel Re-rolling Mill Pvt. Ltd., എന്ന സ്ഥാപനത്തിന് ശ്രീ. ബാലൻ ഇവിടെ പറഞ്ഞതുപോലെ, അവരുടെ ചോദ്യത്തിന് മറുപടി കൊടുത്തതു പോലെ, 440 രൂപ നിരക്കിൽ അനുവദിച്ചു. ശ്രീ. ബാലൻ ഇവിടെ പറഞ്ഞു, അവിടെ വ്യവസായാവശ്യത്തിന് കൊടുത്തത് 440 രൂപയല്ലേ? അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം, ഇവിടെ 440 രൂപയല്ല കിട്ടുക, അതിനു ചുറ്റുഭാഗത്ത് 15,000 രൂപ മാർക്കറ്റ് വില ഉണ്ടെന്നാണ്. ശ്രീ. ബാലന് അറിയാം. ഏത് ഗവൺമെൻറിനും അറിയാം. ഇൻഡസ്ട്രിക്ക് നമ്മൾ ഭൂമി കൊടുക്കുന്ന സമയത്ത് മാർക്കറ്റ് റേറ്റിനല്ല കൊടുക്കുക. സബ്സിഡി റേറ്റിൽ. ഏതു ഗവൺമെന്റിന്റെ കാലത്തും അങ്ങനെ തന്നെയാണ്. അതുപ്രകാരം തന്നെയാണ് ഇവിടേയും കൊടുത്തിട്ടുള്ളത്. വ്യാവസായിക ആവശ്യത്തിനുവേണ്ടി ഇങ്ങനെ നമ്മൾ കൊടുക്കുന്ന ഭൂമി ഒരിക്കലും മാർക്കറ്റ് റേറ്റിലല്ല കൊടുക്കുന്നത്. ഒരു കാലഘട്ടത്തിലും അങ്ങനെ കൊടുത്തിട്ടില്ല. അതുപ്രകാരമാണ് ആ കാര്യം കൊടുത്തിട്ടുള്ളത്. മാത്രമല്ല, എന്തിനാണ് ഈ ആരോപണം എന്ന് എനിക്ക് മനസ്സിലാകുന്നില്ല. കാരണം ഇവർതന്നെ എടുത്തില്ല. ഈ പറയുന്ന കമ്പനിക്കാർ തന്നെ എടുക്കാത്തതുകൊണ്ട് അത് തിരിച്ച് രണ്ടാമത് സർക്കാരിന്റെ കയ്യിൽത്തന്നെ വന്നിരിക്കുകയാണ്. പിന്നെ എന്തിനാണ് ആരോപണമെന്നു മനസ്സിലാകുന്നില്ല. മറ്റൊരു കാര്യം അവർ പറഞ്ഞിട്ടുള്ളത്, ചുണ്ണാമ്പുകല്ല് വാങ്ങി എന്നാണ്. അവർ എഴുതിത്തന്ന ആ കമ്പനിയിൽ നിന്ന് അതായത് ARK Wood and Metal Pvt. Ltd., എന്ന കമ്പനിയിൽ നിന്ന് ചുണ്ണാമ്പു കല്ല് വാങ്ങി ച്ചതിൽ അഴിമതി ഉണ്ടെന്നാണ് പറഞ്ഞത്.

അദ്ദേഹത്തിന് ഒരു പക്ഷേ തെറ്റു പറ്റിയതായിരിക്കും. ചുണ്ണാമ്പുകല്ല് ഈ കമ്പനിയിൽനിന്നും വാങ്ങിയിട്ടേയില്ല. അവിടെനിന്നും വാങ്ങിയത് ഫ്ളൈ ആഷ് എന്നു പറയുന്ന സാധനമാണ്. ചാരമെന്നു പറയുന്ന സംഗതിയാണ്. ശ്രീ. ബാലൻ ശുദ്ധഗതിക്കാരനാണ്. ചിലപ്പോൾ വിചാരിച്ചിട്ടുണ്ടാകും, ഈ ആരോപണത്തിന് വെയിറ്റ് വരാൻ വേണ്ടി ചാരത്തിനു പകരം ചുണ്ണാമ്പു കല്ല് ആക്കിയതാണ് എന്നാണ് എനിക്ക് തോന്നുന്നത്. ഈ ചുണ്ണാമ്പു കല്ലിന്റെ കാര്യത്തിൽത്തന്നെ ഒരു ക്രമക്കേടും വന്നിട്ടില്ല. കമ്പനിക്ക് ഫ്ളൈ ആഷ് ആവശ്യമാണ്. ഫ്ളൈ ആഷ് കിട്ടണമെങ്കിൽ തമിഴ്നാട്ടിൽനിന്നും കിട്ടണം. എവിടെ നിന്നെങ്കിലും വാങ്ങാം എന്നുള്ളതുകൊണ്ട് 2003 ആഗസ്റ്റിൽ ഫ്ളൈ ആഷ് സപ്ലൈ ചെയ്യാനായി ആൾ ഇന്ത്യാ ടെന്റർ പിടിച്ചു. റെസ്പോൺസ് ഉണ്ടായില്ല, കിട്ടിയില്ല. അതുകൊണ്ട് തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള തൂത്തുക്കുടി തെർമൽ പവർ പ്ലാന്റിൽനിന്നും ഡയറക്ടായി വാങ്ങാൻ ശ്രമിച്ചു. അവർ തമിഴ്നാട്ടിൽ കൊടുക്കുമെന്ന് പറഞ്ഞു. ആ വാതിലും അടഞ്ഞു. പിന്നെ എന്നു പറഞ്ഞാൽ ഫ്ളൈ ആഷിന്റെ മോണോപ്പൊളി വില്ക്കുന്ന കമ്പനിയുണ്ട്. ആ മോണോപ്പൊളി കൊടുത്തിട്ടുള്ള കമ്പനിയാണ് ARK Wood and Metal Pvt. Ltd. അവർക്കാണ് മോണൊപ്പൊളി. പിന്നെ എന്താണെന്നു വച്ചാൽ അവരോട് വാങ്ങുകയേ നിവൃത്തിയുള്ളൂ. ഈ രണ്ട് ഓപ്ഷൻ കഴിഞ്ഞ സമയത്ത് അവരോട് വാങ്ങിച്ചു. അവർ റേറ്റ് ഫിക്സ് ചെയ്യുന്നത് എങ്ങനെയാണ്? അവർ സ്വന്തമായിട്ടല്ല, തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിക്കുന്ന റേറ്റിൽ മാത്രമേ അവർ സപ്ലൈ ചെയ്യുകയുള്ളൂ. അതിൽ എന്ത് അഴിമതിയാണുള്ളത്? ഞാൻ പറയുന്നത്, അദ്ദേഹം ഇങ്ങനെ പറയുന്നത് എന്തിനാണെന്ന് എനിക്ക് അറിയില്ല. നമ്മൾ ഇതുപോലുള്ള സഭയിൽ ആവശ്യമില്ലാത്ത ഓരോ കാര്യങ്ങൾ പറഞ്ഞ് തെറ്റായ വിധത്തിലുള്ള ആരോപണം ഉന്നയിക്കരുത്. ഭാവിയിൽ എം.എൽ.എ. ആകാൻ അദ്ദേഹത്തിന് യോഗമുണ്ടെങ്കിലും ഇതുപോലുള്ള കാര്യങ്ങൾ ഇനി മേലിൽ ചെയ്യരുതെന്ന് വിനീതമായി ഞാൻ അപേക്ഷിക്കുകയാണ് .... (ബഹളം) ....

മി. സ്പീക്കർ: അങ്ങനെ ഡിസ്ക്കഷൻ പറ്റുകയില്ല. മറുപടി പറഞ്ഞില്ലേ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: പ്രിലിമിനറി റിപ്പോർട്ടായിരുന്നു അത്. പ്രിലിമിനറി റിപ്പോർട്ടിന് മറുപടി പറഞ്ഞു. അത് ക്ലോസ് ചെയ്താൽ മതി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, മണി പതിനൊന്ന് ആയതുകൊണ്ട് കുറച്ച് ഔചിത്യം കാണിക്കണമെന്ന് ഞാൻ വിചാരിക്കുകയാണ്. അതുകൊണ്ട് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. മാത്രവുമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നിട്ടുണ്ട്. അദ്ദേഹത്തിന് ഈ സഭയോട് സംസാരിക്കണമെന്നുള്ളതുകൊണ്ട് ഞാൻ ചുരുക്കം വാക്കുകളിൽ മാത്രം മറുപടി പറയുകയാണ്. ശ്രീ. പിരപ്പൻകോട് മുരളിയാണ് ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. അദ്ദേഹം സ്നേഹപൂർവ്വമുള്ള ഒരു കടന്നാക്രമണമാണ് നടത്തിയത്. ഞാൻ തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നില്ല എന്നുപറയുന്നത് തോൽക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

